2024 JULY 20

emalayalee.com

# The Weekly

WEEKLY NEWSPAPER



# ഫൊക്കാന കൺവൻഷൻ വർണാഭം

## സജിമോൻ ആന്റണി പ്രസിഡന്റ്



emalayalee.com The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## Editorial

# ജോയി രക്തസാക്ഷി; മാലിന്യസംസ്കരണത്തിലെ അലംഭാവത്തിന്റെ ഇര



ഓട വൃത്തിയാക്കാൻ ഇറങ്ങിയ തൊഴിലാളിയെ കാണാതായി എന്നായിരുന്നു ആ വാർത്ത. പിന്നീട് മണിക്കൂറുകൾ പിന്നിടുമ്പോൾ വെറും ഓടയിൽ അല്ല ആ തൊഴിലാളി അപ്രത്യക്ഷനായതെന്നും, തിരുവനന്തപുരം നഗരത്തിലെ മെഗാ ഓടയായ ആമയിഴഞ്ചാൻ തോട്ടിലാണയാൾ അപ്രത്യക്ഷനായതെന്നും, കോർപ്പറേഷന്റെ ശുചീകരണ തൊഴിലാളിയായ ജോയി എന്ന യുവാവാണ് മാലിന്യപ്പുഴയിൽ അകപ്പെട്ടിരിക്കുന്നതെന്നും നമ്മൾ കണ്ടു. തുടർന്നുള്ള മണിക്കൂറുകളിൽ അടുത്തുകൂടി നടന്നു പോയാൽ നാറ്റം കൊണ്ടു മൂക്കുപൊത്തേണ്ട ആ അഴുക്കു വെള്ളത്തിലേക്ക് ജോയിയെ തിരഞ്ഞ് ദൈവസമാനരായ ചില മനുഷ്യർ ഇറങ്ങി. അവരുടെ ആ പരിശ്രമം ഫലം കണ്ടില്ല. നമ്മൾ സ്തബ്ദരായി ആ കാഴ്ച കണ്ടുനിന്നു. ഒടുവിൽ, പ്രകൃതി തന്നെ ജോയിയുടെ മൃതദേഹം പുറത്ത് എത്തിച്ചു നൽകി.

എന്തെല്ലാം വാഗ്വാദങ്ങളാണ് നടന്നത്! നഗരസഭയാണ്, റെയിൽവേയാണ്, നീയാണ്, ഞാനല്ല ഇമ്മട്ടിൽ ആരോപണങ്ങൾ കത്തിക്കയറിയപ്പോൾ പണ്ട് കുട്ടി ആമകൾ ഇഴഞ്ഞു നടന്നിരുന്ന, അതു കൊണ്ട് ആമയിഴഞ്ചാൻ എന്നു പേരു വന്ന, പിൽക്കാലത്ത് ആമകൾ ചത്തുപൊന്തിയ, ശേഷം ജീവനുള്ളവ മുഴുവനായും നശിച്ച ആ മാലിന്യവാഹിനി പൊട്ടിച്ചിരിച്ചിരിക്കണം.

ആദ്യം നിങ്ങളാ പുഴയെ കൊന്നു. ഇന്ന് നിങ്ങൾ സ്വന്തം സഹജീവനെക്കൊല്ലുന്നു.

ഇന്ന് ജോയി, നാളെ...?

പാർവതീ പുത്തനാറ് ഒരു കാലത്ത് തിരുവനന്തപുരത്ത് ആളുകൾ ചെറുവള്ളങ്ങളിൽ യാത്ര ചെയ്തിരുന്ന ചെറു നദി, ഇന്നതും ഒരു മാലിന്യതോടാണ്. നഗരം വളർന്നപ്പോൾ, അല്പ ലാഭത്തിനായി കൈക്കൂലിയും ശുപാർശയും മുൻനിർത്തി ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും, ഉന്നതരും ഒക്കെ കൈകോർത്തപ്പോൾ ആരും അറിഞ്ഞിരുന്നില്ല ഇതിനൊക്കെ കണക്കു പറയേണ്ട കാലം വരുമെന്ന്.

എന്തു തരം മാലിന്യങ്ങളാണ് നഗരത്തിലെ ഓടകളിൽ നിക്ഷേപിക്കപ്പെടുന്നത് എന്നറിയുമോ? അതിൽ അറവു മാലിന്യങ്ങൾ ചാക്കിൽ കെട്ടി ഉപേക്ഷിച്ചവയുണ്ട്, അപ്ഹോൾസ്റ്ററി കടകളിൽ നിന്നും പുറന്തള്ളുന്ന വേസ്റ്റ് സ്പോഞ്ച്, പാക്കിങ്ങ് സ്ഥാപനങ്ങൾ പുറന്തള്ളുന്ന തെർമോക്കോൾ, ആശുപത്രി മാലിന്യം, ഹോട്ടലുകളിലെ ഭക്ഷണാവശിഷ്ടങ്ങൾ, നമ്മൾ വാങ്ങിത്തിന്ന ശേഷം പറത്തിവിടുന്ന മിട്ടായിത്തോൽ, കുടിവെള്ള കുപ്പികൾ, കുപ്പിച്ചില്ലുകൾ, തുണികൾ, സാനിട്ടറി നാപ്കിനുകൾ, ഉപയോഗിച്ച് മലം നിറഞ്ഞ സ്നഗ്ഗികൾ, അങ്ങനെ തുടങ്ങി വഴിയരികിൽ വാഹനമിടിച്ചു ചത്തുപോകുന്ന മൃഗങ്ങൾ, പക്ഷികൾ അങ്ങനെ ഇതൊന്നും ഓടകളിൽ ആണ് ഒടുവിൽ എത്തിച്ചേരുന്നത്. തെളിനീരു കണ്ടാൽ അതിലേക്ക് നീട്ടിത്തുപ്പാൻ കഴിയുന്ന ജനത ഇതല്ല ഇതിലപ്പുറവും ചെയ്യും.



ഇനി മറുപക്ഷവും ഉണ്ട്. ഇന്നാട്ടിൽ ഒരു ഭരണവും ഭരിക്കുന്നവരും ഉണ്ടല്ലോ, ഇവയിലെ മാലിന്യ സംസ്കരണത്തിന് കൃത്യമായ എന്ത് നടപടികളാണുള്ളത്?

നടപടി എന്നു പറഞ്ഞാൽ കടകളിൽ പ്ലാസ്റ്റിക് കാരിബാഗ് നിരോധനമാണ് മുഖ്യം. പിന്നെ ഹരിതകർമസേനയെന്ന ഇടപാടും. ഹരിത കർമസേന വീടുകളിൽ നിന്നും ശേഖരിച്ച് വഴിയരികിൽ ചാക്കുകളിൽ കെട്ടിവെച്ചിരിക്കുന്ന പ്ലാസ്റ്റിക് വേസ്റ്റുകൾ ആര് എപ്പോൾ നീക്കും എന്ന് ആർക്കും അറിയില്ല. പ്ലാസ്റ്റിക്കുകൾ പലതരത്തിലുള്ളവയാണ്. വ്യാപാര സ്ഥാപനങ്ങൾ പുറന്തള്ളുന്ന വേസ്റ്റുകൾ കൃത്യമായി തരംതിരിക്കുന്നില്ല, അതിനു സംവിധാനമുണ്ടെന്നു വാദിച്ചാൽ അത് കാര്യക്ഷമമല്ലാത്തതുകൊണ്ടാണല്ലോ ജനമത് വഴിയിൽ തള്ളുന്നത്.

നഗരസഭയിൽ ഓരോ വാർഡിനും കൗൺസിലർമാരുണ്ട്. അതത് കൗൺസിലർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, ഹരിത കർമസേന ഒപ്പം ഓരോ പാർട്ടിയുടേയും പ്രവർത്തകർ ഇത്രയും വിപുലമായ പിന്നണി പ്രവർത്തകർക്ക് ഒരു വാർഡിലെ ഓരോ വീടും സന്ദർശിച്ച് താമസിക്കുന്നവരെ കാര്യത്തിന്റെ ഗൗരവം പറഞ്ഞു ബോധിപ്പിക്കാൻ സാധിക്കാത്തതല്ല. എല്ലാമാസവും ഒരു പ്രത്യേക ദിവസം ഒരു പ്രത്യേക വിഭാഗം വേസ്റ്റ് എടുക്കും എന്ന് അറിയിപ്പുകൊടുക്കാനായാൽ ഉറപ്പായും ജനങ്ങൾ സഹകരിക്കും. യൂസർ ഫീയും നൽകും.

എന്നാൽ ഈ മാലിന്യം അവിടവിടെ കെട്ടിയിട്ട് മാറി നിൽക്കുകയാണ് നഗരസഭ ചെയ്യുന്നതെങ്കിൽ ജനങ്ങളും മുഖം തിരിക്കും, എളുപ്പവഴി തേടും. ഇപ്പോൾ മാലിന്യം തരം തിരിക്കാതെ തന്നെ സിമന്റ് ഫാക്ടറികളിൽ ഉപയോഗിക്കാൻ സാധിക്കുന്ന ഓയിൽ ആക്കി മാറ്റുന്ന സംവിധാനം തിരുവനന്തപുരം നഗരസഭ വരുത്തിക്കഴിഞ്ഞു. ഇവിടെ സംവിധാനങ്ങൾ, പദ്ധതികൾ ഒന്നും ഇല്ലാത്തതല്ല പ്രശ്നം, മറിച്ച് അത് ആദ്യ രണ്ടാഴ്ചത്തെ പരസ്യപ്രചാരങ്ങൾക്കു ശേഷം യന്ത്രസാമഗ്രികൾ കേടായിപ്പോകുന്നതും ശരിയായി പ്രവർത്തിപ്പിക്കുന്നവർ ഇല്ലാത്തതും അറ്റകുറ്റപ്പണികൾ നടത്താത്തതും ഒക്കെയാണ്.

ഇനി ജോയിയിലേക്കു മടങ്ങി വന്നാൽ, ആ മരണത്തിൽ റെയിൽവേയും കൂട്ടുപ്രതിയാണ്. കനത്ത മഴ പെയ്യുമ്പോൾത്തന്നെ ഓട വൃത്തിയാക്കാൻ ഇറങ്ങുന്നതു മുതൽ അനാസ്ഥ മാത്രമാണ് അവിടെയും. റെയിൽവേയുടെ സ്ഥലം, അതിലെ ഓട വൃത്തിയാക്കാൻ റെയിൽവേക്കു കേന്ദ്ര മന്ത്രിയുടെ അനുമതി വേണ്ടതുണ്ടോ? ഉപേക്ഷ അല്ലെങ്കിൽ അനാസ്ഥ വേറൊന്നും ഇക്കാര്യത്തിൽ പറയാനില്ല.

ഒന്നുണ്ട്, റെയിൽവേയുടെ ഉദ്യോഗസ്ഥരായാലും, നഗരസഭാ അധികാരികളായാലും ജനങ്ങൾക്കു വേണ്ടിയും നാടിനു വേണ്ടിയുമാണ് നിലകൊള്ളേണ്ടത്. കാട്ടിലെ തടിയും തേവരുടെ ആനയുമാകുമ്പോൾ ആർക്കെന്തു ചേതമെന്നു ചിന്തിക്കുന്നതിന്റെ അനന്തരഫലമാണ് ഒരു ജീവൻ ആ മാലിന്യക്കൂമ്പാരത്തിൽ ബലിനൽകാനിടയാക്കിയത്.

ഈ പാപക്കറ ആരിൽ നിന്നും ഒഴിഞ്ഞു പോകില്ല. ഒന്നുകൂടി പറയാം. ഇന്ന് തിരുവനന്തപുരം. ഓർക്കുക, കൊച്ചിയും, കോഴിക്കോടും ഒന്നും മാലിന്യവിമുക്ത നഗരങ്ങളല്ല. ബ്രഹ്മപുരത്തെ നിന്നു കത്തിയ തീ, വീണ്ടും ജ്വലിക്കില്ല എന്നില്ല. ഒന്നിൽ നിന്നും പാഠം പഠിക്കുന്നില്ല നമ്മൾ.

തിരുവനന്തപുരം ഒരു മുന്നറിയിപ്പാണ്, അത്ര തന്നെ.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# ഫൊക്കാന ഒറ്റക്കെട്ടായി മുന്നേറുമെന്ന് സജിമോൻ ആന്റണി;

# എല്ലാ സീറ്റും ഡ്രീം ടീമിന്




**വിൻസന്റ് ഇമ്മാനുവൽ, ജോസ് കാടാപ്പുറം**

മെരിലാൻഡ്: ഫൊക്കാനയിൽ എല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടു പോകുമെന്നു നിയുക്ത പ്രസിഡണ്ട് സജിമോൻ ആന്റണി പറഞ്ഞു. മത്സരിച്ച എല്ലാവർക്കും ആശംസകൾ.

ഒന്നരവർഷമായുള്ള പ്രവർത്തനത്തിന്റെ ഫലമാണ് ഈ വിജയം. വിജയത്തെപ്പറ്റി ഒരിക്കലും സംശയമുണ്ടായിരുന്നില്ല. ഫൊക്കാനയുടെ ചരിത്രത്തിൽ ഇത്രയധികം ഡെലിഗേറ്റുകൾ വോട്ട് ചെയ്ത മറ്റൊരു ഇലക്ഷനില്ല-സജിമോൻ ചൂണ്ടിക്കാട്ടി.

അതെ സമയം, ജനറൽ ബോഡിയിൽ പ്രസിഡന്റ് ബാബു സ്റ്റീഫൻ ശക്തമായ നിലപാടുകൾ സ്വീകരിച്ചത് കൊണ്ടാണ് ഒരു പ്രശ്നവും ഇല്ലാതെ ഇലക്ഷൻ നടന്നതെന്നു നിരീക്ഷകർ കരുതുന്നു. ജനറൽ ബോഡിയിൽ ഒച്ചപ്പാടും ബഹളവും ഉണ്ടാക്കി ഇലക്ഷൻ നീട്ടി വയ്പ്പിക്കുമെന്ന് സംശയിച്ചിരുന്നെങ്കിലും ബാബു സ്റ്റീഫന്റെ ശക്തമായ നിലപാട് മൂലം അതിനൊന്നും സാധ്യത ഉണ്ടായില്ല.

ലീല മാരേട്ടിന്റെ വോട്ട് കൂടി കല ഷഹിക്കു ലഭിച്ചിരുന്നുവെങ്കിലും ജയിക്കാനുള്ള സാധ്യത ഇല്ലായിരുന്നു എന്നാണ് വോട്ട് നില വ്യക്തമാക്കുന്നത്.

സജിമോൻ ടീമിന്റെ വിജയം അപ്രതീക്ഷിതമല്ലായിരുന്നുവെങ്കിലും ടീമിലെ എല്ലാവരും വിജയിക്കുക എന്നത് ആരും പ്രതീക്ഷിച്ചിരുന്നില്ല.

ഫൊക്കാന ഇലക്ഷനിൽ 686 ഡെലിഗേറ്റുകളിൽ 580 പേർ വോട്ട് ചെയ്തു.

സജിമോൻ ആന്റണി: 285

കല ഷാഹി 162

ലീല മാരേട്ട് 104

<u>സെക്രട്ടറി</u>
ശ്രീകുമാർ ഉണ്ണിത്താൻ 340
ജോർജ് പണിക്കർ 204
<u>ട്രഷറർ</u>
ജോയി ചാക്കപ്പൻ 339
രാജൻ സാമുവൽ 196
<u>എക്സി. വൈസ് പ്രസിഡന്റ്</u>
പ്രവീൺ തോമസ് 303
ഷാജു സാം 236
<u>വൈസ് പ്രസിഡന്റ്</u>
വിപിൻ രാജ് 369
റോയ് ജോർജ് 174
<u>അസോ. സെക്രട്ടറി</u>
മനോജ് ഇടമന 315
ബിജു ജോസ് 222
<u>അഡീ. അസോ. സെക്രട്ടറി</u>
അപ്പുക്കുട്ടൻ പിള്ള 331
അജു ഉമ്മൻ 212
<u>അസോ. ട്രഷറർ</u>
ജോൺ കല്ലോലിക്കൽ 317
സന്തോഷ് ഐപ്പ് 222
<u>അഡീ. അസോ. ട്രഷറർ</u>
മിലി ഫിലിപ്പ് 306
ദേവസി പാലാട്ടി 236
<u>വിമൻസ് ഫോറം ചെയർ</u>
രേവതി പിള്ള 330
നിഷ എറിക് 210

<u>ബോർഡ് ഓഫ് ട്രസ്റ്റി (2 സ്ഥാനം)</u>
ബിജു ജോൺ കൊട്ടാരക്കര 304
സതീശൻ നായർ 270
ജേക്കബ് ഈപ്പൻ 221
അലക്സ് എബ്രഹാം 217
<u>നാഷണൽ കമ്മി (15 പേർ )</u>
രാജീവ് വി കുമാരൻ-401
ഗ്രേസ് മാറിയ ജോസഫ് 334
ഷിബു സാമുവൽ 316
സോണി അമ്പൂക്കൻ 314
മത്തായി ചാക്കോ 313
മനോജ് മാത്യു 312
ഷൈനി രാജു 307
മേരി ഫിലിപ്പ് 304
ജീമോൻ വർഗീസ് 303
സിജു സെബാസ്റ്റിയൻ 299
മേരിക്കുട്ടി മൈക്കൽ 284
അജിത്ത് ചാണ്ടി 284
അരുൺ ചാക്കോ പെരുമ്പ്രൽ 279
സുദീപ് നായർ 261
ടിജോ ജോഷ് 259
നീന ഈപ്പൻ 255
ഗീത ജോർജ് 244
ജോയി കൂടാലി 242
ഷൈമി ജേക്കബ് 23
റോണി വർഗീസ് 233
ഫിലിപ് (സണ്ണി) പണിക്കർ 218

അഖിൽ വിജയ് വിജയൻ 217
തോമസ് നൈനാൻ 207
രാജേഷ് മാധവൻ നായർ 198
റെജി വി കുര്യൻ 196
റോബർട്ട് അറീച്ചിറ 181
<u>കമ്മിറ്റി മകം (കാനഡ-2 സ്ഥാനം)</u>
സോമോൻ സക്കറിയ 325
ലത ജയമോഹൻ മേനോൻ 288
ജോസഫ് മാത്യു 217
അനീഷ് കുമാർ 190
<u>യൂത്ത് മെമ്പർ (യു.എസ് - 5 സ്ഥാനം)</u>
സ്നേഹ തോമസ് 382
കെവിൻ ജോസഫ് 355
അലൻ എ.അജിത് 355
ജെയിൻ തെരേസ ബാബു 342
വരുൺ എസ് നായർ 335
ആകാശ് അജീഷ് 279
<u>ആർ.വി.പി</u>
ലാജി തോമസ് 31
റെജി വർഗീസ് 27
കോശി കുരുവിള 18
ബിജു നെടുമലയിൽ സ്കറിയ 6
ഷാജി സാമുവൽ 30
അഭിലാഷ് ജോൺ 29
ജോസി കാരക്കാട്ട് 33
പ്രെസൻ പെരേപ്പാടൻ ഇട്ടിയേര 32



















emalayalee.com



India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
PLATINUM
MAIN SPONSOR
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar
(Samuel Easo)
National President
Shijo Poulose
National Secretary
Vishakh Cherian
National Treasurer
Sunil Thymattam
Advisory Board
Chairman
Anil Kumar Aranmula
National
Vice President
Asha Mathew
Joint Secretary
Roy Mulakunnam
Joint Treasurer
Sunil Tristar
1-917-662-1122
Shijo Poulose
1-201-238-9654
Vishakh Cherian
1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com



# താൻ ഇനി മറ്റൊരു സംഘടനയിൽ; നമുക്ക് രാഷ്ട്രീയ സ്വാധീനം അനിവാര്യം: ഡോ. ബാബു സ്റ്റീഫൻ

emalayalee.com

മെരിലാൻഡ്: ഇന്ന് ആറു മണിയോടു കൂടി ഡോ.എം.വി.പിള്ള പറഞ്ഞു ഞാനൊരു സുഹൃത്തിനെ കാണാൻ ഹോസ്പിറ്റലിൽ പോകുകയാണെന്ന്. ആ സുഹൃത്തിന്റെ പേരും പറഞ്ഞു. അദ്ദേഹം ആ സുഹൃത്തിനെ പോയി കണ്ടപ്പോൾ എന്നോട് സംസാരിക്കണം. അദ്ദേഹം കരഞ്ഞുകൊണ്ട് പറയുകയാണ്, എനിക്കിനി അധികം ദിവസങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല, നിങ്ങളെല്ലാം എന്റെ സുഹൃത്തുക്കളാണെന്ന്. ഫൊക്കാന കൺവൻഷൻ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

അപ്പോൾ പണ്ട് തോമസ് ഗ്രേ പറഞ്ഞത് ഞാനോർത്തു- എല്ലാ വഴികളും നയിക്കപ്പെടുന്നത് വിജയത്തിലേയ്ക്കാണോ അതോ ശവക്കുഴിയിലേയ്ക്കോ? നിങ്ങൾ എത്ര തന്നെ വലിയവനുമായിക്കൊള്ളട്ടെ, അമേരിക്കയുടെ പ്രസിഡന്റോ, ഇന്ത്യയുടെ പ്രധാനമന്ത്രിയോ ആയിക്കൊള്ളട്ടെ, നമുക്ക് ഈ ഭൂമിയിൽ വേണ്ടത് വെറും ആറടി മണ്ണ് മാത്രമാണ്. ഞാനെന്റെ ഉള്ളുരുകി കരഞ്ഞു. എനിക്ക് മറ്റൊന്നും ചെയ്യാനില്ല.

ഇന്ന് നമ്മളിവിടെ ഒരുമിച്ച് കൂടി ആഘോഷിക്കുകയാണ്. തൊട്ടടുത്ത നിമിഷം നമുക്കെന്ത് സംഭവിക്കുമെന്ന് ആർക്കും പറയാൻ സാധിക്കില്ല. അതിനാലാണ് നമ്മൾ ഒരു വഴിയിൽ കൂടി ഒരു തവണ മാത്രമേ നടക്കുന്നുള്ളൂ എന്ന് പറയുന്നത്. അതിനിടെ എന്തെങ്കിലും നന്മ ചെയ്യാൻ സാധിച്ചാൽ, എന്തെങ്കിലും കരുണ കാട്ടുവാൻ സാധിച്ചാൽ അത് ചെയ്യാതെ പോകരുത്. കാരണം, ഈ വഴിയിലൂടെ നമ്മൾ ഒറ്റത്തവണ മാത്രമേ പോകുന്നുള്ളൂ. മനുഷ്യരായ നമ്മളെല്ലാം ഒരു തവണ മാത്രമേ ജീവിക്കുന്നുള്ളൂ. അതിനാൽ നമ്മൾ ജീവിക്കുന്ന സമയത്ത് മനുഷ്യത്വമുള്ളവരായിരിക്കാൻ




India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

ശ്രമിക്കുക.

1962–ലെ ഒരു പ്രസംഗത്തിൽ മാർട്ടിൻ ലൂഥർ കിങ് പറഞ്ഞു– എനിക്കൊരു സ്വപ്നമുണ്ട്. പാവപ്പെട്ടവരെ ഉയർത്തിക്കൊണ്ടുവരിക എന്നതാണത്. രോഗികളെയും, കഷ്ടപ്പെടുന്നവരുടെയും ഉന്നമനം എന്നതാണത്. എന്റെ സ്വന്തം ജനതയായ ആഫ്രിക്കൻ അമേരിക്കൻസിന്റെ മുന്നേറ്റമാണത്. 1983–ൽ അമേരിക്കയിലെ മലയാളികളെ ഒന്നിപ്പിക്കാനായി ഒരു ചെറുപ്പക്കാരൻ മുന്നോട്ടുവന്നു. ഡോ. അനിരുദ്ധൻ.. അദ്ദേഹം ഇന്ന് ഇവിടെയില്ല. ഫൊക്കാനയുടെ പിതാവും, സ്ഥാപകനുമായിരുന്നു അദ്ദേഹം. നമ്മുടെ വേരുകൾ നാം ഒരിക്കലും മറക്കാൻ പാടില്ല. ആ മനുഷ്യൻ ചോരനീരാക്കിയാണ് ഫൊക്കാന എന്ന പ്രതീക്ഷയ്ക്ക് പിന്നാലെ സഞ്ചരിച്ചത്. ഈ സംഘടനയുടെ രൂപീകരണത്തിന്റെ ക്രെഡിറ്റ് അദ്ദേഹത്തിന് നൽകാം. നമ്മൾ കോടിക്കണക്കിന് പണം അമ്പലങ്ങളും പള്ളികളും നിർമ്മിക്കാൻ ചെലവഴിക്കുന്നു. എന്നാൽ അവയെല്ലാം ഒരു നൂറ് വർഷത്തിന് ശേഷവും അതേപടി നിലനിൽക്കുമോ എന്ന് ചിന്തിച്ചുനോക്കൂ. നമ്മുടെ കുട്ടികൾ ഈ ആരാധനാലയങ്ങളിൽ പോകുമോ?

വർഷങ്ങൾക്ക് മുമ്പ് ഇന്ത്യ അറിയപ്പെട്ടിരുന്നത് അഹിംസയുടെയും, ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പേരിലായിരുന്നു. എന്നാൽ ഇന്നത്തെ ഇന്ത്യ അറിയപ്പെടുന്നത് എന്തിന്റെ പേരിലാണ്? അഴിമതി, സമരം, പ്രതിഷേധപ്രകടനം എന്നിങ്ങനെ പോകുന്നു അത്. ഇന്ത്യ ഏറെ മാറിയിരിക്കുന്നു. നമ്മൾ മലയാളികൾ മാറിയിട്ടുണ്ടോ? ഈ ലോകം മാറുന്നതനുസരിച്ച് മലയാളികൾ മാറുമോ? അതെപ്പറ്റി ഒന്ന് ആലോചിച്ചു നോക്കൂ. മലാളികൾ എന്നും ഇതുപോലെ തന്നെയായിരിക്കും.

അമേരിക്കയിൽ 10 ലക്ഷത്തോളം മലയാളികളുണ്ട്. ജീവിതം വിജയത്തിലെത്തുന്നത് നാം അമേരിക്കയുടെ രാഷ്ട്രീയ രംഗത്ത് ഇടപെടൽ നടത്തുമ്പോഴാണ്. ആശുപത്രികളിലോ, മറ്റേതെങ്കിലും മേഖലയിലോ മാത്രം ജോലി ചെയ്യുന്നത് നിങ്ങളെ എവിടെയും എത്തിക്കില്ല. അങ്ങനെ ചെയ്താൽ നമ്മൾ ഇവിടുത്തെ മൂന്നാം കിട പൗരന്മാർ മാത്രമായി തുടരും. അമേരിക്കയിലെ ഒരു സാധാരണക്കാരൻ വർഷം 90,000 ഡോളർ സമ്പാദിക്കുമ്പോൾ ഇന്ത്യക്കാർ സമ്പാദിക്കുന്നത് 150,000 ഡോളറാണ്. അമേരിക്കയിൽ മില്യണർമാരായ 200 ഇന്ത്യക്കാരുണ്ട്. 165,000 ഇന്ത്യൻ വിദ്യാർത്ഥികളുണ്ട്. നല്ല വിദ്യാഭ്യാസമുള്ള, സ്വാധീനമുള്ള ഒരു കൂട്ടം ആളുകളാണ് അമേരിക്കയിലെ ഇന്ത്യക്കാർ. അമേരിക്കയിലെ രാഷ്ട്രീയരംഗത്ത് ഇടപെടൽ നടത്തിയില്ലെങ്കിൽ സുഹൃത്തുക്കളേ, നമ്മൾ ജീവിതത്തിൽ വിജയിക്കാൻ പോകുന്നില്ല.

ഇന്ത്യക്കാർക്ക് ഒരു കുട്ടി ജനിച്ചാൽ അവനെ/അവളെ ഡോക്ടറോ, എഞ്ചിനീയറോ ആക്കണമെന്നാണ് മാതാപിതാക്കൾ ചിന്തിക്കുന്നത്. അതിലപ്പുറം ഒന്നുമില്ല. എന്നാൽ അംബാസഡർമാരടക്കം വേറെ നിരവധി മേഖലകളുണ്ട് ലോകത്ത്. ബഹുമാന്യനായ ശ്രീനിവാസനെ നോക്കൂ. അദ്ദേഹം ഇന്ത്യയുടെ അംബാസഡറാണ്. ഇവിടുത്തെ യൂണിവേഴ്സിറ്റി പ്രസിഡന്റുമാരിൽ ഒരേയൊരു ഇന്ത്യക്കാരനാണ് ഉള്ളത്– ത്രിപാഠി മാത്രം. മലയാളികളുടെ കാര്യമാകട്ടെ എവിടെയുമില്ല.

നമ്മുടെ കുട്ടികൾ അമേരിക്കയുടെ രാഷ്ട്രീയഭൂപടത്തിൽ സാന്നിദ്ധ്യമറിയിക്കുന്നുവെന്ന് നാം ഉറപ്പാക്കേണ്ടതുണ്ട്. രാജ കൃഷ്ണമൂർത്തിയുമായി ഞാൻ സംസാരിക്കാൻ ഇടയായത് അക്കാരണത്താലാണ്. പല സെനറ്റർമാരുമായും, രാഷ്ട്രീയക്കാരുമായും ഞാൻ ഇടപഴകാറുണ്ട്. നമുക്ക് എന്താണ് ആവശ്യമെന്ന് ഞാൻ അവരോട് വ്യക്തമാക്കാറുണ്ട്. നിങ്ങൾ ഒരു സെനറ്ററെ ഫോൺ ചെയ്യുന്ന പക്ഷം അയാൾ കോൾ എടുക്കണം. ഒരു മേയറെ ഫോൺ വിളിച്ചാൽ അദ്ദേഹം നിങ്ങളോട് സംസാരിക്കണം. അതാണ് സ്വാധീനം. എല്ലാ ദിവസവും ജോലി ചെയ്യുകയും, സ്വയം സന്തോഷിക്കുകയും ചെയ്യുന്നത് കൊണ്ടുമാത്രം ജീവിതത്തിൽ എല്ലാമാകുന്നില്ല.

ഞാൻ നേരത്തെ പറഞ്ഞതുപോലെ മലയാളികൾ മാറാൻ തയ്യാറാകുന്നില്ല. പക്ഷേ അവരുടെ മക്കൾ മാറും. കുട്ടികൾ വളരെ കാര്യക്ഷമതയുള്ളവരും, കഴിവുള്ളവരും, കഠിനാധ്വാനികളുമാണ്. ഒപ്പം വളരെ സത്യസന്ധരുമാണ്. അവരെ അമേരിക്കയുടെ രാഷ്ട്രീയരംഗത്ത് ശോഭിക്കാൻ നാം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അത് നമ്മൾ നിർബന്ധമായും ചെയ്തിരിക്കണം. അതിലേയ്ക്ക് വേണ്ടിയാണ് നമ്മൾ പ്രവർത്തിക്കേണ്ടത്.

നിർഭാഗ്യവശാൽ ഫൊക്കാനയിലെ എന്റെ രണ്ട് വർഷത്തെ കാലാവധി അവസാനിക്കുകയാണ്. ഞാനിനി ഫൊക്കാനയ്ക്കൊപ്പം ഉണ്ടാകില്ല, മറ്റേതെങ്കിലും സംഘടനയിലാകും പ്രവർത്തിക്കുന്നത്. എല്ലാ കുട്ടികളോടും, രക്ഷിതാക്കളോടുമായി ഞാൻ പറയുകയാണ്– ഇന്ത്യ നമ്മുടെ ജന്മഭൂമിയാണെങ്കിൽ ഇവിടം നമ്മുടെ കർമ്മഭൂമിയാണ്.

കുട്ടികൾ അവരുടെ മാതാപിതാക്കളെ ബഹുമാനിക്കുന്നുണ്ടോ? മാതാവ് ഒരു വീടിന്റെ ആണിക്കല്ല് ആണെന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളത്. വീടിന്റെ പ്രധാന പ്രതിഷ്ഠയാണ് മാതാവ്. ദൈവത്തോട് പ്രാർത്ഥിക്കുന്ന പക്ഷം സ്വർഗ്ഗത്തിൽ നിന്നും പെയ്യുന്ന മഴ വരെ നിർത്താൻ കെൽപ്പുള്ള വിധം ശക്തയാണ് മാതാവ്. കുട്ടികളേ, അമ്മയെ ബഹുമാനിക്കൂ. 10 മാസം ചുമന്നാണ് ഒരമ്മ കുഞ്ഞിന് ജന്മം നൽകുന്നത്. കഴിവും, തികവുമുള്ള ഒരു വ്യക്തിയാക്കി കുഞ്ഞിനെ മാറ്റുന്നത് അമ്മയാണ്. അതിനാൽത്തന്നെ മാതാപിതാക്കളെ പരിപാലിക്കാൻ നാം അത്രയേറെ ബാധ്യസ്ഥരാണ്.

1962–ൽ കെന്നഡി പറഞ്ഞതുപോലെ, അവർ ജീവിച്ചിരിക്കുമ്പോൾ അവർക്ക് റോസാപ്പൂക്കൾ നൽകൂ. അവർ നാളെ ആശുപത്രികളിൽ കിടക്കുമ്പോഴല്ല, നഴ്സിങ് ഹോമുകളിൽ കഴിയുമ്പോഴല്ല, ഇപ്പോൾ നൽകൂ. അവർ ജീവിതം ആസ്വദിക്കുമ്പോൾ നൽകൂ. എല്ലാവർക്കും എന്റെ നന്ദി.




Muthoot Finance USA Inc.
You Only NEED A GOLD LOAN To Make Your Dreams A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ഫൊക്കാനക്കും ബാബു സ്റ്റീഫനും അഭിവാദ്യം അർപ്പിച്ച് അംബാസഡർ ടി.പി. ശ്രീനിവാസൻ



**ജോസ് കാടാപ്പുറം**

മെരിലാൻഡ്: എന്റെ ശബ്ദം ഫൊക്കാനയുടെ പഴയ ശബ്ദമാണെന്നു പറഞ്ഞായിരുന്നു അംബാസഡർ ടി.പി. ശ്രീനിവാസൻ ഫൊക്കാന കണ്വന്‌ഷനിലെ ഉദ്ഘാടന വേദിയിൽ തന്റെ പ്രസംഗം തുടങ്ങിയത്. അമേരിക്കയിലെ ആദ്യ മലയാളി അംബാസഡറർ കെ.ആർ .നാരായണൻ വിളക്ക് കൊളുത്തിയത് മുതൽ നടന്ന 21 സമ്മേളനങ്ങളിൽ പാത്തോളമെണ്ണത്തിൽ പങ്കെടുക്കാൻ തനിക്കു ഭാഗ്യമുണ്ടായി. 1982 ൽ താൻ ആദ്യമായി അമേരിക്കൽ വന്നപ്പോഴാണ് ഫൊക്കാന രൂപം കൊണ്ടത്. പിന്നീട് രണ്ടു തവണ കൂടി മറ്റു പദവികളിൽ ഇവിടെ വന്നു.

അതേസമയത്തു തന്നെയാണ് ഫൊക്കാന പ്രസിഡന്റ് ബാബു സ്റ്റീഫനും വളർന്നത്. അദ്ദേഹത്തിന്റെ ഭാര്യ തന്റെ ശിഷ്യ ആയിരുന്നു.

ഫൊക്കാന തുടങ്ങുമ്പോൾ കെ.ആർ നാരായണൻ മുന്നോട്ടു വച്ചത് മൂന്ന് നിർദേശങ്ങളായിരുന്നു. കേരളത്തിലെ കലാ-സാഹിത്യ-സാംസ്കാരിക വിജയങ്ങൾ ഭാരതത്തിനു വെളിയിൽ കൊണ്ടു വരിക, നാട്ടിലെ നേതാക്കളെ പരിചയപ്പെടാനും അവരുമൊത്ത് പ്രവർത്തിക്കാനും വഴിയൊരുക്കുക, ഇന്ത്യ-അമേരിക്ക ബന്ധങ്ങൾ മെച്ചപ്പെടുത്തുക എന്നിവ. സംഘടന എന്നും ഈ ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

നിങ്ങളുടെ ഭാവി ഇവിടെ തന്നെ ആയതിനാൽ നാം ഇവിടെ രാഷ്ട്രീയരംഗത്തും സജീവമാകേണ്ടതുണ്ട്. ഒരു ഇന്ത്യൻ അമേരിക്കൻ കോൺഗ്രസ്മാൻ ഇതാദ്യമായാണ് ഫൊക്കാന സമ്മേളനത്തിനെത്തുന്നത്.

ഫൊക്കാനയിൽ ഡോ. എം.വി.പിള്ള തുടക്കമിട്ട ഭാഷക്കൊരു ഡോളർ പദ്ധതി പോലുള്ളവയുടെ പ്രാധാന്യവും അദ്ദേഹം അനുസ്മരിച്ചു.

കോൺഗ്രസിലെ ഇന്ത്യാ കോക്കസിൽ നിരവധി അംഗങ്ങളുണ്ട്. പാക്കിസ്ഥാനും കോക്കസ് ഉണ്ടെങ്കിലും നമ്മുടെയത്ര അംഗങ്ങളില്ല. നമ്മുടെ സുഹൃത്തുക്കൾ ആണെങ്കിലും അവർ എപ്പോഴും നമ്മുടെ നിലപാടിനെ അനുകൂലിക്കണമെന്നില്ല. അവർക്ക് അവരുടേതായ നിലപാടുകളുണ്ട്. അടിയന്തരാവസ്ഥയെ ഏറ്റവും അധികം എതിർത്തത് അമേരിക്കയിലുള്ളവരാണ്. 90-കളിൽ ആണവ പരീക്ഷണം നടന്നപ്പോഴും നമ്മുടെ സുഹൃത്തുക്കൾ എതിർത്തു . എന്നാൽ ഇവിടെയുള്ള ഇന്ത്യാക്കാർ അതിനെ അനുകൂലിച്ചു.

ആ കാലം മാറി 2008 ൽ അമേരിക്കയുമായി ആണവകരാറിൽ ഒപ്പിട്ടു. അതിനു ഫൊക്കാനയടക്കമുള്ള ഇന്ത്യൻ അമേരിക്കൻ സംഘടനകളുടെ ശ്രമവും ഉണ്ടായിരുന്നു.

പുതിയ ഒരു ലോകക്രമം ഇല്ലാത്തതാണ് ഇന്നിപ്പോൾ നിരന്തരം യുദ്ധങ്ങളും മറ്റും ഉണ്ടാകാൻ കാരണം. 1945 ൽ രൂപം കൊണ്ട ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിലുള്ള ലോകക്രമം മാറി. പുതിയത് ഇനിയും വന്നിട്ടുമില്ല.

ഇന്ത്യ ഒരു സൈനിക സഖ്യത്തിലും ഇല്ലാത്തതിനാൽ എല്ലാ രാജ്യങ്ങളെയും ഒപ്പം കൂട്ടാനാകും. റഷ്യൻ പ്രസിഡന്റ് പുടിനെ പോയി കണ്ട് നമ്മുടെ പ്രധാനമന്ത്രി ആശ്ലേഷിച്ചത് ഈയിടെയാണ്.




MALABAR
GOLD & DIAMONDS
GOLDEN
SUMMER
1KG
Gold
52
Winners
Valid until 11th August, 2024
KNOW MORE
T&C Apply








നമുക്ക് എല്ലാവരുടെയും സഹായം ആവശ്യമാണ്.

അടുത്തകാലത്തായി ഇന്ത്യയിൽ സ്വാതന്ത്ര്യമില്ലെന്നും ഫാസസമാണെന്നുമുള്ള രീതിയിലുള്ള പ്രചാരണം അമേരിക്കൻ മീഡിയയിൽ കാണുന്നു. ഇന്ത്യയുടെ ഭരണഘടനയെപ്പറ്റിയും കോടതിയെപ്പറ്റിയുമൊക്കെ ധാരണയില്ലാത്തവരാണ് ഈ ആരോപണം ഉന്നയിക്കുന്നത്. അവരെ വസ്തുത പറഞ്ഞു മനസിലാക്കാൻ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിനു ബാധ്യതയുണ്ട്.

ഫൊക്കാനയിലെ മികച്ച പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ ഇലക്ഷൻ റദ്ദാക്കി രണ്ടു വർഷം കൂടി ഫൊക്കാന സാരഥ്യം ബാബു സ്റ്റീഫന് നല്കുന്നത് എന്തുകൊണ്ടും അഭികാമ്യമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു

മറ്റൊരു പ്രാസംഗികനായിരുന്ന ഫ്രാൻസിസ് ജോർജ് എം.പി. ഇന്ത്യൻ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി. വേൾഡ് ട്രേഡ് ഓർഗനൈസേഷനിൽ അംഗമെന്ന നിലക്ക് ഇന്ത്യയിൽ കർഷകർക്ക് സബ്സിഡിയും മറ്റും നൽകുന്നതിന് വിലക്കുണ്ട്. എന്നാൽ അമേരിക്കയിൽ 306 ബില്യൺ സബ്സിഡിയായി നൽകുന്നു . ഓരോരുത്തർക്കും 27600 ഡോളർ വീതം അക്കൗണ്ടിലെത്തും.



പണ്ട് നാണ്യവിളകൾ കയറ്റി അയച്ചിരുന്ന സ്ഥാനത്ത് ഇന്ന് മനുഷ്യരെയാണ് കേരളം കയറ്റി അയക്കുന്നത്. അവർ കേരളത്തിന് നൽകുന്നത് വിലമതിക്കാനാവാത്ത സംഭാവനയാണ്.

ബാബു സ്റ്റീഫന്റെ നേതൃത്വത്തെയും അദ്ദേഹം പ്രശംസിച്ചു

ഫൊക്കാന സുവനീറും ചടങ്ങിൽ പ്രകാശിപ്പിച്ചു. എഡിറ്റർ വേണുഗോപാലൻ കൊക്കോടൻ പ്രകാശന ചടങ്ങിന് നേതൃത്വം നൽകി.





# മലയാളി പിടികിട്ടാത്ത ഒരു പ്രഹേളിക

## ഫൊക്കാന കൺവൻഷനിൽ നടൻ മുകേഷ്



**വിൻസന്റ് ഇമ്മാനുവൽ**

മെരിലാൻഡ്: ഫൊക്കാന കൺവൻഷൻ ഉദ്ഘാടന  വേദിയിൽ നടനും എം.എൽ.എ.യുമായ മുകേഷ് നടത്തിയ സരസമധുരമായ പ്രസംഗത്തിൽ മലയാളിയുടെ രണ്ടു മുഖങ്ങൾ എടുത്തുകാട്ടി.

നാല്പത്തിരണ്ടു വർഷമായി അഭിനയരംഗത്തും എട്ടു വർഷമായി എം.എൽ.എ. ആയും പ്രവർത്തിക്കുന്നു. രണ്ടു മാസം മുൻപ ് പാർലമെന്റ് ഇലക്ഷനിൽ തോറ്റു. നിങ്ങളെ എപ്പോഴും കാണണം, ഡൽഹിക്കൊന്നും പോകണ്ട എന്ന് കൊല്ലംകാർ പറഞ്ഞതാണ് തോൽക്കാൻ കാരണം...

പ്രവാസികളിൽ നിന്ന് ഇലക്ഷനിൽ തനിക്കു സഹായസഹകരണങ്ങൾ ലഭിച്ചു എന്ന മുൻപ് പ്രസംഗിച്ച ഫ്രാൻസിസ് ജോർജ് എം.പി. പറഞ്ഞു. ഇവിടെയുള്ളവർക്ക് നാട്ടിൽ വോട്ടുണ്ടോ? എന്ത് സഹായമാണ് ലഭിച്ചതെന്നറിഞ്ഞാൽ കൊള്ളാമായിരുന്നു.

കലാകാരൻ എന്ന നിലയിൽ മലയാളി നൽകുന്ന സ്നേഹമാണ് തന്റെ സ്വത്ത്. ലോകമെന്പാടുമുള്ള മലയാളികളെ കാണാൻ ഇടവന്നിട്ടുണ്ട്. അപ്പോഴെല്ലാം തോന്നും മലയാളി പിടികിട്ടാത്ത ഒരു പ്രഹേളികയാണെന്ന്. കേരളത്തിൽ ഒരു മലയാളി. വിമാനം പൊങ്ങിക്കഴിഞ്ഞാൽ ആള് മാറി.

വിദേശത്തു എവിടെയെങ്കിലും ചെന്ന് സ്പോൺസറെ കാണാതെ നിൽക്കുമ്പോൾ  ഒന്ന് കണ്ണോടിക്കേണ്ട താമസം ഏതെങ്കിലും മലയാളി ഓടി വരും, മുകേഷ് അല്ലെ  എന്ന് ചോദിച്ച്.  പിന്നെ  എല്ലാ കാര്യവും അവർ ഏറ്റെടുക്കും.

നേരെ മറിച്ച്  കേരളത്തിൽ ഒരു റെസ്റ്റോറന്റിൽ ചെന്നാൽ അവിടെ ഇരിക്കുന്നവർ പരസ്പരം പറയും. മുകേഷ് വരുന്നണ്ട്. മൈൻഡ് ചയ്യണ്ട. അല്ലെങ്കിൽ അയാളുടെ ജാഡ കാണേണ്ടി  വരും എന്ന്.

പല മലയാളികളുടെയും വലിയ നേട്ടങ്ങൾ കാണുമ്പോൾ രോമാഞ്ചം വരും. പക്ഷെ ഇതുപോലെ ബുദ്ധിമാന്മാരായിട്ടും പറ്റിക്കപെടാൻ മലയാളി നിന്ന് കൊടുക്കുന്നു. ആട്  മാഞ്ചിയെ കെട്ടടങ്ങും  മുൻപ് അടുത്ത തട്ടിപ്പിനവർ നിന്ന് കൊടുക്കുന്നു.

ലക്കി ഡിപ്പ് അഥവാ  ഭാഗ്യക്കുറിയോടും മലയാളിക്ക് കടുത്ത ആക്രാന്തമാണ്. ചെറിയ സമ്മാനം കിട്ടിയാൽ പോലും വലിയ സന്തോഷമായി. ഒരിക്കൽ ഖത്തറിൽ പരിപാടി അവതരിപ്പിച്ചു കഴിഞ്ഞിട്ടും പ്രേക്ഷകർ പോകുന്നില്ല. കാരണം  ഇന്റർവെല്ലിനു എടുക്കേണ്ടിയിരുന്ന ലക്കി ഡിപ്പ്  നടത്തിയിട്ടില്ല. ഭാര്യയും കുറി എടുത്തിട്ടുള്ളതാണ്.  ഒടുവിൽ അത് നടത്താൻ താൻ തന്നെ മുന്നോട്ടു വന്നു. അടുത്തുണ്ടായിരുന്നത്  ഭാര്യ മാത്രം.  അതിനാൽ ഭാര്യയെക്കൊണ്ട് നറുക്ക് എടുത്തു കൊള്ളട്ടെ എന്ന് ചോദിച്ചു. ജനം സമ്മതിച്ചു. നറുക്കെടുത്തപ്പോൾ ഭാര്യക്ക് സമ്മാനം.

ജനം കയ്യടിച്ചു. ശാന്തരായി പിരിഞ്ഞു പോയി. നാട്ടിലായിരുന്നങ്കിൽ എത്ര വലിയ അഴിമതി ആരോപണമാണ് ഉണ്ടാവുക. വിദേശമലയാളിക്കുള്ള ഹൃദയവിശാലത കേരളത്തിലെ മലയാളിക്കില്ല.

തനിക്ക് രണ്ട് ആൺമക്കളാണ്. അവരുടെ അമ്മ ആന്ധ്രക്കാരി. അപ്പോൾ അവരിൽ കൂടുതൽ മലയാളിത്തമാണോ തെലുങ്ക് സ്വഭാവമാണോ എന്ന് ആലോചിച്ചിട്ടുണ്ട്. ഒരിക്കൽ യാത്ര ചെയ്യുമ്പോൾ





ഇളയ മകന് കോഴിക്കോടായപ്പോൾ പെപ്സി കുടിക്കണം. അത് വാങ്ങി. ആലുവാ ആയപ്പോൾ അതിൽ ഒരു കുറിപ്പ് കണ്ടു. ആ കുപ്പി കൊടുത്താൽ ഒരു പെപ്സി ഫ്രീ ആയി കിട്ടുമെന്ന്. അത് കണ്ടപ്പോൾ ഇളയമകാന് തിരിച്ചു പോകണം. വേറെ വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞിട്ട് സമ്മതിക്കില്ല. തിരിച്ചു പോകാൻ മൂത്ത മകൻ സമ്മതിക്കുകയുമില്ല.

മലയാളി ആയിട്ടും ചെന്നൈയിൽ വളർന്നതിനാൽ മലായളം അറിയില്ലായിരുന്ന ഒരു നടിയുമൊത്ത് ഷൊർണൂരിൽ ഷൂട്ടിംഗിനു പോയത് അദ്ദേഹം അനുസ്മരിച്ചു. ഓണം ആഘോഷത്തിന് വിളിച്ചപ്പോൾ ഹൃദയം നിറഞ്ഞ ഓണാശംസകൾ എന്ന് പറയാൻ എത്ര പഠിപ്പിച്ചിട്ടിട്ടും നടിക്കു കഴിഞ്ഞില്ല. പണ്ടൊക്കെ മലയാളം അറിയില്ലെന്ന് പറയുന്നത് വലിയ കേമമായിരുന്നു. ഇന്നത് മാറി.

ഈ സമ്മേളനത്തിൽ നിറഞ്ഞു നിൽക്കുന്നത് പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫനാണ്. തകർന്നു കിടക്കുന്ന സ്കൂളിൽ ചില ഹെഡ്മാസ്റ്റർമാർ വരും . അതോടെ ആ സ്ഥാപനം വലിയ നിലയിലേക്കുയരും. പ്രഗത്ഭനായ മുഖ്യമന്ത്രി ഭരിക്കുമ്പോൾ സ്റ്റേറ്റും വളരും. അതുപോലെ ഫൊക്കാനയെ ബാബു സ്റ്റീഫൻ ഔന്നത്യത്തിലേക്കു ഉയർത്തി.


അംബാസഡർ ടി.പി. ശ്രീനിവാസൻ പറഞ്ഞത് പോലെ ബാബു സ്റ്റീഫന് വീണ്ടും അവസരം കൊടുക്കണമെന്നാണ് തന്റെയും നിർദേശം-മുകേഷ് പറഞ്ഞു










LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
Roku
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# ഫൊക്കാന കൺവൻഷനു ഉജ്വല ഘോഷയാത്രയോടെ തുടക്കം;

## റെപ്. രാജാ കൃഷ്ണമൂർത്തി ഉദ്ഘാടനം ചെയ്തു



ജോസ് കാടാപ്പുറം

മെരിലാൻഡ്: കോൺഗ്രസിൽ താനടക്കമുള്ള ഇന്ത്യാക്കാരായ അഞ്ച് അംഗങ്ങളെ സമോസ കോക്കസ് എന്നാണ് വിശേഷിപ്പിക്കുന്നതെന്ന് കോൺഗ്രസ്മാൻ രാജ കൃഷ്ണമൂർത്തി. എന്നാൽ അത് പോരാ. വടയും ഇഡ്ഡലിയും പകോടയുമെല്ലാം അവിടെ ഉണ്ടാവണം, ഇന്ത്യൻ പ്രാതിനിധ്യം ഇനിയും വർദ്ധിക്കണം -നോർത്ത് ബേതസ്ഡ മോണ്ട് ഗോമറി കൗണ്ടി കൺവൻഷൻ സെന്ററിൽ ഫൊക്കാന കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കവേ അദ്ദേഹം പറഞ്ഞു .

2020 ലെ സെൻസസ് പ്രകാരം ഏറ്റവും വേഗത്തിൽ വർദ്ധിക്കുന്ന കുടിയേറ്റക്കാർ ഇന്ത്യാക്കാരാണ് . അത് പോലെ ഏറ്റവും സമ്പന്നരുംനമ്മൾ തന്നെ. അമേരിക്കയിലെ ആകെ ഡോക്ടർമാരിൽ





പത്ത് ശതമാനം ഇന്ത്യാക്കാരാണ്. ഹോട്ടൽ മുറികളുടെ 60 ശതമാനം ദേശി ഉടമസ്ഥതയിലുള്ളതാണ്. 35 സ്പെല്ലിങ് ബീ ചാമ്പ്യരിൽ 25 പേര് ഇന്ത്യാക്കാരാണ്.

പക്ഷെ ഇവിടെ പ്രാദേശികമായി പറയുന്ന ഒരു ചൊല്ലുണ്ട്. നിങ്ങൾക്ക് ഭക്ഷണത്തിനുള്ള ടേബിളിൽ സ്ഥാനമില്ലെങ്കിൽ നിങ്ങൾക്ക് മെനുവിലായിരിക്കും സ്ഥാനമെന്ന്. മറ്റുള്ളവർ നിങ്ങളെ തിന്നു കളയുമെന്ന്.

ഗോഡ്സ് ഓൺ കൺട്രിയിൽ നിന്ന് വന്നവർ സുന്ദരന്മാരും സുന്ദരികളുമാണെന്നു വിശേഷിപ്പിക്കാനും അദ്ദേഹം മറന്നില്ല .

അഭിമാനകരമായ ഈ കൺവൻഷൻ വേദിയിലേക്ക് ഏവരെയും സെക്രട്ടറി ഡോ. കല ഷഹി സ്വാഗതം ചെയ്തു.

കൺവൻഷനു തുടക്കം കുറിച്ച് നടന്ന ഘോഷയാത്രക്ക് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, സെക്രട്ടറി ഡോ. കല ഷഹി, ട്രഷറർ ബിജു ജോൺ കൊട്ടാരക്കര, ഫ്രാൻസിസ് ജോർജ് എംപി., മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ തുടങ്ങിയവർ നേതൃത്വം നൽകി

# ഫൊക്കാന കൺവൻഷൻ ചിത്രങ്ങളിലൂടെ...






















FOKANA










FOKANA
CONVENTION
2024














FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
FOKANA INTERNATIONAL CONVENTION 2024 WASHINGTON DC
JULY 18-20, 2024

# ആതിര വർമ്മ ഫൊക്കാന മലയാളി മങ്ക;

## സുബി  ബാബു തോമസ്, പ്രീതി നായർ റണ്ണർ അപ്പ്

ഫോട്ടോ : ഷിജോ പൗലോസ്

മെരിലാൻഡ്: ഫൊക്കാന മലയാളി മങ്ക ആയി ആതിര വർമ്മ തെരഞ്ഞെടുക്കപ്പെട്ടു. ഫസ്റ്റ്  റണ്ണർ അപ്പായി അറ്റ്ലാന്റയിൽ നിന്നുള്ള  കൈരളി ടിവി ബ്യൂറോ ചീഫ്  സുബി  ബാബു തോമസും സെക്കൻഡ് റണ്ണർ അപ്പ് ആയി പ്രീതി നായരും തെരഞ്ഞെടുക്കപ്പെട്ടു.

മെരിലാൻഡിൽ താമസിക്കുന്ന തൃപ്പൂണിത്തുറക്കാരിയായ ആതിര വർമ്മ ഐടി രംഗത്തു പ്രവർത്തിക്കുന്നു. ഭർത്താവും ഐടി ക്കാരനാണ്
























Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590


One Voice * One Team * Team FOMAA
Please Elect
DR.PRINCE
NECHIKAT DBA
(Doctor of Business Administration)
For FOMAA
Joint Secretary
2024-26
408 829-9779
Endorsed by
MANCA & SARGAM
Dr.Prince Nechikat & Ancy Nechikat
at Popes residence (Santa Martha - Italy)
Andrew Card : White House
Chief of Staff 2002 & Dr. Prince Nechikat
Tom Delay : House Majority
Whip & Dr.Prince Nechikat
* Business Advisory Co-chair 2002 ( NRCC – Wahington DC in 2002)
***FOMAA Western Region Vice President (Current) As Western Region RVP initiated Multi-Region Zoom Meetings. Out of 12 Regions we Got up to 9 Regions together for successful Zoom Meetings.
***MANCA Secretary (current)
* FOMAA National Committee Member: 2020 -22
* FOMAA By-Law Committee Coordinator 2020 -22
* 2018 FOMAA 6Th International Chicago Family Convention Committee
Prince Realty
& Finance Inc.
www.ReoPrince.com
https://princenechikat.zipforhome.com
Dr.Prince Nechikat DBA
DRE#01784180/01412136
NMLS#391705 / 361508
Ancy Prince Nechikat
DRE#01752199
Angel Prince Nechikat
DRE# 02192951
One Stop Solution for all Real Estate Needs
(New Builder, Residental & Commercial Purchases)
No Cost/No Fee/ No Point Loan (Option)
Discounted Listing & Purchase
408 829-9779
www.ReoPrince.com
https://princenechikat.zipforhome.com/
FOMAA
WESTERN REGION

# ജെ.ഡി. വാൻസ് ഉയർത്തുന്ന പ്രതീക്ഷകൾ



വൈസ് പ്രസിഡന്റ് സ്ഥാനാർഥി ഒഹായോവിൽ നിന്നുള്ള യുവ സെനറ്റർ ജെ ഡി വാൻസും (39) ഭാര്യ ഉഷാ ചിലുകുറിയും റിപ്പബ്ലിക്കൻ നാഷനൽ കൺവെൻഷൻ വേദിയിൽ പാർട്ടി അംഗീകാരം ഏറ്റു വാങ്ങിയപ്പോൾ നീണ്ടു നിന്ന കരഘോഷം ഉയർന്നു.

നിബിഡമായ താടി വളർത്തിയ വാൻസ് ഒഹായോ ഗവർണർ മൈക്ക് ഡെവിനും ഡെലിഗേറ്റുകളുമായി ഹസ്തദാനം ചെയ്ത ശേഷമാണ് വേദിയിലേക്ക് ഔദ്യോഗിക ചടങ്ങിനു കയറിയത്.

വാൻസിനെ നോമിനേറ്റ് ചെയ്യാനുള്ള പ്രമേയം ബിസിനസ്മാൻ ബെർണി മൊറേനോ ആണ് അവതരിപ്പിച്ചത്. 'വലിയൊരു ദേശസ്നേഹിയാണ് വാൻസ്, അദ്ദേഹം ഒഹായോയെ സ്നേഹിക്കുന്നു,' മൊറേനോ പറഞ്ഞു.

കൺവെൻഷനിൽ ഔദ്യോഗിക നടപടികൾ ആരംഭിക്കുന്നതിനു മുൻപ് ട്രൂത് സോഷ്യൽ മാധ്യമത്തിലാണ് 78 വയസുള്ള ട്രംപ് തന്റെ പകുതി പ്രായമുള്ള വാൻസിനെ തെരഞ്ഞെടുത്തതായി പ്രഖ്യാപിച്ചത്.

ട്രംപിന്റെ മകൻ ഡൊണാൾഡ് ട്രംപ് ജൂനിയർ അടുത്ത സുഹൃത്തായ വാൻസിനു വേണ്ടി പിതാവിന്റെ മേൽ സമ്മർദം ചെലുത്തിയിരുന്നു. 2028 ൽ വാൻസിനൊപ്പം വൈസ് പ്രസിഡന്റ് സ്ഥാനാർഥിയാവുക എന്ന ലക്ഷ്യം അദ്ദേഹത്തിനുണ്ടെന്നു റിപ്പോർട്ടുണ്ട്.

ജനപ്രിയ നയങ്ങളിൽ താല്പര്യമുള്ള രാഷ്ട്രീയത്തിനു അറിയപ്പെട്ട വാൻസ് 2023 ലാണ് ആദ്യമായി സെനറ്റിൽ എത്തുന്നത്. ട്രംപിന്റെ കടുത്ത വിമർശകനായിരുന്ന അദ്ദേഹം അടുത്തകാലത്താണ് അദ്ദേഹത്തിന്റെ വിശ്വസ്തനായത്.

നവംബർ 5 തിരഞ്ഞെടുപ്പിൽ ജയിച്ചാൽ താടി വളർത്തിയ രണ്ടാമത്തെ വൈസ് പ്രസിഡന്റാവും വാൻസ്. 1929 മുതൽ നാലു വർഷം വൈസ് പ്രസിഡന്റായിരുന്ന ക്രിസ് കർട്ടിസ് ആണ് ഇതിനു മുൻപൊരു താടിക്കാരൻ വി പി.

യുഎസ് ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വി പി മാരിൽ ഒരാളുമാവും അദ്ദേഹം. ജോൺ ബ്രെക്കിൻറിഡ്ജ് ആയിരുന്നു ഏറ്റവും പ്രായം കുറഞ്ഞയാൾ: 36. വാൻസിനു ഓഗസ്റ്റിൽ 40 ആവും.

## മുട്ടുമടക്കുന്ന സ്ഥാനാർഥിയെന്നു ഡെമോക്രാറ്റുകൾ

ബൈഡൻ-ഹാരിസ് കാമ്പയ്ൻ ട്രംപിന്റെ തീരുമാനത്തെ വിമർശിച്ചു. നിയമം ലംഘിച്ചായാലും ട്രംപിന്റെ മാഗാ അജണ്ട നടപ്പാക്കാൻ മടിക്കാത്ത ആളെന്ന പ്രതീക്ഷയിലാണ് ട്രംപ് അദ്ദേഹത്തെ തിരഞ്ഞെടുത്തതെന്നു അവർ പറഞ്ഞു. 'അത് അമേരിക്കൻ ജനതയ്ക്കു ദോഷമാവും എന്നത് അദ്ദേഹം കണക്കാക്കില്ല.'

ട്രംപിന്റെ വൈസ് പ്രസിഡന്റായിരുന്ന മൈക്ക് പെൻസ് അങ്ങിനെ ആയിരുന്നില്ല. താൻ തോറ്റ തിരഞ്ഞെടുപ്പു ഫലം അംഗീകരിക്കരുതെന്ന ട്രംപിന്റെ നിർദേശം 2021 ജനുവരി 6 നു തള്ളിയ പെൻസ് ഭരണഘടന ഉയർത്തിപ്പിടിച്ചു. 'അമേരിക്കൻ ജനതയുടെ താല്പര്യങ്ങൾ ബലി കഴിച്ചു ട്രംപിന്റെ പ്രോജെക്ട് 2025 അജണ്ട വാൻസ് നടപ്പാക്കും. രാജ്യമൊട്ടാകെ അബോർഷൻ നിരോധിക്കണമെന്നു വാദിക്കുന്നയാളാണ് അദ്ദേഹം. ബലാത്സംഗത്തിനും മറ്റും ഇരയായി അതിൽ നിന്ന് ഒഴിവു തേടുന്നവർക്ക് അനുമതി നല്കുന്നതിനെയും അദ്ദേഹം എതിർക്കുന്നു.

'അഫോർഡബിൾ കെയർ ആക്ട് നടപ്പാക്കുന്നതിനെ വാൻസ് എതിർത്തിട്ടുണ്ട്.



## ഏറ്റവും ഉയർന്ന മികവെന്നു ട്രംപ്

ജെ ഡി വാൻസിനെ തിരഞ്ഞെടുത്തത് മറ്റു പല വ്യക്തികളുടെയും ഉയർന്ന മികവ് കൂടി പരിഗണിച്ച ശേഷമാണെന്നു ട്രംപ് പറഞ്ഞു. ദീർഘമായ ആലോചനയും അതിനു പിന്നിലുണ്ട്.

'ജെ ഡി നമ്മുടെ രാജ്യത്തിനു വേണ്ടി മറീൻ കോറിൽ സേവനം അനുഷ്ഠിച്ചു. ഒഹായോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നു രണ്ടു വർഷം കൊണ്ടു ഗ്രാജുവേറ്റ് ചെയ്തു. യേൽ സ്കൂളിൽ പഠിച്ചു. യേൽ ലോ ജേർണൽ എഡിറ്റർ ആയിരുന്നു. യേൽ ലോ വെറ്ററൻസ് അസോസിയേഷൻ പ്രസിഡന്റും.'

വാൻസിന്റെ 'Hillbilly Elegy' എന്ന പുസ്തകം ബെസ്റ്റ്സെല്ലർ ആയിരുന്നു. അത് സിനിമയുമായി. 'നമ്മുടെ നാട്ടിലെ കഠിനാധ്വാനം ചെയ്യുന്ന സ്ത്രീ പുരുഷന്മാരെ കുറിച്ചാണ് വാൻസ് എഴുതിയത്.'

## രാഷ്ട്രീയ യാത്രയിലും പങ്കാളിയായി ഉഷ

വാൻസിന്റെ രാഷ്ട്രീയ യാത്രയിലും സജീവ പങ്കാളിയാണ് ഉഷ. അക്കാര്യം വാൻസ് തന്നെ പറഞ്ഞിട്ടുണ്ട്. എല്ലാ വേദികളിലും അവർ കൂടെ എത്താറുണ്ട്.

പത്തു വർഷം നീണ്ട ദാമ്പത്യത്തിൽ വാൻസിനും ഉഷയ്ക്കും കൂടി കുട്ടികൾ മൂന്ന്: ഇവാൻ, വിവേക്, മിരാബെൽ.

കലിഫോർണിയയിൽ ജനിച്ച ഉഷ വളർന്നത് സാൻ ദിയാഗോയുടെ പ്രാന്ത പ്രദേശത്തുള്ള ഇന്ത്യൻ ഭവനത്തിലാണ്. മൗണ്ട് കാർമൽ സ്കൂളിൽ പഠിച്ചു. പിന്നീട് യേൽ ലോ സ്കൂളിൽ എത്തിയപ്പോഴാണ് 2010 ൽ വാൻസിനെ കണ്ടുമുട്ടുന്നത്. 2014ൽ വിവാഹിതരായി.

യേലിൽ നിന്നു ചരിത്രത്തിൽ ബി എ നേടിയ ഉഷ യൂണിവേഴ്സിറ്റി ഓഫ് കേംബ്രിജിൽ നിന്നു എംഫിലും എടുത്തു.





ജെയിംസ് ഡേവിഡ് വാൻസ് 2023 മുതൽ ഒഹായോയിൽ നിന്നുള്ള ജൂനിയർ യുണൈറ്റഡ് സ്റ്റേറ്റ്സ് സെനറ്ററായി സേവനമനുഷ്ഠിക്കുന്നു.

ബൈഡന് ഇന്ത്യൻ വംശജയായ കമലാ ഹാരിസ് വൈസ് പ്രഡിഡന്റ് ആയി കൂടെയുണ്ട്. ചരിത്രം എങ്ങിനെ വഴി മാറുമെന്ന് അറിയില്ല. ഭാവിയിലെ 'മറ്റൊരു കമല' ആയി ഈ ഉഷാ ചിലുകുറി മാറിയേക്കാമെന്നു, തത്കാലം ഇന്ത്യക്കാരനു സ്വപ്നം കാണുന്നതിൽ തെറ്റില്ലല്ലോ.

ഉഷ ചിലുകുറി വാൻസിന് ധാരാളം യോഗ്യതകളും ഇന്ത്യൻ മൂല്യങ്ങളോടും സംസ്കാരത്തോടും ആഴത്തിലുള്ള ബന്ധവും ഉണ്ടെന്ന് ഇപ്പോൾ മനസിലാക്കി വരുന്നു. ഒരു ദേശീയ സ്ഥാപനത്തിലെ ലിറ്റിഗേഷൻ ലോയർ ആയ ഉഷ വാൻസ്, ആന്ധ്രയിൽ നിന്നുള്ള ഇന്ത്യൻ കുടിയേറ്റക്കാരുടെ മകളാണ്,

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സിനും ജസ്റ്റിസ് ബ്രെറ്റ് കവനോക്കും വേണ്ടി മിസ്റ്റർ കവനോവിന്റെയും ക്ളാർക്കായി

വാൻസ് (39) ഒഹായോയിലെ മിഡിൽടൗണിലാണ് ജനിച്ചതും വളർന്നതും.

'ഹിൽബില്ലി എലിജി,' ട്രംപ് കുടുംബത്തിന് വാൻസിനെയും പരിചയപ്പെടുത്തി. ഡൊണാൾഡ് ട്രംപ് ജൂനിയർ ഈ പുസ്തകം ഇഷ്ടപ്പെടുകയും തന്റെ രാഷ്ട്രീയ ജീവിതം ആരംഭിക്കാൻ പോയപ്പോൾ വാൻസിനെ പരിചയപ്പെടുകയും ചെയ്തു.

വാൻസിന്റെ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഓർമ്മക്കുറിപ്പായ ''ഹിൽബില്ലി എലിജി''യെ പ്രചോദിപ്പിച്ച, ഗ്രാമീണ വെള്ളക്കാരായ അമേരിക്കയിലെ സാമൂഹിക തകർച്ചയെക്കുറിച്ചുള്ള ചിന്തകൾ സംഘടിപ്പിക്കാൻ, നമ്മുടെ ഇന്ത്യക്കാരി, വാൻസിനെ സഹായിച്ചു.

കാലിഫോർണിയയിലെ സാൻ ഡീഗോയുടെ പ്രാന്തപ്രദേശത്ത് വളർന്നുവന്ന ഉഷയുടെ അക്കാദമിക് നേട്ടങ്ങളിൽ ചിലതു കൂടി അറിഞ്ഞിരിക്കണം. യേലിലെ നാല് വർഷത്തെ തീവ്രമായ പാഠ്യേതര പ്രവർത്തനത്തിന് ശേഷം, കേംബ്രിഡ്ജിൽ ഗേറ്റ്സ് ഫെല്ലോ ആയി പഠനം തുടർന്നു, അവിടെ ഇടതുപക്ഷ, ലിബറൽ ഗ്രൂപ്പുകളുമായി ഇടപഴകി.




യേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ചരിത്രത്തിൽ ബിരുദവും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്ന് തത്ത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്,

അവർ 2014 ൽ രജിസ്റ്റർ ചെയ്ത ഡെമോക്രാറ്റായിരുന്നു. 2014 ൽ കെന്റക്കിയിൽ വച്ച് അവർ വിവാഹിതരായി, ഒരു ഹിന്ദു പുരോഹിതൻ ആ പ്രത്യേക ചടങ്ങിന് നേതൃത്വം നൽകി. ഉഷാ ചിലുകുറി ഒരു ഹിന്ദു മതവിശ്വാസിയും വാൻസ് റോമൻ കത്തോലിക്കനുമാണ്.

'ഉഷാജിയ്ക്ക് ഇന്ത്യൻ സംസ്കാരവും ഇന്ത്യയെക്കുറിച്ചും അറിയാം. യുഎസ് എയും ഇന്ത്യയും തമ്മിലുള്ള മഹത്തായ ബന്ധം നാവിഗേറ്റ് ചെയ്യുന്നതിൽ അവർക്ക് തന്റെ ഭർത്താവിന് ഒരു വലിയ സഹായി ആയിരിക്കുമെന്ന് പ്രതീക്ഷിക്കാം, ഇൻഡ്യാക്കാർക്കും വല്ലതുമൊക്കെ പ്രതീക്ഷിക്കാം.'

# പ്രവാസികൾക്ക് മാത്രമായി സാഹിത്യപുരസ്ക്കാരം വേണമെന്ന് ഫൊക്കാന സാഹിത്യസമ്മേളനത്തിൽ കവി മുരുകൻ കാട്ടാക്കട




**ഉമ സജി**

മെരിലാൻഡ്: ഫൊക്കാന കൺവൻഷനോടനുബന്ധിച്ച് സാഹിത്യസമ്മേളനം പ്രശസ്ത കവി മുരുകൻ കാട്ടാക്കടയുടെ അദ്ധ്യക്ഷതയിൽ ബതസ്ഡാ നോർത് മാരിയട്ട് കൺവെൻഷൻ സെന്ററിൽ ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ നിലവിളക്കു കൊളുത്തി ഉത്ഘാടനം ചെയ്തു.

മുരുകൻ കാടാക്കട അദ്ദേഹത്തിന്റെ കവിതകൾ ആലപിക്കുകയും എഴുത്തുകാർക്ക് സമൂഹത്തിനോടുള്ള പ്രതിബദ്ധതയെക്കുറിച്ച് ഊന്നിപ്പറയുകയും ചെയ്തു. ഓരോ എഴുത്തുകാരനും സമൂഹത്തിലെ അനീതിക്കെതിരായി പ്രതികരിക്കാനുള്ള ഉപാധി ആക്കണം ഓരോ സൃഷ്ടിയും എന്ന് അദ്ദേഹം പറഞ്ഞു. കവിത ആലാപനത്തിന്റ പ്രാധാന്യവും, കവിതകൾ അതിന്റെ ആത്മാവ് നഷ്ടമാകാത്ത രീതിയിൽ ആലപിയ്ക്കേണ്ടതിന്റെയും ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. അനുവാചകരിലേക്ക് കവിയുടെ ആത്മാംശമുള്ള കവിതകൾ അതിന്റെ പ്രാധാന്യവും ചാരുതയും ചോർന്നുപോകാതെ എത്തിയ്ക്കാൻ മികച്ച ആലാപനത്തിലൂടെ സാധിയ്ക്കും. 'കണ്ണട, ബാഗ്ദാദ്, ഉണരാത്ത പത്മതീർത്ഥങ്ങൾ' എന്നീ കവിതകൾ എഴുതാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ശ്രോതാക്കളുടെ ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞു.

തുടർന്നു എഴുത്തുകാരനും കവിയുമായ ജയിംസ് കുരീക്കാട്ടിലിന്റെ നേതൃത്വത്തിൽ നടന്ന കവിയരങ്ങിൽ ജേക്കബ് ജോൺ, ഉമ സജി, ജോസ് ചെരിപ്പുറം, രാജു തോമസ്, മുരളി ജെ നായർ, സ്മിത കൊട്ടാരത്തിൽ, ശ്രീ ജയിംസ് കുരീക്കാട്ടിൽ, എം പി ഷീല എന്നിവർ തങ്ങളുടെ കവിതകൾ ആലപിച്ചു.

മുരുകൻ കാട്ടാക്കട ആലപിയ്ക്കപ്പെട്ട കവിതകളെ വിശകലനം ചെയ്ത് തന്റെ



ആസ്വാദനം അറിയിച്ചു. ഒരു കവിതയ്ക്ക് അഭിപ്രായം പറയാനും വിശകലനം ചെയ്യാനുമുള്ള ഏറ്റവും നല്ല നിരൂപകനും ആസ്വാദകനും അതിന്റെ രചയിതാവു തന്നെ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അമേരിക്കയിൽ കഴിവുറ്റ കവികളും എഴുത്തുകാരും ഉണ്ടെന്നും, അവരുടെ കൃതികൾക്ക് വേണ്ട രീതിയിലുള്ള അംഗീകാരം കേരളത്തിൽ ലഭിയ്ക്കാതെ പോകുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രവാസികൾക്ക് മാത്രമായി ഒരു സാഹിത്യപുരസ്ക്കാരം ഏർപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും മലയാളം മിഷൻ ഏർപ്പെടുത്തിയ പ്രവാസി അവാർഡിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു

ഫൊക്കാന സാഹിത്യസംഘാടക സമിതിയുടെ പ്രവർത്തനങ്ങളെയും, സാഹിത്യസമ്മേളനം വിജയകരമാക്കാനുള്ള പരിശ്രമങ്ങളെയും അഭിനന്ദിച്ചു കൊണ്ട് പ്രസിഡന്റ് ബാബു സ്റ്റീഫനും ജനറൽസെക്രട്ടറി ഡോ. കല ഷാഹിയും തങ്ങളുടെ വാക്കുകളിൽ കമ്മിറ്റി അംഗങ്ങളോടുള്ള നന്ദി പ്രകടിപ്പിച്ചു.
















# രാമനും രാമായണവും

## രാമായണ മാസത്തിലെ ചില രാമചിന്തകൾ

**ദുർഗ മനോജ്**



വീണ്ടും കർക്കടകമാസം വന്നെത്തിയിരിക്കുന്നു. രാമായണ ശീലുകൾ ജനങ്ങൾ വീണ്ടും പാരായണത്തിന് എടുത്തുകഴിഞ്ഞു. എന്തുകൊണ്ട് രാമായണം ഇന്നും ജനങ്ങളിൽ ആഴത്തിൽ പ്രതിഷ്ഠ നേടുന്നു? രാമായണം എന്ന ഇതിഹാസത്തിന് അനുവാചകർ എത്രത്തോളമോ അത്രത്തോളമോ അതിലേറെയോ വിമർശകരുമുണ്ട്. മൂലകൃതിയിൽ നിന്നും, അനേകമനേകം ഭാഷ്യങ്ങൾ, അതിനെ ഉപജീവിച്ച് പല മട്ടിൽ പല ഭാഷകളിൽ രൂപംകൊണ്ടിട്ടുമുണ്ട്. രാമന്റേയും സീതയുടേയും കഥയെന്ന രാമായണം, ദേശം മാറുമ്പോൾ അടിസ്ഥാന കഥാരൂപത്തിൽ നിന്നും ഏറെ വൈരുധ്യങ്ങൾ സ്വീകരിച്ച് പല പല രാമായണങ്ങളായി മാറിയതും നമുക്കു മുന്നിലുണ്ട്. എന്താണ് ഈ ഒരു കൃതി ഇപ്രകാരം പല നാടുകളിൽ പല വിഭാഗം ജനങ്ങളിൽ ഇന്നും കുടികൊള്ളുന്നത്? കർക്കടകത്തിലേ രാമായണം വായിക്കാവൂ എന്നില്ല, എന്നാലും വർഷത്തിൽ ഒരു തവണയെങ്കിലും ഇതിഹാസത്തിലൂടെ കടന്നുപോകാൻ ഈ ആചാരം തുണയാകുമെങ്കിൽ അത് നല്ലത് എന്നേ പറയാനാകൂ.

ആദി കാവ്യമാണ് രാമായണം. അപ്പോൾ രാമായണത്തിനു മുൻപ് കാവ്യങ്ങൾ ഉണ്ടായിട്ടില്ലേ? മനുഷ്യരിൽ വരമൊഴി രൂപം കൊണ്ടിട്ടില്ല എങ്കിലും അവർ വാമൊഴി ശീലിച്ചിരുന്നിരിക്കുമല്ലോ? ഉള്ളിൽ കവിത തോന്നാത്തവരായിരുന്നിരിക്കില്ല എന്തായാലും ആ ജനത. പിന്നെന്തേ രാമായണം ആദ്യ കാവ്യമെന്നു പറയുന്നു?

രാമായണം ലക്ഷണങ്ങൾ തികഞ്ഞ ആദ്യ കാവ്യമാണ് എന്നു തിരുത്തി പറയാം. കാവ്യലക്ഷണമൊത്തു വന്ന ആദ്യ കാവ്യമാണത്. വെറും കാവ്യം മാത്രമല്ല, മനുവിന്റെ കാലഘട്ടം നിർണയിച്ചുറപ്പിച്ച വർണാശ്രമധർമങ്ങളിലാണ് രാമായണത്തിന്റെ ധാർമികത നിലയുറപ്പിച്ചിരിക്കുന്നതെന്നതിനാൽ രാമായണം ധർമശാസ്ത്രവുമാണ്.

ഇനിയോ,

ഇതിൽ ഇതിഹ, അഥവാ പാരമ്പര്യോപദേശം ഉള്ളതിനാൽ ഇതിഹാസവുമാണ് എന്ന് പണ്ഡിതർ ഉറപ്പിക്കുന്നു.

ഒരു നാടിന്റെ, കുടുംബത്തിന്റെ കഥയല്ല രാമായണത്തിന്റെ കേന്ദ്രബിന്ദു. അതു കേവലം ഭക്തിയുടേതുമല്ല. ആചാരങ്ങളുടേതുമല്ല. എന്നാലത് ധർമത്തിന്റെ, പ്രത്യേകിച്ചും രാജ്യധർമത്തിന്റെ കാവ്യമാണ്. രാജനീതിയുടേയും രാജതന്ത്രത്തിന്റേയും സത്യത്തിന്റേയും കാവ്യമാണ്.

ജനങ്ങളിൽ അരാജകത്വം വളർന്നപ്പോൾ അവരിലേക്കു ധർമ ചിന്ത കടത്തിവിടാൻ രാമൻ എന്ന ബിംബം അത്യവശ്യമായിരുന്നു.

സീതാപഹരണത്തിനു ശേഷം രാമനെന്ന ആർത്തനായ മനുഷ്യനെ വാല്മീകി കൃത്യമായി വരച്ചിടുന്നുണ്ട്. എന്നാൽ രാവണവധത്തിനു ശേഷം സീതയുടെ മുന്നിൽ പ്രത്യക്ഷനാകുന്ന രാമൻ, കേവലമൊരു മനുഷ്യരാമനുമല്ല. ഈ ഒരൊറ്റ ഭാവപ്പകർച്ചയിലൂടെ മാനവനും ദേവനും എല്ലാം നമ്മളിൽ ഓരോരുത്തരിലും കുടികൊള്ളുന്നുവെന്നും, അവസ്ഥകൾക്കനുസരിച്ച് അവ ഉചിതമായി സ്വീകരിക്കുന്നതാണ് പ്രധാനമെന്നും ആദികവി വ്യക്തമാക്കുന്നുണ്ട്.

ഭക്തർക്കു മാത്രമല്ല രാമൻ, വേദാന്തക്കാർക്കും, പ്രാണോപാസകർക്കും രാമനാമം മുഖ്യമാണ്. രാ എന്ന ശബ്ദത്തിൽ ഉള്ളിലേക്കു സ്വീകരിക്കുന്ന പ്രാണൻ, മ എന്ന ശബ്ദത്തിൽ നിശ്വസിക്കപ്പെടുന്നു. രാമ എന്ന വാക്കിൽ ശ്വാസവും ഉച്ഛ്വാസവും സംഭവിക്കുമ്പോൾ പ്രാണൻ കുടികൊള്ളുന്നതേ രാമനിലെന്നു, രാമമന്ത്രത്തിലെന്നു പറഞ്ഞാൽ തെറ്റില്ല.

രാമായണം വരികളിലൂടെ വായിച്ചു മുന്നേറാം

രാമായണം വരികൾക്കിടയിലുടെയും വായിക്കാം.

തപസ്സ്, ശൗചം, ദയ, സത്യം എന്നിവയാണ് ധർമപാദങ്ങൾ. ഇവ നാലും തികഞ്ഞ ധർമവിഗ്രഹമാണ് രാമൻ എന്ന് ആദികവിരാമായണത്തിലൂടെ സ്ഥാപിക്കുന്നു. രാമന്റെ സുദീർഘ ജീവിതം തപോമയമായിരുന്നു.

വാല്മീകി രാമനെ മനുഷ്യനായിക്കണ്ടാണ് ഇതിഹാസം രചിച്ചിരിക്കുന്നത്.

അധ്യാത്മരാമായണം, ആനന്ദരാമായണം, അത്ഭുത രാമായണം, അങ്ങനെ രാമായണങ്ങൾ അനവധി രൂപപ്പെട്ടത് ആദി കാവ്യത്തിൽ നിന്നു തന്നെ. ഒരു പക്ഷേ, കാലങ്ങൾ മുന്നോട്ടു പോകെ രാമായണ ത്തോളം ഭാഷ്യങ്ങൾ ചമയ്ക്കപ്പെട്ട മറ്റൊരു കൃതിയുമില്ലെന്നതും രാമായണത്തിന്റെ മികവു തന്നെ. രാമയണവും രാമനും മനുഷ്യരുള്ള കാലം നിലനിൽക്കുക തന്നെ ചെയ്യും.


F-BIMA
(Not for Profit Organization)
Presents
QUEENS 9th
INDIA DAY PARADE &
Cultural Programs
Grand Celebration of India's Independence Day 2024
PARADE: Starts at 11:00 am from 263rd Street/ Hillside Ave
Cultural Program at : Location to be decided.
On Hillside Ave
in Floral Park Bellerose, Queens
August 17, 2024
Saturday
11 am to 6 pm
BOLLYWOOD CELEBRITIES
DIGNITARIES
CULTURAL FLOATS
CULTURAL PERFORMANCES
TRADITIONAL DANCES
TRADE SHOW BOOTHS
FOOD STALLS
DJ ENTERTAINMENTS
INDIAN NURSES ASSOCIATION OF NEW YORK (INA-NY)
BOARD OF DIRECTORS:
HEMANT SHAH (CHAIRMAN), KOSHY O. THOMAS (VICE CHAIRMAN), MATHEW THOMAS (BOARD MEMBER), ASON JOSEPH (BOARD MEMBER)
UJWALA SHAH (BOARD MEMBER)
EXECUTIVE-COMMITTEE:
DINCIL GEORGE (PRESIDENT), MS MARY PHILIP (VICE PRESIDENT), ASHA MAMPILLY (SECRETARY)
SUBHASH KAPADIA (PAST BOARD CHAIRMAN), V.M. CHACKO (PAST BOARD CHAIRMAN), KIRIT PANCHAMIA
(TREASURER), ARUN CHANDRA (LEGAL ADVISOR), ASHOK JAIN (EXECUTIVE COMMITTEE)
GEORGE C PARAMBIL (EXECUTIVE COMMITTEE), KALATHIL VARUGHESE (EXECUTIVE COMMITTEE), VINOD PATEL (EXECUTIVE COMMITTEE
WWW.LENDME.COM
(LOW RATE LOANS)
CHILDREN'S MEDICAL CENTER
SOUTH ASIANS OF NEW YORK, INC.
CHANDRA Law Offices, P.C.
TV ASIA
EASTEND Hospitality Management Co.
VINOD PATEL
RIDGEWOOD SAVINGS BANK
ITV GOLD
VOICE OF THE COMMUNITY
NEW YORK LIFE
CROSS ISLAND REALTY
India Association of Long Island
INDIA LIFE and Times
FARMERS INSURANCE
Dilbar Restaurant
Panchamia
MAHARAJA
Queens Chamber of Commerce
The South Asian Times
Rajbhog Foods
FLUSHING Bank
PATEL BROTHERS
DIME Since 1864
jus HINDI
PARIKH WORLDWIDE MEDIA
REAL USHA SWEETS & SNACKS
MAHARAJA
APOLLO STONES
For More Info : Subhash Kapadia (917) 757-1303, Kalathil Varughese (516) 984-6591, Koshy O. Thomas (347) 867-1200 Hemant Shah (516) 263-9624
Jason Joseph (917) 859-7957, Cultural Program Contact: Ujwala Shah 516-815-0198, Mary Philip (347) 254-9834
Parade Committee Chairman: Koshy O. Thomas.



(വാർത്തയും അവലോകനവും)

# ഗ്രേറ്റർ ഹ്യൂസ്റ്റൺ, ഹരിക്കെയിൻ "ബറൽ", എന്ന മഹാ പ്രകൃതിദുരന്തത്തിൽ നിന്നും മുക്തി പ്രാപിച്ചു കൊണ്ടിരിക്കുന്നു.

**എ. സി. ജോർജ്**

ഹ്യൂസ്റ്റൺ: ഈ കഴിഞ്ഞ ജൂലൈ 7 മുതൽ 8 വരെ, ടെക്സസിലെ ഗ്രേറ്റർ ഹ്യൂസ്റ്റൺ ഭാഗത്ത് ആഞ്ഞടിച്ച കൊടിയ കൊടുങ്കാറ്റിലും പേമാരിയിലും പെട്ടു സാധാരണ ജനജീവിതം പരിപൂർണ്ണമായി സ്ഥംപന അവസ്ഥയിലായി എന്ന് പറയാം. ഹരികൈൻ ബറൽ അതിശക്തമായി സംഹാരതാണ്ഡവമാടി. കൊടുംകാറ്റിൽ പല വീടുകളുടെയും കെട്ടിടങ്ങളുടെയും മേൽക്കൂരകൾ പറന്നുപോയി. വൻമരങ്ങൾ ഒടിഞ്ഞു. വീടുകളുടെ, വൈദ്യുതി, ഇലക്ട്രോണിക്, സിഗ്നൽ ഗതാഗത കമ്പികളുടെയും മീതെ വീണു. റോഡുകൾ തോടുകൾ നദികൾ നിറഞ്ഞൊഴുകി. ഓഫീസുകൾ ഒന്നും തുറന്നു പ്രവർത്തിച്ചില്ല. കട കമ്പോളങ്ങൾ പൂർണമായും അടഞ്ഞുകിടന്നു. അത്യാവശ്യ സാധനങ്ങൾക്കായി ജനം നെട്ടോട്ടമോടി. മെയിൻ ഹോസ്പിറ്റലുകൾ ജനറേറ്ററിൽ പ്രവർത്തിച്ചു. ശസ്ത്രക്രിയകൾ മാറ്റി വെച്ചു. ഇൻറർനെറ്റ് വാർത്ത സംവിധാനങ്ങൾ, ടെലഫോൺ സെൽഫോൺ ടവറുകൾ പ്രവർത്തിച്ചില്ല. അതിനാൽ ജനങ്ങൾക്ക് പരസ്പരം ബന്ധപ്പെടുവാനോ, എമർജൻസി ആവശ്യങ്ങൾക്ക് ആരുമായും ബന്ധപ്പെടുവാനോ സാധിച്ചില്ല. ഓരോ ഭവനങ്ങളും ഒറ്റപ്പെട്ട തുരുത്തുകൾ ആയി മാറി. വൈദ്യുതി എപ്പോൾ വരുമെന്നോ, വാർത്ത വിനിമയ മാർഗങ്ങൾ ഭാഗികമായിട്ട് പോലും എപ്പോൾ പുനസ്ഥാപിക്കുമെന്നു പോലും രണ്ടുദിവസത്തേക്ക് ഒരു അറിയിപ്പു പോലും കിട്ടിയില്ല. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർ, ഡോക്ടർമാർ, നേഴ്സുമാർ. അടക്കം അവരുടെ പ്രവർത്തനമേഖലകളിൽ, ഹോസ്പിറ്റലുകളിൽ, 24 മണിക്കൂറും, അതിൽ അധികവും നിർബന്ധമായും സേവനം അനുഷ്ഠിക്കേണ്ടിവന്നു.

മെയിൽ പോസ്റ്റൽ പാഴ്സൽ ഡെലിവറി സർവീസുകൾ മൂന്ന് ദിവസത്തേക്ക് ഇല്ലായിരുന്നു. ഫുഡ് ഗ്രോസറി മാർക്കറ്റുകളിൽ നിന്ന്, ആമസോണിൽ നിന്ന്, മൂന്നാല് ദിവസത്തേക്ക് ഡെലിവറിയും നിശ്ചലമായിരുന്നു. പബ്ലിക് ട്രാൻസ്പോർട്ടേഷൻ താറുമാറായി, ഹ്യൂസ്റ്റൺ എയർപോർട്ടുകളിൽ, ജോർജ് ബുഷ് ഇൻറ്റർനാഷണൽ എയർപോർട്ട് അടക്കം ഏതാണ്ട് മുന്നൂറിൽപരം ഫ്ലൈറ്റുകൾ ആണ് ക്യാൻസൽ ചെയ്തത്. ചഅടഅ ബഹിരാകാശ ഗവേഷണ കേന്ദ്രം, ടജഅഇഋ ഇഋചഠഋഞ തുടങ്ങിയവ താൽക്കാലികമായി അടയ്ക്കേണ്ടി വന്നു.

കുട്ടികളും രോഗികളും അതിദുസഹം ആയിട്ട് തന്നെ അഞ്ചാറു ദിവസം കഴിയേണ്ടി വന്നു. ഇത് ഉഷ്ണകാലം ആയതിനാൽ എയർകണ്ടീഷൻ ഇല്ലാതെ എരിപിരി കൊള്ളുന്ന ചൂടിൽ ലക്ഷക്കണക്കിന് ജനങ്ങൾ വീടിനുള്ളിലും വെളിയിലുമായി കഴിയേണ്ടി വന്നു. സ്ഥലത്തെ വിവിധ ദേവാലയങ്ങളിലും, സ്കൂളുകളിലും, ചില ഗവൺമെൻറ് സ്ഥാപനങ്ങളിലും, ജനങ്ങൾക്ക് താൽക്കാലിക ആശ്വാസത്തിനായി കൂളിംഗ് സ്റ്റേഷനുകൾ തുറന്നിരുന്നു. പല ജീവകാരുണ്യ സംഘങ്ങളും സൗജന്യമായ ഭക്ഷണ വിതരണം നടത്തിയതും ജനത്തിന് ഒരല്പം ആശ്വാസം പകരാൻ പര്യാപ്തമായിരുന്നു. ജനറേറ്റർ വച്ച് ഗ്രോസറി കടകൾ, അത്യാവശ്യം ചില ഹോട്ടലുകൾ രണ്ടുദിവസം കഴിഞ്ഞ് തുറക്കുവാൻ ഇടയായത് ജനത്തിന് സഹായമായിരുന്നു. തുറന്ന ഗ്രോസറി കടകളിലും സാധനങ്ങൾക്കു പിടിച്ചുപറിയായിരുന്നു. പല ഫുഡ് സ്റ്റോറുകളിലും സൂക്ഷിച്ചിരുന്ന ആഹാരസാധനങ്ങൾ റഫ്രിജറേഷൻ ഇല്ലാത്തതിനാൽ കെട്ടുകെട്ടായി പാക്ക് ചെയ്ത് ഗാർബേജിൽ തള്ളുവാനും ഇടയായി. വ്യക്തികൾ വീടുകളിലെ ഫ്രിഡ്ജിൽ സൂക്ഷിച്ചിരുന്ന ആഹാരവും ഇലക്ട്രിസിറ്റിയുടെ അഭാവത്തിൽ ചീത്തയായി എടുത്തു കളയേണ്ടി വന്നു.

വിശാല ഹ്യൂസ്റ്റൺ സിറ്റി ഏരിയയിൽ ഏതാണ്ട് 3 മില്യൻ ജനങ്ങൾക്കാണ് ദിവസങ്ങളോളം വൈദ്യുതി ഇല്ലാതെ ജീവിക്കേണ്ടി വന്നത്. സെൻട്രൽ പോയിന്റ് എനർജി എന്ന വൈദ്യുതി കമ്പനിയാണ് ഈ ഭാഗത്തെ വൈദ്യുതി വിതരണത്തിന് ഉത്തരവാദിത്തമുള്ള സ്ഥാപനം. ഏതാണ്ട് പന്തീരായിരത്തോളം സെൻട്രൽ പോയിന്റ് എനർജി കമ്പനി തൊഴിലാളികൾ രാപകലില്ലാതെ പണിയെടുത്തിട്ടും വൈദ്യുതി



കൊടുങ്കാറ്റിൽ കൂപ്പുകുത്തിയ സ്വന്തം ചെറിയ അടുക്കളത്തോട്ട കൃഷിക്ക് മധ്യേ ലേഖകൻ.



യഥാവസരത്തിൽ ജനങ്ങൾക്കു കൊടുക്കുവാൻ സാധിച്ചില്ല. ജനങ്ങൾ അനുഭവിച്ച ദുരിതത്തിന് പുറമേ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മൊത്തമായി ചില ബില്യൺ തുക നാശനഷ്ടങ്ങളാണ് ഈ പെരിയ കൊടുങ്കാറ്റും പേമാരിയും വിതച്ചത്.

ജനലക്ഷങ്ങൾക്കാണ് പവർ നഷ്ടമായത്, ഹോം അപ്ലൈൻസ് കടകൾ തുറന്നപ്പോൾ പതിനായിരക്കണക്കിനാണ് ജനറേറ്ററുകൾ വിറ്റു പോയത്. എന്നാൽ ജനറേറ്ററിൽ നിന്ന് കിട്ടുന്ന വൈദ്യുതിക്കും പരിമിതികൾ ഉണ്ടല്ലോ. ജനറേറ്റർ ഉപയോഗിച്ച് അതിൽ നിന്ന് വരുന്ന കാർബൺ മോണോക്സൈഡും വാതകവും ശ്വസിച്ച് പലരും അവശനിലയിലുമായി. വീടിൻറെ വെളിയിൽ അല്പം ദൂരത്ത് വെച്ച് ജനറേറ്റർ പ്രവർത്തിച്ചിട്ടു പോലും ഈ ലേഖകനും രണ്ടുദിവസത്തേക്ക് ശ്വാസംമുട്ടൽ ഉണ്ടായി. ഏതാണ്ട് ഒരാഴ്ചത്തേക്ക് പുറംലോകത്തെ വാർത്തകൾ വിശദമായി അറിയാൻ ഒരു മാർഗ്ഗവും ഈ ഭാഗത്ത് ഉണ്ടായിരുന്നില്ല.

ഗ്രേറ്റർ ഹൂസ്റ്റണിൽ ഇന്ത്യക്കാർ പ്രത്യേകിച്ച് മലയാളികൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളായ മിസോറി സിറ്റി, ഷുഗർ ലാൻഡ്, സ്റ്റാഫോർഡ്, റിച്ച് മൗണ്ട്, റോസൻ ബർഗ്, കൈ



തി, ലീഗ് സിറ്റി, പാസഡീന, പെയർലാൻഡ്, സൈപ്രസ്, ഗാൽവേസ്റ്റോൺ. സ്പ്രിങ്, എന്നീ സ്ഥലങ്ങളിലും ഹരികെൻ ബെറിൽ സംഹാര താണ്ഡവം ഉറഞ്ഞുതുള്ളി. പലരും ഇവിടത്തെ ഈ പ്രകൃതി ദുരന്തത്തെ കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം പേമാരി, തുടങ്ങിയ ദുരന്തങ്ങളോടും ഉപമിക്കുകയുണ്ടായി. കേരളത്തിലുള്ളവർക്ക് ഇത്തരം ദുരന്തങ്ങൾ ഒരു പുത്തരിയല്ല. എന്നാൽ അമേരിക്കയിലെ ആധുനിക സൗകര്യങ്ങളിൽ ജീവിച്ചു വരുന്ന മലയാളിക്ക് കേരള പ്രകൃതി ദുരന്തത്തെ ഒക്കെ ഒരു ഓർമ്മപ്പെടുത്തൽ ആയിരുന്നു ഗ്രേറ്റർ ഹൂസ്റ്റണിൽ അപ്രതീക്ഷിതമായി വ്യാപകമായ നാശനഷ്ടം വിതച്ച ഈ കൊടിയ പ്രകൃതിദുരന്തം. ഈ പ്രകൃതിക്ഷോഭത്തിൽ നിന്ന് ഇത്രയധികം ആഘാതവും ദുരിതവും മലയാളികൾ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ഈ അനുഭവം പലർക്കും ഒരു പാഠമായിരുന്നു.

പ്രകൃതി ഷോഭത്തിൻ ഇത്രയധികം ബുദ്ധിമുട്ടും കഷ്ടപ്പാടുകളും ഇവിടെ നമ്മൾക്കു അനുഭവപെടുന്നുവെങ്കിൽ, മാസങ്ങൾ ആയി മനുഷ്യർ സ്വയം മറ്റു മാനുഷരുടെ മേൽ, യുക്രയിനിലും, പാലസ്റ്റിനിലും മറ്റും അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്ന പൈശാശിക യുദ്ധ കെടുതികൾ അവിചിന്തനീയം അല്ലേ?


കേരളം വിട്ടാൽ എന്ത് ജോലിയും ചെയ്യാൻ തയ്യാറുള്ള ദിവസക്കൂലിക്കാരായ പല മലയാളികൾക്ക് കൂടെ അഞ്ചാറു ദിവസത്തെ ദിവസക്കൂലി ആണ് ഈ പവർ കട്ട് കൊണ്ടും മറ്റുമുണ്ടായത്. ഇവിടത്തെ മിക്ക മലയാളി ഭവനങ്ങളിലും വ്യാപകമായി അടുക്കളത്തോട്ട കൃഷികൾ ഉണ്ട്. അവർക്ക് ഏതാണ്ട് 9 മാസത്തെ ക്ക് വേണ്ടതായ എല്ലാ പച്ചക്കറികളും അവർ തന്നെ ഇവിടെ കൃഷി ചെയ്ത് ഉത്പാദിപ്പിക്കുന്നു. മറ്റു നാശനഷ്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അവരുടെയൊക്കെ ഈ കൃഷിനാശം അത്ര വലുത് അല്ലെങ്കിലും ഒരു നഷ്ടം തന്നെയാണെന്ന് മലയാളികളായ അടുക്കള തോട്ട കൃഷിക്കാർ അഭിപ്രായപ്പെടുന്നു. പാവയ്ക്ക വെണ്ടയ്ക്ക, ചീനി, ചേന, വഴുതനങ്ങ, മുളക്, വെള്ളരി, മത്തങ്ങ, മുരിങ്ങ, മരച്ചീനി, വാഴ, ഓറഞ്ച്, നാരകം, വിവിധയിനം പയറുകൾ, തുടങ്ങിയ കൃഷികൾ എല്ലാം പന്തൽ തകർന്നു കൊടുങ്കാറ്റിൽ കൂപ്പു കുത്തി. ഇവരെല്ലാം നാട്ടിൽ ആയിരുന്നെങ്കിൽ അടുക്കളത്തോട്ട പച്ചക്കറി എന്നല്ല ഒരു പക്ഷേ ഒരു കൃഷിയും മടി പിടിച്ചോ എന്തോ അവിടെ ചെയ്തെന്ന് വരികയില്ലായിരുന്നു. നാട് വിടുമ്പോഴാണ് എല്ലാവരും വിദേശത്ത് എത്തിയാൽ എന്ത് പണിയും ചെയ്യാൻ തയ്യാറാകുന്നതു.. അതുമാതിരി വിദേശത്ത് വീട്ടുവളപ്പിൽ ഒരു സെൻറ് സ്ഥലം മാത്രം ഉണ്ടെങ്കിൽ പോലും അവിടെയും കൃഷി ചെയ്ത് കനകം വിളയിക്കാൻ മലയാളി തയ്യാറാകും. നാട്ടിലായിരുന്നെങ്കിൽ എത്ര സ്ഥലം ഉണ്ടായാലും മടിപിടിച്ച് ഒന്നും ചെയ്യാതെ ഇരുന്നിട്ട് മറ്റു സ്റ്റേറ്റുകളിൽ നിന്ന് വിഷം അടിച്ച പച്ചക്കറികൾ തീവിലകൊടുത്ത വാങ്ങാനും അവർക്ക് മടി ഉണ്ടാകാറില്ല. എന്നാൽ ഇവരെല്ലാം വിദേശത്ത് എത്തിക്കഴിഞ്ഞാൽ അവിടുത്തെ പുതിയ ആകാശവും ഭൂമിയും പുതിയ ചുറ്റുവട്ടവും കാണുമ്പോൾ ഇത്തരം കൃഷികൾ മാത്രമല്ല എന്ത് ജോലിയും ചെയ്യാൻ




തയ്യാറാകും. അപ്രകാരം ഊർജ്ജസ്വലരായ ഇവിടത്തെ മലയാളികൾക്കും ഈ കൊടുങ്കാറ്റ് ഒരുതരത്തിലുള്ള ഭീമമായ ഒരു കൃഷിനാശവും മലയാളിക്കു വരുത്തിവെച്ചു.

തൊടുപുഴ മൂവാറ്റുപുഴ കോതമംഗലം ഏരിയയിലെ പൈങ്ങോട്ടൂർ എന്ന മലയോര പ്രദേശത്ത് ഒരു ചെറുകിട കർഷക കുടുംബത്തിൽ ജനിച്ചു വളർന്ന ഈ ലേഖകൻ അമേരിക്കയിൽ എത്തിയിട്ട് 50 വർഷമായിട്ടും ഇപ്പോഴും ഇവിടെ എല്ലാവർഷവും ചെറുകിട അടുക്കള തോട്ടകൃഷി നടത്താറുണ്ട്. എല്ലാവരുടെയും എന്ന പോലെ ഇപ്രാവശ്യം ഇവിടെ ആഞ്ഞടിച്ച ഈ കൊടുങ്കാറ്റിന്റെ ആഘാതത്തിൽ ഈ ലേഖകനും വ്യാപകമായ കൃഷിനാശം ഉണ്ടായി. പുരപ്പുറത്ത് തന്നെ ഒരു മരം കടപുഴകി വീണു.ആളപായം ഒന്നും ഉണ്ടായില്ല എന്ന് മാത്രം.

ദുരന്ത ഭൂമിയിൽ നിന്ന് ഈ വാർത്തകളും അവലോകനങ്ങളും റിപ്പോർട്ട് ചെയ്യുന്ന ഈ ദിവസങ്ങളിൽ പ്രത്യേകിച്ച് വൈദ്യുതി ഏതാണ്ട് 90% ഭവനങ്ങളിലും സ്ഥാപനങ്ങളിലും എത്തിക്കഴിഞ്ഞു. അതിനാൽ ജനജീവിതം സാവധാനം പഴയ പടി ആയിക്കൊണ്ടിരിക്കുകയാണ്. അതുപോലെ നാശനഷ്ടങ്ങളുടെയും മറ്റും കണക്കെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നു. അറ്റകുറ്റപ്പണികളും തിരുതക്രിതിയായി ഇപ്പോൾ മുന്നേറിക്കൊണ്ടിരിക്കുന്നു. ദുരന്തഭൂമിയിൽ നിന്നുള്ള ഈ വാർത്തകളും, വിലയിരുത്തലുകളും അവലോകനങ്ങളും തൽക്കാലം ഇവിടെ പര്യവസാനിപ്പിക്കുന്നു.


Empowering the US Malayalee Community, Together We Can...
നാളെയുടെ നന്മയ്ക്കായി...
അവഗണിക്കപ്പെട്ട സമൂഹത്തിന്റെ ശബ്ദമായി
ഒക്കലഹോമയെ ഫോമാ-യിൽ ചേർത്ത്
നിർത്തുന്നതിനായി **ശ്രീ. ഷിബു ജേക്കബ്**-നെ
സൗത്തേൺ റീജിയന്റെ RVP ആയി
തിരഞ്ഞെടുക്കുക.
SHIBU JACOB
President, Oklahoma Malayalee Association
For FOMAA **Southern RVP**
2024-2026

# 12-ഇന പരിപാടിയുമായി
# ടീം ഫോമാ

**ഫോമാക്ക് പുത്തൻ മുഖച്ഛായ നൽകുന്ന നൂതന പദ്ധതികളും നയപരിപാടികളുമായി പ്രസിഡന്റ് തോമസ് ടി ഉമ്മന്റെ നേതൃത്വത്തിൽ 'ടീം ഫോമാ.'**

**തോമസ് ടി ഉമ്മൻ**
–പ്രസിഡന്റ്

**സാമുവൽ മത്തായി**
–ജനറൽ സെക്രട്ടറി

**ബിനൂബ് ശ്രീധരൻ**
–ട്രഷറർ

**സണ്ണി കല്ലൂപ്പാറ**
–വൈസ് പ്രസിഡന്റ്

**ഡോ. പ്രിൻസ് നെച്ചിക്കാട്**
–ജോ. സെക്രട്ടറി

**അമ്പിളി സജിമോൻ**
– ജോ. ട്രഷറർ


THOMAS T OOMMEN
PRESIDENT


SAMUEL MATHAI
GENERAL SECRETARY


BINOOB SREEDHARAN
TREASURER


SUNNY KALLOOPPARA
VICE PRESIDENT


DR. PRINCE NECHIKAT DBA
JOINT SECRETARY


AMBILY SAJIMON
JOINT TREASURER

## പന്ത്രണ്ടിന പരിപാടികൾ

- മുൻ പ്രസിഡന്റുമാരുടെ നേത്രുത്വത്തിൽ ആസ്ഥാന ബിൽഡിങ് കമ്മിറ്റി; മിച്ചം തുക കമ്മിറ്റിയെ ഏൽപ്പിക്കും
- വനിതാ സംരംഭകരുടെ അന്തർദേശീയ സംഗമം
- മലയാളി ടെക്നോളജി സമ്മിറ്റ്: സിലിക്കോൺ വാലി
- നാടക, സിനിമാ കലാകാരന്മാരുടെ ക്യാമ്പ്: ഹോളിവുഡ്
- യുവജനതക്കായി ഇന്റേൺഷിപ് പ്രോഗ്രാം; ഫെഡറൽ, സ്റ്റേറ്റ്, തലങ്ങളിലും വൻകിട കോർപ്പറേഷനുകളിലും
- ഒരു മില്യൺ ഡോളറിന്റെ ചാരിറ്റി പദ്ധതി; ഇന്ത്യക്കും അമേരിക്കക്കും തുല്യപ്രാധാന്യം
- വിദ്യാഭ്യാസ സ്കോളർഷിപ്–അമേരിക്കയിലും ഇന്ത്യയിലും
- ഇരട്ട പൗരത്വത്തിനു വേണ്ടിയുള്ള പ്രവർത്തനം, അതിനായി ഗ്ലോബൽ ഇനിഷ്യേറ്റീവ്
- പ്രൊഫെഷനലുകളുടെ ആഗോള സംഗമം.
- വിമൻസ് ഫോറവും നഴ്സസ് ഫോറവും സീനിയർ ഫോറവും ശക്തിപ്പെടുത്തും
- പുതുതലമുറക്കായി ജൂനിയർ ഫോറം കാര്യക്ഷമമാക്കും.
- ഫോമായുടെ ഭവന സഹായ പദ്ധതിയുൾപ്പെടെയുള്ള വിജയകരമായ കർമ്മപരിപാടികൾ തുടരും




## കേരളാ അസ്സോസിയേഷൻ (KANJ)

# സെവൻസ് സോക്കർ ടൂർണമെന്റ്: ഡാളസ് FCC ചാമ്പ്യന്മാർ

**ബൈജു വർഗീസ്**
(പ്രസിഡന്റ് കേരളാ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി - KANJ)

അമേരിക്കൻ മലയാളികൾക്ക് കാൽപ്പന്തുകളിയുടെ ആവേശം സമ്മാനിച്ച കേരളാ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ എവർ റോളിങ്ങ് ട്രോഫി വെലോച്ചേ KANJ സെവൻസ് ടൂർണമെന്റിന് ആവേശോജ്ജ്വലമായ കൊടിയിറക്കം. ജൂൺ 13 ശനിയാഴ്ച ബയോണിലെ ഹഡ്സൺ കൗണ്ടി പാർക്കിലെ സ്റ്റേഡിയത്തിൽ ഫൈനൽ മത്സരത്തിൽ ഡാളസ് FCC കപ്പിൽ മുത്തമിട്ടു. ആർസെനൽ ഫിലാഡൽഫിയ റണ്ണേഴ്സ് അപ് ട്രോഫി കരസ്ഥമാക്കി. 2ിറ റണ്ണർ അപ്പ് - ഡയമണ്ട് FC കാനഡ, കൊളമ്പസ് ടസ്കേഴ്സ്. ന്യൂയോർക് ചലഞ്ചേഴ്സ് ആണ് മൈനർ ലീഗ് ചാമ്പ്യന്മാർ, ന്യൂ കാസ്റ്റിൽ യുണൈറ്റഡ് റണ്ണർ അപ്പ്

ന്യൂയോർക്ക് ചലഞ്ചേഴ്സിന്റെ ആസിഫ് ജഢ ഗോൾഡൻ ബൂട്ട് ട്രോഫിയും, എഇഇ ഡാളസിന്റെ ഗോൾ കീപ്പർ പ്രദീപ് ഫിലിപ്പ് ഗോൾഡൻ ഗ്ലോവ് ട്രോഫിയും നിതിൻ ജേക്കബ് ബെസ്റ്റ് പ്ലയെർ ട്രോഫിയും കരസ്ഥമാക്കി.

വമ്പൻ ടൂർണമെറ്റുകളോട് കിടപിടിക്കുന്ന രീതിയിൽ ടൂർണമെൻറ് സംഘടിപ്പിച്ച കേരള അസോസിയേഷൻ പ്രെസിഡന്റ് ബൈജു വർഗീസിനും, സ്പോർട്സ് കമ്മിറ്റിയുടെ ചുമതലയുള്ള ടോം വർഗീസിനും, അസ്ലം ഹമീദിനും, ഷിജോ തോമസിനും അനുപ് മാത്യുവിനും ടീമിനും അഭിമാനിക്കാവുന്ന നേട്ടം.

ടൂർണമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത നൂറ്റിയമ്പതോളം കളിക്കാരെ ഉത്ഘാടന സമയത്തു ഫുടബോൾ ഗ്രൗണ്ടിൽ അണിനിരത്തി മാർച്ച് പാസ്ററ് നടത്തി പരിചയപ്പെടുത്തിയതായിരുന്നു. കളിക്കാർക്കൊപ്പം എത്തിയ കായിക പ്രേമികളെക്കൂടി കണക്കിലെടുത്താൽ അമേരിക്കയിലെ തന്നെ മികച്ച സോക്കർ പ്രേമികളുടെ സംഗമമായിരുന്നു ഈ ടൂർണമെന്റ് എന്ന് നിസ്സംശയം അവകാശപ്പെടാം.








ന്യൂയോർക്കിലെയും, ന്യൂ ജേഴ്സിയിലെയും ഫിലാഡൽഫിയയിലെയും മലയാളികൾ. കാഞ്ചിനു അതിനു സാധിക്കുമെന്നതിൽ ഒരു സംശയവും വേണ്ട.


ടൂർണമെന്റ് അക്ഷരാർത്ഥത്തിൽ ഒരു പൂരക്കാഴ്ചയാണ് സമ്മാനിച്ചതു. സംഘാടന മികവിൽ അമേരിക്കയിലെ മികച്ച ടൂർണമെന്റുകളുടെ കൂട്ടത്തിലേക്കു എഴുതി ചേർക്കാവുന്നതാണ് കഞ്ചിന്റെ ടൂർണമെന്റ് എന്ന് ടീം ക്യാപ്റ്റന്മാർ ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. സെവൻസ് ടൂർണമെന്റ് മത്സരത്തെ രണ്ടു കൈയും നീട്ടി സ്വീകരിച്ച ട്രൈ സ്റ്റേറ്റിലെ മലയാളി കൂട്ടായ്മയ്ക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നതായി പ്രസിഡന്റ് ബൈജു വർഗീസ് , സെക്രട്ടറി ടോം നെറ്റിക്കാടൻ , ട്രഷറർ നിർമൽ മുകുന്ദൻ , വൈസ് പ്രസിഡന്റ് സോഫിയ മാത്യു, ജോയിന്റ് സെക്രട്ടറി ഖുർഷിദ് ബഷീർ , ജോയിന്റ് ട്രഷറർ ടോം വർഗീസ്, ദയ ശ്യാം (കൾച്ചറൽ അഫയേഴ്‌സ്), രെശ്മി വിജയൻ (മീഡിയ & കമ്മ്യൂണിക്കേഷൻ), ജോർജി സാമുവൽ (ചാരിറ്റി അഫയേഴ്‌സ്), ജിജീഷ് തോട്ടത്തിൽ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്‌സ്), കൃഷ്ണ പ്രസാദ് (IT ഓഫീസർ), അസ്‌ലം ഹമീദ് (സ്പോർട്സ് അഫ്ഫയെർസ്), അനുപ് മാത്യൂസ് (യൂത്ത് അഫയേഴ്‌സ്), മുൻ പ്രസിഡന്റ് വിജേഷ് കാരാട്ട് എന്നിവർ അറിയിച്ചു.

കാനഡ, ഡാളസ്, ഓഹായോ, മെരിലാൻഡ്, ഫിലഡെൽഫിയാ, ന്യൂ യോർക്ക്, ന്യൂജേഴ്സി, ചിക്കാഗോ, ഡെലവെയർ, നോർത്ത് കരോലിന എന്നിവിടങ്ങളിൽ നിന്ന് വന്ന അമേരിക്കയിലെ തന്നെ മികച്ച ടീമുകൾ മാറ്റുരച്ച മത്സരങ്ങൾ സോക്കർ പ്രേമികൾക്ക് മികച്ച വിരുന്നായിരുന്നു. ടീമുകളെയും സോക്കർ പ്രേമികളെയും KANJ ജനറൽ സെക്രട്ടറി ടോം നെറ്റിക്കാടൻ സ്വാഗതം ചെയ്തു. ടോം വർഗീസ്, അസ്‌ലം ഹമീദ്, നിർമൽ മുകുന്ദൻ എന്നിവർ സംസാരിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി പ്രസിഡന്റ് ബൈജു വർഗീസ് ടൂർണമെന്റ് ഉത്ഘാടനം ചെയ്തു.

വരും വർഷങ്ങളിൽ കൂടുതൽ ടീമുകളെ ഉൾപ്പെടുത്തി ടൂർണമെന്റ് വിപുലീകരിക്കുമെന്ന് സംഘാടകർ അറിയിച്ചു. അമേരിക്കൽ മലയാളികൾക്ക് കാൽപ്പന്തു കളിയുടെ ആവേശോജ്വലമായ നിമിഷങ്ങൾ സമ്മാനിച്ച ഗംഭീര മത്സരങ്ങൾക്ക് തിരശീല വീഴുമ്പോൾ അടുത്ത വർഷത്തെ ടൂർണമെന്റിനായി കാത്തിരിക്കുകയാണ്







പ്രവർത്തന വീഥിയിലൂടെ മുന്നോട്ട്...
കരുത്തോടെ.... ദിശാബോധത്തോടെ....
ഫോമയോടൊപ്പം
UNITY
OUR STRENGTH
Happy Father's Day
FOMAA
TEAM UNITED
2024 - 2026
PAUL P JOSE
FOMAA
Joint Secretary
Candidate
2024 - 2026
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU MATHEW PUNNOOSE
for Vice President
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# ന്യൂയോർക് ശ്രീനാരായണ കൺവെൻഷൻ സമാപിച്ചു




ന്യൂയോർക് : എഫ് എസ് എൻ ഓ യുടെ ആഭിമുഖ്യത്തിൽ ജൂലൈ11 മുതൽ 14 വരെ കണക്ടിക്കട്ടിലെ ഹോട്ടൽ ഹിൽട്ടണിൽ നടന്നുവന്ന അഞ്ചാമത് ശ്രീനാരായണ കൺവെൻഷൻ ഞായറാഴ്ച സമാപിച്ചു.

4 ദിവസം നീണ്ടുനിന്ന കൺവെൻഷനിൽ കലാപരിപാടികളും, സമ്മേളനങ്ങളും പ്രോസെഷനു മെല്ലാം ശ്രീനാരായണ നഗറിനെ വർണ്ണാഭമാക്കി.

കേരളത്തിൽ നിന്നും മുഖ്യാതിഥികളായി സ്വാമി മുക്തനന്ദ യതി , ഗുരു നിത്യ ചൈതന്യയതിയുടെ ശിഷ്യൻ ശ്രീ ഷൌക്കത്ത് , പിന്നണിഗായകൻ ശ്രീ വിവേകാനന്ദൻ , കലാമണ്ഡലം ഡോ ധനുഷാ സന്യാൽ എന്നിവർ എത്തിയിരുന്നു .

കൺവഷനുശേഷം പ്രസിഡണ്ട് ശ്രീ സജീവ് ചേന്നാട്ട് , സെക്രട്ടറി ശ്രീമതി രേണുക ചിറകുഴിയിൽ , ട്രഷറർ ശ്രീ രാജീവ് ഭാസ്കരൻ , വൈസ് പ്രസിഡന്റ് ശ്രീ സുനിൽ കുമാർ കൃഷ്ണൻ എന്നിവരുടെ സാന്നിധ്യത്തിൽ വൈസ് ചെയർമാൻ അഡ്വക്കേറ്റ് അനിയൻ തയ്യിൽ , ചെയര്മാന് ഡോ :ചന്ദ്രോത് പുരുഷോത്തമൻ , 2026 ൽ ഫ്ലോറിഡയിൽ നടക്കുന്ന കൺവെൻഷന്റെ ഭാരവാഹികളെ തെരഞ്ഞെടുത്തു .

പ്രസിഡണ്ടായി ശ്രീ ബിനൂപ് ശ്രീധരനും (ഫ്ലോറിഡ) , സെക്രട്ട്രിയായി ശ്രീ സുജി വാസവനും(ഡാളസ്) ,

ട്രഷർ ആയി ശ്രീ ഉണ്ണി മണപ്പുറത്തും (ഹ്യൂസ്റ്റൺ), വൈസ് പ്രസിഡന്റ് ആയി ശ്രീ സുധിർദാസ് പ്രയാഗയും(മിസോറി) , ജോയിന്റ് സെക്രട്ടറിയായി ശ്രീ മഞ്ജുലാൽ നകുലനും ജോയിന്റ് ട്രഷറർ ആയി ശ്രീമതി രാജി തൈവളപ്പിലും ചുമതലയേറ്റു.












# ഹെലൻ ജോബി മംഗലത്തേട്ട് കെ.സി.സി.എൻ.എ. കൺവെൻഷൻ 2024 കലാതിലകം

ഡിട്രോയിറ്റ്: ടെക്സാസ് സംസ്ഥാനത്തെ സാൻ അന്റോണിയോയിലെ ഹെൻറി ഗൊൺസാലെസ് കൺവെൻഷൻ സെന്ററിൽ വെച്ച് 2024 ജൂലൈ 4,5,6,7 തീയതികളിൽ നടന്ന, നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമമായ ക്നാനായ കാത്തലിക്ക് കമ്മ്യൂണിറ്റി ഓഫ് നോർത്ത് അമേരിക്കയുടെ (കെ. സി. സി. എൻ. എ.) 15 മത് കൺവെൻഷനിൽ വെച്ച് നടത്തപ്പെട്ട കലോത്സവത്തിൽ, ഹെലൻ ജോബി മംഗലത്തേട്ട് കലാതിലകം ആയി തിരഞ്ഞെടുക്കപ്പെട്ടു. പങ്കെടുത്ത എല്ലാ ഇനങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയാണ് ഹെലൻ കലാതിലക പട്ടം നേടിയെടുത്തത്. ലളിതഗാനം, പ്രസംഗം, സിനിമാറ്റിക് ഡാൻസ് എന്നീ വ്യക്തിഗത ഇനങ്ങളിലും, പുരാതനപ്പാട്ട്, സിനിമാറ്റിക് ഗ്രൂപ്പ് ഡാൻസ് എന്നീ ഇനങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി.



2023-ൽ മിഷിഗൺ സ്റ്റേറ്റ് ഹൈസ്കൂൾ ലെവൽ ഡിബേറ്റ് കോംപെറ്റീഷൻ വിജയി കൂടി ആണ് ഹെലൻ. പഠനത്തോടൊപ്പം ചിത്രരചന, അഭിനയം, ഭരതനാട്യം, കർണാടിക് മ്യൂസിക് തുടങ്ങി വിവിധ പാഠ്യേതര വിഷയങ്ങളിലും സമർഥയാണ് ഹെലൻ.

മിഷിഗണിലെ ഡിട്രോയിറ്റിൽ താമസിക്കുന്ന, ക്നാനായ കാത്തലിക് സൊസൈറ്റി (കെ.സി.എസ്) ഡിട്രോയിറ്റ് & വിൻഡ്സർ അംഗങ്ങളായ മംഗലത്തേട്ട് ജോബി & മഞ്ജു ദമ്പതികളുടെ മൂന്നാമത്തെ പുത്രി ആണ് 14 വയസ്സുകാരി ഹെലൻ. സ്റ്റർലിങ്ങ് ഹൈറ്റ്സ് യൂട്ടിക്ക അക്കാഡമി ഫോർ ഇന്റർനാഷണൽ സ്റ്റഡീസിൽ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനി ആണ്.

ഹെലന്റെ സഹോദരിമാരായ ക്രിസ്റ്റീൻ, കെ.സി.സി.എൻ. എയുടെ 2014 ലെ ചിക്കാഗോ കൺവെൻഷനിലും, മെഗൻ 2018 ലെ അറ്റ്ലാന്റാ കൺവെൻഷനിലും കലാതിലകം ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

കെ.സി.സി.എൻ. എയുടെ ഈ ഭരണ സമിതിയുടെ പ്രസിഡന്റ് ഷാജി എടാട്ടിന്റെയും ടീമിന്റെയും, കൺവെൻഷൻ ചെയർമാൻ ജെറിൻ ലൂക്ക് പടപ്പറമ്പിൽന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട സാൻ അന്റോണിയോ കൺവൻഷൻ, സംഘാടക മികവ് കൊണ്ട് വൻ വിജയമായി മാറി.

കൺവെൻഷനിൽ ഏറ്റവും പ്രധാനപ്പെട്ട ആർട്ട് & ലിറ്ററി മത്സരങ്ങൾക്ക്, മരിയാപതിയിൽ ചെയർ പേഴ്സണായി, സിറിൽ വടകര, ആരതി കാരക്കാട്ട്, ബിനു എടകര എന്നിവർ അടങ്ങിയ കമ്മിറ്റി പ്രശംസനീയമായ നേതൃത്വം നൽകിയത്.

**വിനോദ് കൊണ്ടൂർ, ഡിട്രോയിറ്റ്.**


FOMAA
Team United 2024-2026
VOTE
FOR
BAIJU
VARGHESE
For FOMAA
General Secretary
കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ പ്രസിഡന്റ്
ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയണിന്റെ 2020 – 2024 ലെ
ശക്തനായ റീജിയണൽ വൈസ് പ്രസിഡന്റ് (RVP)
ഫോമാ 2022 Cancun കൺവെൻഷന്റെ
നാഷണൽ രജിസ്ട്രേഷൻ കോഓർഡിനേറ്റർ
ഫോമാ 2018 ചിക്കാഗോ കൺവെൻഷന്റെ
നാഷണൽ രജിസ്ട്രേഷൻ കമ്മിറ്റി മെമ്പർ
ഫോമാ ഹെല്പിങ് ഹാൻഡ്സ്,
സാന്ത്വന സംഗീതം കോഓർഡിനേറ്റർ
പുതിയ ആശയങ്ങൾ...
ഉപാധികളില്ലാത്ത സൗഹൃദം...
മികച്ച സംഘാടനം
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU PUNNOOSE
for Vice President
PAUL P. JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# നൈനാ ദ്വൈവാർഷിക സമ്മേളനം ആൽബനിയിൽ ഒക്ടോബർ നാലിനും അഞ്ചിനും





**പോൾ ഡി പനയ്ക്കൽ**

നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്കയുടെ ഒൻപതാം ദ്വിവത്സര സമ്മേളനത്തിനുള്ള അണിയറ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. ന്യൂ യോർക്ക് ആൾബനി ക്രൗൺ പ്ലാസാ ഹോട്ടലിൽ ഒക്ടോബർ നാലിനും അഞ്ചിനുമായിരിക്കും സമ്മേളനം നടക്കുക. നഴ്സിംഗ് പ്രൊഫെഷന്റെയും നഴ്സുമാരുടെ പ്രവർത്തനത്തിനും കാലിക പ്രധാനമായ വിഷയങ്ങൾ ലക്ഷ്യമാക്കി 'സിനെർജി ഇൻ ആക്ഷൻ: ഇന്നൊവേറ്റ്, ഇൻസ്പയർ, ഇന്റഗ്രേറ്റ് എന്ന തീമിനെ അടിസ്ഥാനമാക്കിയാണ് സമ്മേളന ലക്ഷ്യങ്ങളും വിഷയങ്ങളും സമ്മേളനത്തിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്.

അമേരിക്കയിലെ 4.7 ദശലക്ഷം രജിസ്റ്റേർഡ് നഴ്സുമാരിലെ പതിനായിര ക്കണക്കിനു വരുന്ന ഇന്ത്യൻ വംശക്കാരായ നഴ്സുമാരെയും നഴ്സിംഗ് പഠിക്കുന്നവരെയും ദേശീയ തലത്തിൽ ഒരു കുടക്കീഴെ കൊണ്ടുവരുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഏക ഇന്ത്യൻ സംഘടനയാണ് നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്ക (നൈന). വിവിധ സംസ്ഥാനങ്ങളിലായി ഇരുപത് ചാപ്റ്ററുകൾ നൈനയ്ക്കുണ്ട്. അമേരിക്കയുടെ ആരോഗ്യസംരക്ഷണ രംഗത്ത് വളരെ സ്വാധീനമുള്ള അമേരിക്കൻ നഴ്സസ് അസോസിയേഷൻ, അമേരിക്കയിൽ കുടിയേറാൻ ശ്രമിക്കുന്ന നഴ്സിംഗ് അടക്കം പല ആരോഗ്യപരിപാലന ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസയോഗ്യത നിശ്ചയിക്കുന്ന സി ജി എഫ് എൻ എസ്, നാഷണൽ കൊയലിഷൻ ഓഫ് എത്നിക് മൈനോറിറ്റി നഴ്സസ് ഓർഗനൈസേഷൻ, നാഷണൽ കൗൺസിൽ ഓഫ് സ്റ്റേറ്റ് ബോർഡ് ഓഫ് നഴ്സിംഗ് തുടങ്ങിയ അതുല്യ സംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കുന്ന നൈന ഇന്ത്യൻ അമേരിക്കൻ നഴ്സുമാരുടെ സ്വരമായാണ് കണക്കാക്കപ്പെടുന്നത്. 'ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും എല്ലാ നിലകളിലും ഇന്ന് ഇന്ത്യൻ നഴ്സുമാർ അവരുടെ മികവും അർപ്പണവും പ്രകടിപ്പിക്കുന്നുണ്ട്. ആനുപാതികമായി അമേരിക്കൻ ജനസംഖ്യയിൽ നാമമാത്രം ആണെങ്കിലും, ഇന്ത്യൻ നഴ്സുമാർ എങ്ങും ദൃശ്യമാണ്' സുജ തോമസ്, നൈനയുടെ ഇപ്പോഴത്തെ പ്രസിഡന്റ് ചൂണ്ടിക്കാട്ടി. ഹോസ്പിറ്റൽ-നഴ്സിംഗ് ഹോം എന്നീ അക്യൂട്ട്-ലോങ്ങ് ടെം കെയർ സെന്ററുകളിലെ പ്രാഥമിക ശുസ്രൂഷ ചെയ്യുന്നവർ മുതൽ, ഹോസ്പിറ്റൽ നേതൃത്വം, യൂണിവേഴ്സിറ്റി അധ്യാപനം, ഗവേഷണം, കമ്മ്യൂണിറ്റി ഹെൽത്, നഴ്സ് പ്രാക്ടീഷണർ, മുതലായ രംഗങ്ങളിൽ വ്യാപൃതരാണ് നൈനയിലെ നേതൃത്വം.

ഒക്ടോബർ നാലിന് തുടങ്ങി അഞ്ചാം തിയതി അവസാനിക്കുന്ന കോൺഫെറൻസ് വിവിധ വിഷയങ്ങളിലായി ഒരേ സമയം നാല് സെഷനുകൾ വീതമാണ് അവതരിപ്പിക്കുക. ചികിത്സാ രംഗത്തും ആതുര ശുസ്രൂഷയിലും ഗവേഷണവും ശാസ്ത്രീയ പരിശീലനവും വഴി ലഭ്യമാകുന്ന പുതിയ അറിവുകൾ ആണ് ഈ സെഷനുകളിൽ അവതരിപ്പിക്കപ്പെടുക. ഓരോ സെഷനും നഴ്സുമാർക്ക് അവരുടെ സർട്ടിഫിക്കേഷൻ നില നിർത്തുന്നതിനും ക്ലിനിക്കൽ ലാഡർ പോലുള്ള ഉയർച്ചയ്ക്കാവശ്യമായ അർഹത നൽകുന്നതിനുമുള്ള തുടർ വിദ്യാഭ്യാസ ക്രെഡിറ്റുകൾ നൽകും. 'രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന നഴ്സുമാരുടെ ഒത്തുകൂടലിനേക്കാൾ, തുടർ വിദ്യാഭ്യാസം നേടുന്നതിനും പ്രൊഫെഷനലെന്ന നിലയിൽ പരസ്പരം ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും പ്രചോദനം നൽകുന്നതിനും നേടുന്നതിനും നഴ്സിംഗ് കമ്മ്യൂണിറ്റിയിൽ തന്നെ ശാശ്വതമായ മാറ്റം വരുത്തുന്നതിനും നൈനയുടെ ഈ കോൺഫറൻസ് കാരണമാകും' സുജ തോമസ് എടുത്തുപറഞ്ഞു. നേരത്തെ രജിസ്റ്റർ ചെയ്യുന്നതു വഴി കോൺഫറൻസില് പങ്കെടുക്കുന്നതിനുള്ള സീറ്റ് ഉറപ്പിക്കുക മാത്രമല്ല നഴ്സിങ്ങിന്റെ ഭാവിയെക്കുറിച്ചുള്ള സംഭാഷണങ്ങളിലും ചർച്ചകളിലും ഭാഗഭാക്കാകാനുള്ള ഒരവസരം കൂടിയാണിത്. സി ജി എഫ് എൻ എസിന്റെ ഗവേണിങ് ബോഡിയിലുള്ള സുജ തുടർന്നു പറഞ്ഞു. സിജിഎഫ്എൻഎസ് ഇന്റർനാഷനലിന്റെ ചീഫ് ഓഫ് സ്ട്രാറ്റജി ആൻഡ് ഗവണ്മെന്റ് അഫയേഴ്സ് ആയിരിക്കും ആദ്യ ദിവസത്തെ മുഖ്യ പ്രഭാഷകൻ. സിജിഎഫ്എൻഎസ് ഇന്റർനാഷനലിന്റെ ചീഫ് ഓഫ് സ്ട്രാറ്റജി ആൻഡ് ഗവണ്മെന്റ് അഫയേഴ്സ് ആയിരിക്കും ആദ്യ ദിവസത്തെ മുഖ്യ പ്രഭാഷകൻ. ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ ഓഫ് ആൾബനിയാണ് കോൺഫറൻസിന് ആതിഥേയത്വം നൽകുന്നത്. നാഷണൽ കൺവീനർ താര ഷാജന്റെയും ചാപ്റ്റർ കൺവീനർ അമ്പിളി നായരുടെയും നേതൃത്വത്തിൽ കോൺഫറൻസ് കമ്മിറ്റി സമ്മേളനത്തിന്റെ സമ്പൂർണ്ണ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

ഏർളി രെജിസ്ട്രേഷൻ പുരോഗമിക്കുന്നുവെന്ന് കൺവീനർ താരാ ഷാജൻ പറഞ്ഞു. കോൺഫറൻസ് രജിസ്ട്രേഷന് https://nainausa.org/biennial-conference-24-registration എന്ന ലിങ്കിൽ ചെയ്യാവുന്നതാണ്. കോൺഫറൻസ് സുവനീറിലേക്ക് പ്രൊഫെഷണൽ ലേഖനങ്ങൾ ക്ഷണിക്കുന്നുവെന്ന് സുവനീർ കമ്മിറ്റി ചെയർ ഡോ. ഷൈല റോഷിൻ അറിയിച്ചു. അയയ്ക്കേണ്ട ലിങ്ക്: https://nainausa.org/conference-24-souvenir/ കൂടുതൽ വിവരങ്ങൾക്ക്: nainausa.org

# കേരളാ അസ്സോസിയേഷന്റെ മലയാളം അക്കാഡമി വൻ വിജയം


**ബൈജു വര്ഗീസ്**

പ്രസിഡന്റ് കേരളാ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി - KANJ


കേരളാ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ 2024 എക്സിക്യൂട്ടീവ് കമ്മിറ്റിക്കും ഗഅചഖ ചലഃഏലി ഫോക്കസ് ഗ്രൂപ്പിനും അഭിമാനിക്കാവുന്ന നേട്ടമാണ് ഗഅചഖ മലയാളം അക്കാഡമി. നൂറു ശതമാനം വളണ്ടിയർ സഹായത്തോടെ പൂർണമായും സൗജന്യമായി നടന്നുപോകുന്ന ഒന്നാണ് ഗഅചഖ മലയാളം ക്ലാസുകൾ. മാർച്ചിൽ ആരംഭിച്ച ആദ്യ ബാച്ചിൽ നൂറ്റിഅമ്പതോളം കുട്ടികളാണ് ഒരൊറ്റ ദിവസം കൊണ്ട് രജിസ്റ്റർ ചെയ്തത്. സ്ഥലപരിമിതി മൂലം രെജിസ്ട്രേഷൻ നിർത്തിവയ്ക്കേണ്ട സാഹചര്മാണ് ഉണ്ടായത്. സൂം കോളുകളിൽ ഒതുങ്ങി നിൽക്കാതെ ക്ലാസുകൾ നടത്താനായിരുന്നു ഗഅചഖ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഉറച്ച തീരുമാനം.

ഇത്രയധികം കുട്ടികളെ എങ്ങിനെ മാനേജു ചെയ്യും എന്ന കാര്യത്തിൽ ഉണ്ടായിരുന്ന സംശയം വോളന്റിയേഴ്സ് ആയി ഇരുപതോളം പേര് കടന്നു വന്നതോടെ ഇല്ലാതായി. കുട്ടികളുടെ മാതാപിതാക്കളുടെ സഹകരണമാണ് അക്കാഡമിയുടെ വിജയത്തിന്റെ പിന്നിലുള്ള പ്രധാന ഘടകം. ഇരുപതു വര്ഷം മുമ്പ് ഗഅചഖ മലയാളം ക്ലാസുകൾ കൈകാര്യം ചെയ്തിരുന്ന ജൈസൺ അലെക്സും, അന്നത്തെ പ്രിൻസിപ്പൽ ചിത്ര മേനോനും ഉത്സാഹത്തോടെ കൂടെ നിന്നതോടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ആത്മവിശ്വാസം വർധിച്ചു. ഇതിന്റെ പ്രതിഫലനമാണ് ആറു മാസത്തിനിപ്പുറം നിറഞ്ഞു നിൽക്കുന്ന ഇന്നത്തെ ഗഅചഖ മലയാളം അക്കാദമി. പാർസിപ്പനിയിലും ഈസ്റ്റ് ബ്രൺസ്വിക്കിലുമായി രണ്ടു സെന്ററുകളാണ് നൂറ്റിയമ്പതോളം കുട്ടികൾക്കായാണ് ഇപ്പോൾ ക്ലാസുകൾ നടക്കുന്നത്. ജേഴ്സി സിറ്റി, സൗത്ത് ജേഴ്സി തുടങ്ങിയ ഇടങ്ങളിൽ പുതിയ ക്ലാസുകൾ ആരംഭിക്കണം എന്നാണ് സംഘാടകരുടെ ആഗ്രഹം എന്ന് പ്രസിഡന്റ് ബൈജു വര്ഗീസും സ്കൂൾ പ്രിൻസിപ്പൽ നാസിർ ഹുസൈൻ, ഗഅചഖ മലയാളം അക്കാഡമി കോഡിനേറ്റർസ് ആയ രസ്മി വിജയൻ, ട്രെഷറർ നിർമൽ മുകുന്ദൻ എന്നിവർ അഭിപ്രായപ്പെട്ടു. ഈ രണ്ടു സെന്റററുകൾ കൂടി ആരംഭിച്ചാൽ കുട്ടികളുടെ എണ്ണം ഇരുനൂറു കടക്കുമെന്ന കാര്യത്തിൽ സംശയം ഇല്ല.




കേരള സർക്കാരിന്റെ കീഴിലുള്ള കേരളം മലയാളം മിഷനുമായി സഹകരിച്ചുകൊണ്ട് കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി ഒരു മലയാളം ചാപ്റ്റർ തുടങ്ങാനുള്ള തീരുമാനം എടുത്തപ്പോൾ ആദ്യം ഉയർന്നു വന്ന ചോദ്യം നമ്മുടെ കുട്ടികൾ മലയാളം പഠിച്ചിട്ട് എന്തിനാണ് എന്നതാണ്. ഒന്നിൽ കൂടുതൽ ഭാഷകൾ പഠിക്കുന്നത് കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുകയും , സർഗാത്മകത വളർത്തുകയും ഓർമശക്തിയും ആത്മവിശ്വാസവും വർധിപ്പിക്കുകയുമൊക്കെ ചെയ്യുമെന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സംഗതിയാണ്. പക്ഷെ അതിനേക്കാളേറെ നമ്മൾ മലയാളം പഠിക്കുമ്പോൾ നമ്മുടെ സംസ്കാരത്തിന്റെ ഒരു വാഹനമായി കൂടി ഈ ഭാഷാപഠനം മാറുകയാണ്. നമ്മുടെ പാട്ടുകളും, കഥകളും സിനിമകളും മാറ്റ് സാംസ്കാരിക കലാരൂപങ്ങളും നമ്മുടെ അടുത്ത തലമുറ നിലനിർത്താൻ പോകുന്നത് ഇത്തരം മലയാളം ഭാഷാപഠനത്തിലൂടെയാണ്.



ഇങ്ങിനെയുള്ള ഒരു ചിന്തയുടെ അടിസ്ഥാനത്തിലാണ് കേരള മലയാളം മിഷന്റെ സഹകരണത്തോടെ ഗഅചഖ മലയാളം അക്കാഡമി ആരംഭിച്ചത്. വളണ്ടിയർ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സൗജന്യമായി പരിശീലനം നൽകിയാണ് അധ്യാപകരെ വളർത്തിയെടുക്കാൻ സാധിച്ചത്.

നൂറു ശതമാനം വളണ്ടിയർ സഹായത്തോടെ പൂർണമായും സൗജന്യമായി നടന്നുപോകുന്ന ഒന്നാണ് ഗഅചഖ മലയാളം ക്ലാസുകൾ. ഏതാണ്ട് ഇരുപത്തിയഞ്ചോ

ളം സന്നദ്ധപ്രവർത്തകർക്ക് കേരളം മലയാളം മിഷൻ ട്രെയിനിങ് നൽകി. പന്ത്രണ്ടോളം മുഴുവൻ സമയം പ്രവർത്തകരും എട്ടോളം മറ്റുള്ളവരും ഇപ്പോഴും കട്ടക്ക് കൂടെയുണ്ട്. നൂറ്റി അമ്പതോളം പാഠ പുസ്തകങ്ങൾ കേരള മലയാളം മിഷൻ സൗജന്യമായി പഠിതാക്കൾക്ക് നൽകി. അമേരിക്കയിൽ താമസിക്കുന്ന ഒരു കുട്ടി കേരളത്തിൽ തന്റെ മുത്തശ്ശനും മുത്തശ്ശിക്കും കൂടെ താമസിക്കാൻ പോകുന്ന ഒരു സാങ്കല്പിക സന്ദർഭത്തെ അടിസ്ഥാനമാക്കി വീഡിയോ , ര









സകരമായ കളികൾ , പാട്ടുകൾ ഒക്കെ ഉൾപ്പെടുത്തി ഉള്ള പഠനരീതിയാണ് നമ്മൾ പിന്തുടരുന്നത്. പഠന സഹായം പൂർണമായും കേരള മലയാളം മിഷന്റെ സായാഹത്തോടെയാണ്. ഈ ക്ലാസുകളിൽ വളണ്ടിയർ ചെയ്യുന്നവർക്ക് കേരള സർക്കാർ അംഗീകൃത അദ്ധ്യാപകരായി അംഗീകരിച്ചുകൊണ്ടുള്ള ഐഡി കാർഡുകൾ ഒരു വര്ഷം പൂർത്തിയാകുമ്പോൾ നൽകും. കണിക്കൊന്ന എന്ന ആദ്യ ക്ലാസ് രണ്ടു വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് ഇതിന്റെ സിലബസ്.

ഗൾഫ് രാജ്യങ്ങളിലോ , മറ്റ് ഇന്ത്യൻ സംസ്ഥാങ്ങളിലോ താമസിക്കുന്ന മലയാളി കുട്ടികളിൽ നിന്ന് നമ്മുടെ കുട്ടികൾ വ്യത്യസ്തരായിരിക്കാൻ ഒരു കാരണം നമ്മുടെ പല കുട്ടികളും വീട്ടിൽ മലയാളം ഒന്നാം ഭാഷയായി സംസാരിക്കുന്നില്ല എന്നതാണ്. നമ്മുടെ കുട്ടികൾ മലയാളം പറഞ്ഞു തുടങ്ങിയിട്ട് വേണം അവരെ വായിക്കാനും എഴുതാനും പഠിപ്പിക്കാൻ. അതുകൊണ്ട് തന്നെ നമ്മുടെ കുട്ടികളെ മലയാളം സംസാരിക്കാൻ പഠിപ്പിക്കാൻ റൗീഹശിഴീ മാതൃകയിൽ ഒരു ആപ്പ് ഡെവലപ്പ് ചെയ്യുന്ന കാര്യം കേരള മലയാളം മിഷനുമായി സംസാരിച്ചിട്ടുണ്ട്. ഗഅചഖ അതിനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യാനുള്ള സപ്പോർട്ട് നൽകാനുള്ള ചർച്ചകൾ നടക്കുന്നു. ലോകത്താകമാനമുള്ള മലയാളി കുട്ടികൾക്ക് സഹായകമാകുന്ന ഒന്നായി ഈ അപ്ലിക്കേഷൻ മാറണം എന്നാണ് കേരളം അസോസിയേഷൻ ഓഫ് ന്യൂ ജേഴ്‌സിയുടെ ആഗ്രഹം.

ഗഅചഖ മലയാളം അക്കാഡമിയുടെ അടുത്ത ബാച്ച് ഈ സെപ്റ്റംബറിൽ തുടങ്ങും. അതിനുള്ള രെജിസ്ട്രേഷൻ നടപടികൾ ഈ മാസം തന്നെ തുടങ്ങാനാണ് പ്ലാൻ. എല്ലാവരുടെയും പൂർണ  സഹകരണം പ്രതീക്ഷിക്കുന്നു. ഇതിന്റെ വിജയത്തിൽ അക്കാദമി പ്രിൻസിപ്പൽ നാസിർ ഹുസ്സൈന്റെ കഠിനാധ്വാനം പ്രത്യേകിച്ച് എടുത്തു പറയേണ്ടതാണ്.  ഇപ്പോൾ നടക്കുന്ന ക്ലാസുകളിൽ വളന്റീർ ചെയ്യുന്ന എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി ആയിരിക്കുന്നതായി പ്രസിഡന്റ് ബൈജു വര്ഗീസ് ,  സെക്രട്ടറി ടോം നെറ്റിക്കാടൻ , ട്രഷറർ നിർമൽ മുകുന്ദൻ , വൈസ് പ്രസിഡന്റ് സോഫിയ മാത്യു,  ജോയിന്റ് സെക്രട്ടറി ഖുർഷിദ് ബഷീർ , ജോയിന്റ് ട്രഷറർ ടോം വര്ഗീസ്, ദയ ശ്യാം (കൾച്ചറൽ അഫയേഴ്‌സ്), രെശ്മി വിജയൻ  (മീഡിയ & കമ്മ്യൂണിക്കേഷൻ), ജോർജി സാമുവൽ (ചാരിറ്റി അഫയേഴ്‌സ്), ജിജീഷ്  തോട്ടത്തിൽ  (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്‌സ്), കൃഷ്ണ പ്രസാദ് (കഠ ഓഫീസർ), അസ്‌ലം ഹമീദ് (സ്‌പോർട്സ് അഫ്ഫയെര്സ്),  അനുപ് മാത്യൂസ് (യൂത്ത് അഫയേഴ്‌സ്), മുൻ പ്രസിഡന്റ് വിജേഷ് കാരാട്ട് എന്നിവർ അറിയിച്ചു.

# സീറോമലബാർ നാഷണൽ ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു



ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്. എം. സി. സി.) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് സെപ്റ്റംബർ 27 മുതൽ 29 വരെ ഫിലാഡൽഫിയയിൽ നടക്കുന്ന കുടുംബസംഗമത്തിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് ചിക്കാഗൊ മാർ തോമ്മാശ്ലീഹാ കത്തീഡ്രലിൽ നടത്തി.

ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് ദിവ്യബലിക്കുശേഷം ഫാമിലി കോൺഫറൻസ് നാഷണൽ കോർഡിനേറ്റർ ജോൺസൺ കണ്ണൂക്കാടനിൽ നിന്നും ആദ്യ രജിസ്ട്രേഷൻ സ്വീകരിച്ചു. ബിഷപ് എമരിത്തൂസ് മാർ ജേക്കബ് അങ്ങാടിയത്ത്, കത്തീഡ്രൽ വികാരി വെരി റവ. ഫാ. തോമസ് കടുകപ്പിള്ളിൽ, രൂപതാ വൈസ് ചാൻസലർ റവ. ഫാ. ജോൺസൺ, റവ. ഫാ. യൂജീൻ, ഫാമിലി കോൺഫറൻസ് ചെയർപേഴ്സൺ ജോർജ് മാത്യു, എസ്. എം. സി. സി. നാഷണൽ സെക്രട്ടറി/ജൂബിലികമ്മിറ്റി കോചെയർപേഴ്സൺ മേഴ്സി കുര്യാക്കോസ്, ചിക്കാഗൊ ചാപ്റ്റർ ഭാരവാഹികളായ സെബാസ്റ്റ്യൻ എമ്മാനുവേൽ, ജോസഫ് ജോസഫ്, കത്തീഡ്രൽപള്ളി കൈക്കാരന്മാരായ ബിജി മാണി, ബോബി ചിറയിൽ, സന്തോഷ് കാട്ടൂക്കാരൻ, വിവിഷ് ജേക്കബ് എന്നിവരും സന്നിഹിതരായിരുന്നു.

എസ്. എം. സി. സി. മുൻ നാഷണൽ പ്രസിഡന്റ് ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ഷാബു മാത്യു, ബിജി വർഗീസ്, നീനു പ്രതീഷ്, ജോസഫ് നഴിയമ്പാറ, ഷിബു അഗസ്റ്റിൻ, കുര്യാക്കോസ് തുണ്ടിപറമ്പിൽ, ഷാജി ജോസഫ്, സണ്ണി വള്ളിക്കളം, ആഗ്നസ് തെങ്ങുംമൂട്ടിൽ എന്നിവരും രജിസ്ട്രേഷൻ കിക്ക് ഓഫ് ചടങ്ങിൽ പങ്കെടുത്തു. അൽഫോൻസാ ഹാളിലായിരുന്നു ചടങ്ങുകൾ ക്രമീകരിച്ചിരുന്നത്.

ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് തന്റെ ആമുഖ പ്രസംഗത്തിൽ രൂപതയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും ഫിലാഡൽഫിയായിൽ 1999 ൽ നടന്ന ആദ്യ സീറോമലബാർ നാഷണൽ കൺവൻഷൻ എങ്ങനെ സഹായകമായി എന്നും, രൂപതയുടെ വളർച്ചയ്ക്ക് എസ്. എം. സി. സി. നൽകിക്കൊണ്ടിരിക്കുന്ന സഹായസഹകരണങ്ങളും അനുസ്മരിച്ചു. മാർ ജേക്കബ് അങ്ങാടിയത്ത് ഫാമിലി കോൺഫറൻസിന്എല്ലാവിധ ആശംസകളും അർപ്പിച്ചു. ചെയർപേഴ്സൺ ജോർജ് മാത്യു തന്റെ പ്രസംഗത്തിൽ രൂപതയിലെ എല്ലാ സീറോമലബാർ വിശ്വാസികളെയും കുടുംബമേളയിലേയ്ക്ക് സ്വാഗതം ചെയ്യുകയും, എല്ലാവരും നേരത്തെതന്നെ രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. മേഴ്സി കുര്യാക്കോസ് എല്ലാവരെയും സദസിന് പരിചയപ്പെടുത്തി. ജോൺസൺ കണ്ണൂക്കാടൻ എം. സി. യായി. ചാപ്റ്റർ സെക്രട്ടറി സെബാസ്റ്റ്യൻ എമ്മാനുവേൽ നന്ദി പ്രകാശിപ്പിച്ചു.

കൊവിഡ് മഹാമാരിക്കുശേഷം രൂപതയുടെ നേതൃത്വത്തിൽ എല്ലാ സീറോമലബാർ ഇടവകകളുടെയും, മിഷനുകളുടെയും സഹകരണത്തോടെ ഫിലാഡൽഫിയയിൽ നടത്തപ്പെടുന്ന ഈ ദേശീയ കൂടുംബസംഗമം അമേരിക്കയിലെ നസ്രാണികത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തുചേരലായിരിക്കും. സീറോമലബാർ ദേശീയ കുടുംബസംഗമത്തിനും, എസ്. എം. സി. സി. രജതജൂബിലി ആഘോഷങ്ങൾക്കും, സഭാപിതാക്കന്മാരും, വൈദികരും, സന്യസ്തരും, അത്മായനേതാക്കളും, അമേരിക്കയിലെ എല്ലാ ഇടവകകളിൽനിന്നുമുള്ള കുടുംബങ്ങളും പങ്കെടുക്കും. മൂന്നുദിവസത്തെ സമ്മേളനത്തോടനുബന്ധിച്ച് എല്ലാദിവസവും ആഘോഷമായ ദിവ്യബലി, യുവജനസമ്മേളനം,





മിസ് സീറോമലബാർ മൽസരം, ക്വയർ ഫെസ്റ്റ്, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണിതനിമയിലുള്ള പൈതൃകഘോഷയാത്ര, ബൈബിൾ സ്‌കിറ്റ്, വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ/ചർച്ചാസമ്മേളനങ്ങൾ, വിവാഹജീവിതത്തിന്റെ 25/50 വർഷങ്ങൾ ആഘോഷിക്കുന്ന ജൂബിലി ദമ്പതിമാരെ ആദരിക്കൽ, മതാദ്ധ്യാപകസംഗമം, ബാങ്ക്വറ്റ്, വോളിബോൾ ടൂർണമെന്റ്, ഫിലാഡൽഫിയ സിറ്റി ടൂർ എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

സീറോമലബാർ കൂടുംബസംഗമത്തിന്റെ നടത്തിപ്പിനായി ദേശീയതലത്തിൽ ബിഷപ് മാർ ജോയ് ആലപ്പാട്ട് മുഖ്യ രക്ഷാധികാരിയും, എസ്. എം. സി. സി. നാഷണൽ സ്പിരിചൽ ഡയറക്ടർ റവ. ഫാ. ജോർജ് എളംബാശേരിൽ; ആതിഥേയഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും; ജോർജ് മാത്യു സി.പി.എ. (ചെയർപേഴ്സൺ), ഡോ. ജയിംസ് കുറിച്ചി, മേഴ്സി കുര്യാക്കോസ്, (കോചെയർപേഴ്സൺസ്), ജോസ് മാളേയ്ക്കൽ (ജനറൽ സെക്രട്ടറി), ജോർജ് വി. ജോർജ് (ട്രഷറർ), നാഷണൽ കോർഡിനേറ്റർമാരായ ജോജോ കോട്ടൂർ, ജോൺസൺ കണ്ണൂക്കാടൻ എന്നിവരും, വിവിധ സബ്കമ്മിറ്റി ചെയർപേഴ്സൺസും ഉൾപ്പെടെയുള്ള സിൽവർ ജൂബിലി കമ്മിറ്റി എസ്. എം. സി. സി. നാഷണൽ പ്രസിഡന്റ് സിജിൽ പാലക്കലോടി, ജനറൽ സെക്രട്ടറി മേഴ്സി കുര്യാക്കോസ്, ബോർഡ് ചെയർമാൻ ജോർജുകുട്ടി പുല്ലാപ്പള്ളി എന്നിവർ നേതൃത്വം നൽകുന്ന നാഷണൽ കമ്മിറ്റിയോടൊപ്പം പ്രവർത്തിക്കുന്നു.





മൂന്നുദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഒരാൾക്ക് ഭക്ഷണമുൾപ്പെടെ 150 ഡോളറും, നാലുപേരടങ്ങിയ ഫാമിലിക്ക് 500 ഡോളറുമാണു രജിസ്ട്രേഷൻ ഫീസ്. ദൂരസ്ഥലങ്ങളിൽനിന്നെത്തുന്നവർക്ക് താമസത്തിന് സമീപസ്ഥങ്ങളായ ഹോട്ടലുകൾ കൂടാതെ ആതിഥേയ കുടുംബങ്ങളെ ക്രമീകരിക്കുന്നതിനും സംഘാടകർ ശ്രമിക്കുന്നു.

കോൺഫറൻസിന് രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ വഴിയുള്ള രജിസ്ട്രേഷൻ ആണ് ഏറ്റവും സ്വീകാര്യം. കോൺഫറൻസ് സംബന്ധിച്ച എല്ലാവിവരങ്ങളും ജൂബിലി വെബ്സൈറ്റിൽ ലഭ്യമാണ്.

വെബ്സൈറ്റ്: www.smccjubilee.org

സോമർസെറ്റ് സെ. തോമസ്, ന്യൂയോർക്ക് ബ്രോങ്ക്സ് ദേവാലയങ്ങളിൽ ഇതിനോടകം നടന്ന കിക്ക് ഓഫുകളിൽ ധാരാളം കുടുംബങ്ങൾ ബുക്കുചെയ്തുകഴിഞ്ഞു. സീറ്റുകൾ പരിമിതമായതിനാൽ താല്പര്യമുള്ളവർ എത്രയും പെട്ടെന്ന് വെബ്സൈറ്റുവഴി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിക്കുന്നു. രജിസ്ട്രേഷനുള്ള അവസാനതിയതി ആഗസ്റ്റ് 31.





എന്നും കൂടെ ഉണ്ടായിരുന്നു....
ഉണ്ട്.. ഇനിയും ഉണ്ടാവും..
നിങ്ങളുടെ സ്വന്തം
ഷാലു പുന്നൂസ്
VOTE
FOR THE FUTURE
SHALU PUNNOOSE
FOMAA Vice President Candidate
FOMAA
TEAM UNITED
2024 - 2026
UNITY
OUR STRENGTH
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# വിജയമുറപ്പിച്ച് ഫോമാ പ്രസിഡന്റ് സ്ഥാനാർത്ഥി ബേബി മണക്കുന്നേലിന്റെ ടീം യുണൈറ്റഡ്




**എ.എസ് ശ്രീകുമാർ**

ഹൂസ്റ്റൺ: അമേരിക്കൻ മലയാളി സംഘടനകളെ ഒരു കുടയുടെ തണലിൽ ഒരുമിപ്പിക്കുന്ന ഫോമായുടെ 2024-'26 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്ന 'ടീം യുണൈറ്റഡ്', പ്രസിഡന്റ് സ്ഥാനാർത്ഥി ബേബി മണക്കുന്നേലിന്റെ നേതൃമികവിൽ വിജയമുറപ്പിച്ച് മുന്നേറുന്നു. അംഗസംഘടനകളുടെയും വിവിധ ഫോമാ റീജിയനുകളുടെയും അമേരിക്കൻ മലയാളി പൊതുസമൂഹത്തിന്റെയും ആശീർവാദങ്ങളും പിന്തുണയും ഏറ്റുവാങ്ങിക്കൊണ്ടാണ് ടീം യുണൈറ്റഡ് കുതിപ്പ് തുടരുന്നത്. ഏറെ ആവേശത്തോടെയും പ്രതിജ്ഞാബദ്ധതയോടെയുമാണ് ടീം യുണൈറ്റഡ് ജനവിധി തേടുന്നത്.

റിട്ടയർമെന്റ് പ്രൊജക്ട്, റീജിയനുകളുടെ ശാക്തീകരണത്തിലൂടെയുള്ള ഫോമായുടെ കെട്ടുറപ്പ്, വനിതാ-യുവജനക്ഷേമം, ബിസിനസ് ഫോറത്തിന് റീജിയൻ തലത്തിൽ ശാഖകൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, ഹെൽപ്പിംഗ് ഹാൻഡ്സിന് പുതിയ മുഖം, റീജിയൻ തലത്തിലെ കലാ-കായിക മത്സരങ്ങളും നാഷണൽ കൺവൻഷനിൽ ഗ്രാന്റ് ഫിനാലെയും, അമേരിക്കൻ മണ്ണിലെ കൺവൻഷൻ തുടങ്ങി നിരവധി സ്വപ്ന പദ്ധതികളാണ് ടീം യുണൈറ്റഡ് ആവിഷ്ക്കരിച്ച് നടപ്പാക്കുക. കൂടാതെ അമേരിക്കൻ മലയാളി സമൂഹത്തെ പൊതുവിൽ ബാധിക്കുന്ന പ്രശ്നങ്ങളുടെ സമയബന്ധിതമായ പരിഹാരവും ലക്ഷ്യമിടുന്നു. നാട്ടിലേക്കുള്ള ജീവകാരുണ്യ പദ്ധതികളുടെ തുടർച്ചയും അവസരോചിതമായി ഉണ്ടാകും.

പരിണതപ്രജ്ഞരും സംഘാടന ശേഷിയുള്ളവരും സർവസമ്മതരുമാണ് ടീം യുണൈറ്റഡ് പാനൽ അംഗങ്ങൾ. അർപ്പണബോധവും ജനകീയ പ്രവർത്തന പാരമ്പര്യവും ദീർഘവീക്ഷണവും മുഖമുദ്രയാക്കിയ ബേബി മണക്കുന്നേലിന്റെ ടീമിന് നടപ്പാക്കുവാനുള്ളത് നിരവധി സ്വപ്ന പദ്ധതികളാണ്. 2024-26 പ്രവർത്തന കാലഘട്ടത്തിലേക്ക് ഫോമായെ നയിക്കുവാൻ എന്തുകൊണ്ടും പ്രാപ്തരാണ് ടീം യുണൈറ്റഡ് എന്ന് റീജിയനുകളിലും മറ്റും അവർക്ക് ലഭിച്ച ഊഷ്മള സ്വീകരണങ്ങൾ തെളിയിക്കുന്നു.

അമേരിക്കൻ മലയാളി സമൂഹത്തിൽ സംഘാടന മികവു കൊണ്ട് ശ്രദ്ധേയനായ പൊതുപ്രവർത്തകൻ ബേബി മണക്കുന്നേൽ (ഹൂസ്റ്റൺ) നയിക്കുന്ന ടീം യുണൈറ്റഡിൽ നിന്ന് ജനറൽ സെക്രട്ടറിയായി ബൈജു വർഗീസ് (ന്യൂജേഴ്സി), ട്രഷററായി സിജിൽ ജോർജ് പാലക്കലോടി (കാലിഫോർണിയ) വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ഷാലൂ മാത്യു പുന്നൂസ് (ഫിലാഡൽഫിയ) ജോയിന്റ് സെക്രട്ടറിയായി പോൾ പി ജോസ് (ന്യൂയോർക്ക്), ജോയിന്റ് ട്രഷററായി അനുപമ കൃഷ്ണൻ (ഒഹായോ) എന്നിവരാണ് മൽസരിക്കുന്നത്. ബേബി മണക്കുന്നേൽ ഫോമായുടെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ജനവിധി തേടുമ്പോൾ അത് അമേരിക്കൻ മലയാളി ചരിത്രത്തിന്റെ പുതു അദ്ധ്യായം കുറിക്കലായിരിക്കുമെന്ന് ഏവരും സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം ജില്ലയിലെ പിറവം സ്വദേശിയാണ് ബേബി മണക്കുന്നേൽ. കൊമേഴ്സിൽ മാസ്റ്റർ ഡിഗ്രി നേടിയ അദ്ദേഹം

നാട്ടിലും വ്യത്യസ്തങ്ങളായ കർമ്മ രംഗങ്ങളിലൂടെ കടന്നുപോയ വ്യക്തിത്വമാണ്. അദ്ധ്യാപകനായി ഒരു ദശാബ്ദത്തോളം പ്രവർത്തിച്ചു. ഒപ്പം രാഷ്ട്രീയ പ്രവർത്തനവുമുണ്ടായിരുന്നു. യൂത്ത് കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റ്, ബ്ലോക്ക് വൈസ് പ്രസിഡന്റ് ഐ.എൻ.ടി.യു.സി പിറവം മേഖലാ പ്രസിഡന്റ് തുടങ്ങിയ നിലയിൽ പൊതുരംഗത്ത് ശ്രദ്ധേയനായി. ചെറു പ്രായത്തിലേ പഞ്ചായത്ത് മെമ്പറും കോ-ഓപ്പറേറ്റീവ് ബാങ്ക് ഭരണസമിതി അംഗവുമായി. 1989-ൽ പിറവം താലൂക്കിനു വേണ്ടി നിരാഹാരം കിടന്ന ചരിത്രവുമുണ്ട് ഇദ്ദേഹത്തിന്. തലയോലപ്പറമ്പ് ഡി.ബി.കോളേജ് പൂർവ വിദ്യാർത്ഥിയാണ്.

1991-ൽ അമേരിക്കയിലെത്തിയ ബേബി മണക്കുന്നേൽ 2005, 2012 കാലഘട്ടത്തിൽ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റന്റെ പ്രസിഡന്റായിരുന്നു. നാല് വർഷക്കാലം ഫോമാ സതേൺ റീജിയന്റെ വൈസ് പ്രസിഡന്റായും തിളങ്ങി. ഫോമായുടെ തുടക്കം മുതൽ സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്ന ഇദ്ദേഹം 2008-ലെ ഫോമാ കൺവൻഷൻ ചെയർമാനായിരുന്നു. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിന് ബേബി മണക്കുന്നേലിന്റെ ഊർജ്ജസ്വലമായ സാന്നിധ്യം മുതൽക്കൂട്ടായി.

1997-98 കാലയളവിലും 2012-ലും ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രസിഡന്റായി ബേബി മണക്കുന്നേൽ സേവനം അനുഷ്ഠിച്ചു. 1998, 1999, 2000 വർഷങ്ങളിൽ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ സെക്രട്ടറിയായി തിളങ്ങുകയും 2017-18 കാലയളവിൽ കെ.സി.സി.എൻ.എ-യുടെ പ്രസിഡന്റ് പദം അലങ്കരിക്കുകയും ചെയ്തു. അറ്റ്ലാന്റയിൽ വച്ച് നാലായിരത്തോളം പേരെ പങ്കെടുപ്പിച്ചു കൊണ്ട് കെ.സി.സി.എൻ.എ കൺവൻഷൻ വിജയിപ്പിച്ചത് ബേബിയുടെ സംഘടനാ ശേഷിയുടെ മകുടോദാഹരണമാണ്.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വൈസ് പ്രസിഡന്റ് ആയിരുന്ന ബേബി മണക്കുന്നേൽ, 2022 മുതൽ ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ അമേരിക്കൻ പ്രസിന്റായി പ്രവർത്തിച്ചു വരികയാണ്. സൗത്ത് ഇന്ത്യൻ യു.എസ് ചേമ്പർ ഓഫ് കൊമേഴ്സിന്റെ രണ്ട് ടേമുകളിൽ പ്രസിഡന്റായി സേവനം അനുഷ്ഠിച്ച ഇദ്ദേഹം അമേരിക്കയിൽ ആദ്യമായി മലയാളികളുടെ ഇടയിൽ ആരംഭിച്ച റിട്ടയർമെന്റ് റിസോർട്ട് എന്ന മോഹസംരംഭം നടപ്പിലാക്കി. ഹൂസ്റ്റണിൽ ക്നാനായ ഹോംസിന്റെ പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന കാലഘട്ടത്തിലായിരുന്നു ഈ അസുലഭ നേട്ടം. ഹൂസ്റ്റണിലെ മിസോറി സിറ്റിയിൽ ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിൽ ഏതാണ്ട് നാല്പതോളം റിട്ടയർമെന്റ് ഹോംസ് നിർമ്മിക്കുവാൻ സാധിച്ചുവെന്നത് അദ്ദേഹത്തിന്റെ പൊതു പ്രവർത്തന സപര്യയിലെ അഭിമാനകരമായ മുന്നേറ്റങ്ങളാണ്.

ഇങ്ങനെ അമേരിക്കയിലെത്തിയ നാൾ മുതൽ വിവിധ മലയാളി സംഘടനകളിൽ കാര്യക്ഷമമായി പ്രവർത്തിച്ച ബേബി മണക്കുന്നേലിനെ ഫോമാ പ്രസിഡന്റായി തിരഞ്ഞെടുത്താൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ തുടർച്ച അമേരിക്കൻ മലയാളികൾക്ക് മുതൽക്കൂട്ടായിരിക്കുമെന്നാതാണ് പൊതു വികാരം. ബിസിനസ് രംഗത്തും ശോഭിക്കുന്ന ബേബി മണക്കുന്നേലിന്റെ ഭാര്യ ആനി റെസ്പിരേറ്ററി തെറാപ്പിസ്റ്റ് ആണ്. മൂത്ത മകൻ ഫിൽമോൻ പ്രൈം കമ്മ്യൂണിക്കേഷൻസ് ഡയറക്ടറായും ഇളയ മകൻ ജോയൽ ജോസഫ് ഐ.ടി. രംഗത്തും പ്രവർത്തിക്കുന്നു. മരുമകൾ ജെന്നിഫർ (ഡോക്ടർ ഓഫ് പാർമസി). കൊച്ചുമകൾ ജിയാന ആൻ ബേബി.

ടീം യുണൈറ്റഡിനെ വിജയിപ്പിച്ചാൽ ഫോമായുടെ പ്രവർത്തന മികവ് ഇരട്ടിയിലേറെ വർദ്ധിപ്പിക്കാമെന്നും ഫോമായുടെ പ്രശസ്തി നിലവിലുള്ളതിനേക്കാൾ മെച്ചപ്പെടുത്താമെന്നും മാത്രമാണ് 'ടീം യുണൈറ്റഡ്' വാക്കു നൽകുന്നത്. നടപ്പിലാകാത്ത സ്വപ്ന വാഗ്ദാനങ്ങളൊന്നും ഈ ടീം മുന്നോട്ട് വയ്ക്കുന്നില്ല. ഒത്തൊരുമയും കൂട്ടായ്മയും 2024-2026 വർഷം ഫോമായിൽ കാഴ്ചവച്ച് പരിചയസമ്പന്നരായ ആറു സ്ഥാനാർഥികളും അവകാശപ്പെടുന്ന ആറുപേരെയും ഫോമായുടെ നന്മയ്ക്കായി ഒറ്റക്കെട്ടായി വിജയിപ്പിക്കണമെന്ന് ബേബി മണക്കുന്നേൽ അഭ്യർത്ഥിക്കുന്നു.

# മന്ത്ര രാമായണ മാസത്തിനു തുടക്കം

**ആനന്ദ് പ്രഭാകർ**

അമേരിക്കൻ മലയാളി ഹിന്ദു സംഘടനായ മന്ത്രയുടെ നേതൃത്വത്തിൽ ശ്രീരാമ കഥാമൃതം ഭക്തിസാന്ദ്രമാക്കി കർക്കിടകം ഒന്നിന് ആരംഭിച്ച രാമായണ മാസാചരണത്തിന് നടന്ന രാമായണ പാരായണ ശുഭാരംഭം പ്രശസ്ത സംഗീതജ്ഞൻ ശ്രീ കാവാലം ശ്രീകുമാർ ഉത്ഘാടനം ചെയ്തു.

മന്ത്രയുടെ നേതൃത്വത്തിൽ രാമായണ പാരായണത്തിലൂടെ മനുഷ്യ മനസ്സിലേക്ക് ആധ്യാത്മിക പുണ്യം നിറച്ചുകൊണ്ട്, പ്രശസ്ത സംഗീതജ്ഞനും രാമായണ പാരായണ ആചാര്യനുമായ ശ്രീ കാവാലം ശ്രീകുമാർ രാമായണപാരായണ യജ്ഞം ഉത്ഘാടനം ചെയ്തു. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും മഹത്തായ സന്ദേശമാണ് രാമായണം ലോകത്തിനു നൽകുന്നത് എന്നും, കാലം ചെല്ലുംതോറും രാമായണത്തിന്റെ പ്രസക്തി വർദ്ധിക്കുകയാണ്. രാമായണമാസം കേവലം പാരായണത്തിലുപരി മനുഷ്യജീവിതത്തിന് വഴികാട്ടാനുള്ള മാർഗദർശി കൂടിയാണ് എന്നും ശ്രീ കാവാലം ശ്രീകുമാർ അഭിപ്രായപ്പെട്ടു. ഹൈന്ദവസംസ്കൃതിയുടെയും ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെയും ആരാധനാ ക്രമത്തിന്റെയും ആകെത്തുകയാണ് രാമായണം. അതുപോലെ തന്നെ രാമായണത്തെ എങ്ങും, എവിടെയും ഉത്കൃഷ്ടമാക്കുന്നത് അതിലെ സാർവ്വ ലൗകികമായ ധർമ്മബോധത്തിന്റെ പ്രസക്തി തന്നെയാണ് എന്നും, മനുഷ്യ മനസ്സിൽ സംഭൂതമാകുന്ന സംശുദ്ധിയുടെയും ചപലതകളുടെയും അനന്തരഫലങ്ങൾ ഏതൊക്കെയെന്നു ഉദാഹരണങ്ങളിലൂടെ രാമായണ കവ്യം വ്യക്തമാക്കുന്നു എന്ന് ശ്രീ മന്ത്രയുടെ അദ്ധ്യക്ഷൻ ശ്രീ ശ്യാം ശങ്കർ തന്റെ ആശംസാ പ്രസംഗത്തിൽ പറഞ്ഞു. സംഘർഷഭരിതവും സ്വാർഥജടിലവുമായ ഇന്നത്തെ ലോകത്തിൽ സമാധാനവും ക്ഷമയും ത്യാഗവും ഉണ്ടെങ്കിൽ എല്ലാ വിപത്തും അകറ്റാമെന്ന് രാമായണം ഉദ്ബോധിപ്പിക്കുന്നു എന്ന് ആചാര്യൻ ശ്രീ ഹരി ശിവരാമൻ പറഞ്ഞു.


ഈ വർഷത്തെ രാമായണപാരായണ യജ്ഞത്തിൽ പങ്കെടുക്കുവാൻ വളരെ അധികം ഭക്തർ പങ്കുചേർന്നിരുന്നു. അടുത്ത 31 ദിവസങ്ങളിൽ മന്ത്ര വെർച്യുൽ ആയി



സംഘടിപ്പിക്കുന്ന രാമായണ പാരായണത്തിൽ എല്ലാ നല്ലവരായ സത് ജനങ്ങളും പങ്കെടുക്കണം എന്ന് ശ്രീ ശ്യം ശങ്കർ അഭ്യർത്ഥിച്ചു.

രാമായണ പാരായണ യജ്ഞം ഉത്ഘാടനം ചെയ്ത ശ്രീ കാവാലം ശ്രീകുമാറിനും, രാമായണ പാരായണത്തിനു നേതൃത്വം നൽകിയ എല്ലാവർക്കും, ശുഭാരംഭത്തിനു നേതൃത്വം നൽകിയ എല്ലാവർക്കും പങ്കെടുത്ത എല്ലാവർക്കും ജനറൽ സെക്രട്ടറി ശ്രീ ഷിബു ദിവാകരൻ നന്ദി പ്രകാശിപ്പിച്ചു.

# ഉമ്മൻ ചാണ്ടി, എന്നും ജനമനസിൽ ...





**ജെയിംസ് കുടൽ**

ഗ്ലോബൽ പ്രസിഡന്റ്

ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് (OICC)

സാന്ത്വന രാഷ്ട്രീയത്തിന്റെ പിതാവ്, സ്നേഹംകൊണ്ട് ബന്ധങ്ങളുടെ ഇഴയടുപ്പം കൂട്ടിച്ചേർത്ത മനുഷ്യസ്നേഹി, ഒടുവിൽ ഒരു നൊമ്പരമായി ഓർമ്മയിലേക്ക് മറഞ്ഞപ്പോൾ ഹൃദയങ്ങളിൽ ഒരായിരം തവണ പുനർജനിച്ച പച്ചയായ മനുഷ്യൻ. ഉമ്മൻചാണ്ടി, പ്രതീക്ഷകളുടെ മറ്റൊരു നാമം. അടുത്തവരോട്, ആവശ്യം അറിയിച്ചവരോട് , സങ്കടങ്ങൾ പറഞ്ഞവരോട് എന്നും സഹിഷ്ണതയോടെ മാത്രം പെരുമാറിയിരുന്ന വലിയ ചിന്തകളുടെ വലിയ മാതൃകയായിരുന്നു അദ്ദേഹം. ഉമ്മൻ ചാണ്ടി സാറിനെ കാണാൻ എത്തിയവരാരും നിരാശരായി മടങ്ങേണ്ടി വന്നിട്ടില്ലായെന്ന് രാഷ്ട്രീയ കേരളം തുറന്നു സമ്മതിക്കും. വലിപ്പച്ചെറുപ്പമില്ലാതെ ജനങ്ങളിലൊരാളാകാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് വിസ്മരിക്കാനാകില്ല. തിരുവനന്തപുരത്ത് ഒരു മുഖവും പുതുപ്പള്ളിയിൽ മറ്റൊരു മുഖവുമായിരുന്നില്ല ഉമ്മൻ ചാണ്ടി.

ചീകിയൊതുക്കാത്ത മുടിയും ചുളിഞ്ഞ ഖദർ ഷർട്ടിന്റെ ആർഭാടരാഹിത്യവുമായി ആൾക്കൂട്ടത്തിന്റെ ഇടയിലേക്ക് ഇറങ്ങി ചെന്ന ഭരണാധികാരി ജനങ്ങൾക്കൊപ്പമായിരുന്നു, അവർ സ്വന്തമെന്ന് അദ്ദേഹത്തെ കരുതിപോന്നു.


പുതുപ്പള്ളി വീടും പുതുപ്പള്ളി മണ്ഡലവും അദ്ദേഹത്തിന് രണ്ടായിരുന്നില്ല. ആഴ്ചയിലൊരിക്കൽ പുതുപ്പള്ളിയിലെ വീട്ടിൽ എത്തുമ്പോൾ ആവശ്യങ്ങളുമായി നിരവധി പേർ അദ്ദേഹത്തെ കാത്തുണ്ടാകും. എത്ര രാത്രിയായാലും അവസാന ആളെയും കണ്ടശേഷമേ അദ്ദേഹം വിശ്രമിച്ചിരുന്നുള്ളു എന്നത് മാനുഷ്യകതയുടെ വലിയ ചിന്തയാണ് പകരുന്നത്.

ഉമ്മൻ ചാണ്ടിയുടെ സ്നേഹവാത്സല്യം എന്നും എന്തിനും അതീതമായിരുന്നു. ജാതിമത രാഷ്ട്രീയഭേദമില്ലാതെ അദ്ദേഹം ജനത്തെ കണ്ടു, അടുത്തറിഞ്ഞു. 53 വർഷത്തെ നിയമസഭാ ജീവിതത്തിലൂടെ ആ കാര്യം ബോധ്യവുമായതാണ്.

നവകേരളത്തിൽ ഇന്ന് നാം കാണുന്ന വികസന പ്രവർത്തനങ്ങൾക്ക് പിന്നിലെല്ലാം ഉമ്മൻ ചാണ്ടിയെന്ന വലിയ നാമമുണ്ട്. അത് ആരു ഒളിച്ചുവെച്ചാലും മറനീക്കി ജനഹൃദയങ്ങളിൽ തെളിഞ്ഞുകൊണ്ടിരിക്കും. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കാരുണ്യ ചികിത്സാ പദ്ധതി, ശ്രുതിതരംഗം, വയോമിത്രം, ആരോഗ്യകിരണം പദ്ധതികൾ, ഒരു രൂപയ്ക്ക് അരി, ഭൂരഹിതർക്ക് ഭൂമി, ജനസമ്പർക്ക പരിപാടി അങ്ങനെ നീളുന്നു നേട്ടങ്ങൾ. ആൾക്കൂട്ടത്തിന്റെ നേതാവ് എന്നതിനപ്പുറം ആധുനിക കേരളത്തിന്റെ വികസനനായകനായിരുന്നു പുതുപ്പള്ളിയുടെ സ്വന്തം ചാണ്ടി സാർ. കുപ്രചരണങ്ങൾ നടത്തി രാഷ്ട്രീയ വിശുദ്ധിക്കുമേൽ കരിവാരി തേൽക്കാൻ ശ്രമം നടത്തിയ രാഷ്ട്രീയ വൈരികൾക്ക് മുന്നിൽ പോലും പുഞ്ചിരിയുമായി നിന്ന് പ്രതിരോധമൊരുക്കുന്ന ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. നേട്ടങ്ങൾ ഒന്നും തന്റേത് മാത്രമല്ലെന്നും ജനമാണ് രാജാവെന്നും വിശ്വസിക്കുന്ന രാഷ്ട്രീയമായിരുന്നു അദ്ദേഹം പിന്തുടർന്നത്. കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ത്രിവർണ്ണങ്ങൾക്കും അപ്പുറം പുഞ്ചിരി തൂകുന്ന മുഖവുമായി ഉമ്മൻ ചാണ്ടി സാർ സ്മരണയിൽ നിറയുമ്പോൾ, കഴിഞ്ഞ ഒരു വർഷക്കാലം ആ വലിയ മനുഷ്യൻ നമുക്കൊപ്പം ഇല്ലായിരുന്നുവെന്ന് വിശ്വസിക്കാനാകുന്നില്ല. മരണമില്ലാത്ത സ്മരണയാണ് ആ ഓർമ്മകൾ. രാഷ്ട്രീയ കേരളം എന്നും ആ നാമത്തോടെ കടപ്പെട്ടിരിക്കുന്നു.



*1992 ൽ ശ്രീഉമ്മൻചാണ്ടിയെ ലേഖകൻ കോൺഗ്രസ് മണ്ഡലം പ്രസിഡന്റായിരുന്നപ്പോൾ സ്വീകരിക്കുന്നു*


HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# ഫോമാ കൺവൻഷൻ

# അഭൂതപൂർവമായ വിജയത്തിലേക്ക്




അടുത്ത മാസം (ഓഗസ്റ് 8 -11) ഡൊമിനിക്കൻ റിപ്പബ്ലിക്കിലുള്ള പുൻറക്കാനായിലെ ബാർസലോ ബവാരോ പാലസ് ഫൈവ് സ്റ്റാർ ഫാമിലി റിസോർട്ടിൽ നടക്കുന്ന ഫോമാ കൺവൻഷൻ അഭൂതപൂർവമായ വിജയത്തിലേക്ക്.

ഫോമാ ആദ്യം ബുക്ക് ചെയ്തിരുന്നത് 300 റൂമുകളാണ്. അത് പെട്ടെന്ന് തന്നെ തീർന്നതിനാൽ, 50 മുറികൾ കൂടി ലഭ്യമാക്കി. അതും ബുക്ക് ചെയ്തു കഴിഞ്ഞു.

ഈ സാഹചര്യത്തിൽ രജിസ്ട്രേഷൻ ജൂലൈ 18 വ്യാഴാഴ്ച അവസാനിച്ചു. ഇനി കൺവൻഷനിൽ പങ്കെടുക്കുക എളുപ്പമായിരിക്കില്ലെന്നു പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ , ട്രഷറർ ബിജു തോണിക്കടവിൽ എന്നിവർ ചൂണ്ടിക്കാട്ടി. ഹോട്ടലിൽ നേരിട്ട് മുറി സംഘടിപ്പിച്ചാലും രജിസ്റ്റർ ചെയ്യാതെ കൺവൻഷനിൽ പങ്കെടുക്കാനോ വോട്ട് ചെയ്യാനോ പറ്റില്ല.


ഇത്തവണ 1200 മുതൽ 1500 വരെ ആളുകൾ ബാങ്ക്വറ്റിനുണ്ടാകുമെന്ന കണക്കുകൂട്ടലിൽ രണ്ടായിരം പേർക്കിരിക്കാവുന്ന ഹാളാണ് സജ്ജീകരിക്കുന്നതെന്ന് ഡോ. ജേക്കബ് തോമസ് പറഞ്ഞു. അത് പോലെ അംഗസംഘടനകളിൽ നിന്നും അംഗങ്ങളിൽ നിന്നും വലിയ പിന്തുണയാണ് കൺവൻഷനു ലഭിച്ചിരിക്കുന്നത്. കൺവൻഷനിൽ ഡയമണ്ട്, പ്ലാറ്റിനം സ്പോൺസർമാരായി ഇത്രയധികം അംഗങ്ങൾ ഇതിനു മുൻപ് മുന്നോട്ടു വന്നിട്ടുള്ളതായി അറിവില്ല. അതിനാൽ തന്നെ സാമ്പത്തികമായ പ്രശ്നങ്ങൾ പ്രതീക്ഷിക്കുന്നുമില്ല-അദ്ദേഹം പറഞ്ഞു.

മിച്ചം വരുന്ന തുക ഉപയോഗിച്ച് കേരളത്തിൽ പത്തു വീടുകളെങ്കിലും നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു .

കേരളത്തിൽ നിന്ന് ഏതെങ്കിലും മന്ത്രി എത്തുമെന്ന് പ്രതീക്ഷ ഉണ്ട്. അതിനു അനുമതിക്ക് നേരത്തെ തന്നെ അപേക്ഷ നൽകിയിട്ടുണ്ട്. സാംസ്കാരിക നായകരും കലാകാരന്മാരുടെ സംഘവും എത്തും.

എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ അടുത്തിയിടക്ക് വീണ്ടും റിസോർട്ട് സന്ദർശിച്ച് സൗകര്യങ്ങളെല്ലാം പരിശോധിച്ചു. ഒന്നിനും ഒരു കുറവും വരാതെ എല്ലാവരെയും സ്വീകരിക്കാനുള്ള നടപടികൾ പൂർത്തിയായി. പങ്കെടുക്കുന്നവർ ഇത് എന്നും മനസ്സിൽ സൂക്ഷിക്കുന്ന അനുഭവമായിരിക്കുമെന്ന് ,വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ജോയന്റ് സെക്രട്ടറി ഡോ. ജയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോർജ് , കൺവെൻഷൻ ചെയർമാൻ തോമസ് സാമുവൽ (കുഞ്ഞ് മാലിയിൽ) എന്നിവരും ചൂണ്ടിക്കാട്ടി

# അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ ഭാഗമായി, ടൈം സ്ക്വയറിൽ വടംവലി പ്രദർശനം നടത്തപ്പെട്ടു




ന്യൂ യോർക്ക് : ന്യൂയോർക് സോഷ്യൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആഗസ്ററ് 17 ന് ന്യൂ യോർക്കിലെ റോക്‌ലൻഡിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ പ്രമോഷന്റെ ഭാഗമായി ന്യൂയോർക്ക് ടൈം സ്‌ക്വയറിൽ വെച്ച് വടം വലി പ്രദർശനം നടത്തപ്പെട്ടു. ജൂലൈ 14-)0 തീയതി ഞായറാഴ്ച വൈകുന്നേരം നടന്ന വടംവലിയിൽ വിദേശികളടക്കം ഒട്ടനവധി പേര് പങ്കെടുത്തു. ടൈം സ്‌ക്വയറിൽ തടിച്ചുകൂടിയ ജനാവലിയിൽ നിന്നും ആവേശോജ്വലമായ പ്രതികരണമാണ് വടം വലി പ്രദർശനത്തിന് ലഭിച്ചത്.




ആഗസ്ററ് 17 ന് ന്യൂ യോർക്കിലെ റോക്‌ലൻഡിൽ നടക്കുന്ന അന്താരാഷ്ട്ര വടം വലി മത്സരത്തിൽ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും അതുപോലെ തന്നെ അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നും മികവുറ്റ ടീമുകൾ പങ്കെടുക്കുന്നതാണ്. മത്സരത്തിൽ വിജയികളാകുന്നവർക്കു, ഒന്നാം സമ്മാനമായി അയ്യായിരം ഡോളറും, രണ്ടാം സമ്മാനമായി മൂവായിരം ഡോളറും മൂന്നാം സമ്മാനമായി രണ്ടായിരം ഡോളറും, നാലാം സമ്മാനമായി ആയിരം ഡോളറും ലഭിക്കുന്നതാണ്. കൂടാതെ പങ്കെടുക്കുന്ന ടീമുകൾക്ക്



പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടാകും.

യുവാക്കളെ കൂടുതലായി കായിക വിനോദങ്ങളുമായി അടുപ്പിക്കുകയും, അതിലൂടെ അവരെ സമൂഹത്തിൻറെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരികയും ചെയ്യുക എന്നതാണ് ക്ലബ്ബിന്റെ ലക്ഷ്യം . കൂടാതെ പുതിയൊരു കായിക സംസ്കാരം വളർത്തിയെടുക്കുക എന്നതും ക്ലബ് ലക്ഷ്യമിടുന്നു. ന്യൂ യോർക്ക് സ്റ്റേറ്റിൽ രജിസ്റ്റർചെയ്തിട്ടുള്ള ഒരു നോൺ പ്രോഫിറ്റ് ഓർഗനൈസേഷൻ ആണ് സോഷ്യൽ ക്ലബ്.

സോഷ്യൽ ക്ലബ് പ്രസിഡന്റ് റോയ് മറ്റപ്പള്ളി , സെക്രട്ടറി ജിമ്മി പൂഴിക്കുന്നേൽ, ട്രഷറർ ജോസുകുട്ടി പൊട്ടൻകുഴി, വൈസ് പ്രസിഡന്റ് സാജൻ കുഴിപറമ്പിൽ , ജോയിൻറ് സെക്രട്ടറി ഷിബു എബ്രഹാം , പി ആർ ഓ ചെറുവൻ കാലായിൽ എന്നിവരാണ് ക്ലബ് ഭാരവാഹികൾ . നിബു ജേക്കബ്, ബിജു മാപ്രാപ്പള്ളിൽ , ജോയൽ വിശാഖൻതറ, മനു അരയൻതാനത്ത് എന്നിവർ ബോർഡ് അംഗങ്ങളുമാണ്.

വടം വലി മത്സരത്തിന്റെ വിജയത്തിനായി സാജൻ കുഴിപറമ്പിൽ (ചെയർമാൻ), പോൾ കറുകപ്പള്ളി (ജനറൽ കൺവീനർ ), ഷിബു എബ്രഹാം (ചെയർമാൻ ഫിനൻസ് കമ്മിറ്റി ), ജോണിച്ചൻ കുസുമാലയം (ചെയർമാൻ റിസംപ്ഷൻ കമ്മിറ്റി ), ജോയ് വാഴമല (ചെയർമാൻ ബാങ്കിറ് ), ബിജു മുപ്രാപ്പള്ളിൽ (ചെയർമാൻ റൂൾസ് ആൻഡ് റെഗുലേഷൻസ് ), എഡ്വിൻ എരിക്കാട്ടുപറമ്പിൽ (ചെയർമാൻ ലൈറ്റ് ആൻഡ് സൗണ്ട് ), മിഥുൻ വില്ല്ത്തറ (ചെയർമാൻ ടൈം മാനേജ്മന്റ് ), സിജു ചെരുവൻകാലായിൽ (ചെയർമാൻ പബ്ലിസിറ്റി ആൻഡ് മീഡിയ), ഷൈജു വാഴക്കാട്ട് (ചെയർമാൻ സെക്യൂരിറ്റി ), ലിബിൻ പാണപറമ്പിൽ (ചെയർമാൻ എന്റർടൈൻമെന്റ് ), തോമസ് പൊട്ടൻകുഴി (ചെയർമാൻ ഫസ്റ്റ് എയിഡ് ), സാജൻ ഭഗവതികുന്നേൽ (ചെയർമാൻ ഫെസിലിറ്റി ), ജോയൽ വിശാഖൻ തറ (ചെയർമാൻ രജിസ്ട്രേഷൻ ), ഐവിൻ പീടികയിൽ (ചെയർമാൻ സ്കോറിങ് ), റോബിൻ കുറ്റിക്കാട്ടിൽ (ചെയർമാൻ ട്രാൻസ്പോർട്ടേഷൻ) എന്നിവരുടെ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു .

പി ആർ ഓ സിജു ചെറുവൻകാലയിൽ അറിയിച്ചതാണിത് .

**ഷോളി കുമ്പിളുവേലി**



hanover bank

# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

*SBA 7a Loan Program **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

Member FDIC

EQUAL OPPORTUNITY LENDER

04/24

# പാക്കിസ്ഥാനിൽ ശുദ്ധജല വിതരണ പദ്ധതിക്ക് തുടക്കമായി: സിറിയക്ക് ഓർത്തഡോക്സ് സഭക്ക് നന്ദി



ജോർജ് തുമ്പയിൽ

പാക്കിസ്ഥാനിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും നിരാലംബരുമായ സിറിയക് ഓർത്തഡോക്സ് ക്രിസ്ത്യൻ സമൂഹാംഗങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി അമേരിക്കയിൽ നിന്നുള്ള ഫാ. ജോസഫ് വർഗീസിന്റെ സഹായത്തോടെ പാകിസ്ഥാൻ സിറിയക് ഓർത്തഡോക്സ് ചർച്ച് നടപ്പാക്കുന്ന ശുദ്ധജല പദ്ധതിക്ക് തുടക്കമായി. പാക്കിസ്ഥാനിലെ ഗോണ്ടൽ ഫാം കോട്രി ഗ്രാമത്തിലുള്ള ഷെറ മസിഹിന്റെയും നസ്രീന്റെയും വീട്ടിൽ വാട്ടർ പമ്പ് സ്ഥാപിച്ച് പദ്ധതിക്ക് തുടക്കമിട്ടതായി സിന്ധ് പ്രവിശ്യയിൽ നിന്നുള്ള ഫാ. ഷാമൂൻ മാസിഹ് അറിയിച്ചു. പാക്കിസ്ഥാനിലെ ദരിദ്ര കുടുംബങ്ങളെ സഹായിക്കാനുള്ള ഈ പദ്ധതിക്ക് ഫാ . ജോസഫ് വർഗീസ് ആണ് സാമ്പത്തിക സഹായം നൽകുന്നത് .

ഏറ്റവും ദുർബലരും ദരിദ്രരുമായ 50 കുടുംബങ്ങളെ പിന്തുണയ്ക്കുന്നതിനായുള്ള ഈ പദ്ധതിയിലേക്ക് സംഭാവന നൽകാൻ ആഗ്രഹിക്കുന്ന ആർക്കും ഫാ. ജോസഫ് വർഗീസ് മുഖേന തങ്ങളെ പിന്തുണയ്ക്കാമെന്ന് ഫാ. ഷാമൂൻ മാസിഹ് അറിയിച്ചു. വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും പാവപ്പെട്ട കുട്ടികളെയും കുടുംബങ്ങളെയും സഹായിക്കാനും അവർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനും സംഭാവന നൽകാൻ ആഗ്രഹിക്കുന്ന ആർക്കും റവ. ജോസഫ് വർഗീസ് മുഖേന തങ്ങളെ പിന്തുണയ്ക്കാമെന്നും

സുഹൃത്തുക്കളിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും പിന്തുണ പ്രതീക്ഷിക്കുന്നതായും ഫാ. ഷാമൂൻ മാസിഹ് കൂട്ടിച്ചേർത്തു.

പ്രദേശത്തെ നിരവധി ആളുകൾ ശുദ്ധജല ദൗർലഭ്യവും , ശുചിത്വമില്ലായ്മയും മൂലം കഷ്ടപ്പെടുന്നത് ഓരോ ദിവസവും ഇവിടെ ജീവനുകളെ അപകടത്തിലാക്കുന്നുവെന്ന് ഫാ. ഷാമൂൻ മാസിഹ് പറഞ്ഞു. സമീപത്തെ കനാലിൽ നിന്നും നദിയിൽ നിന്നുമുള്ള മലിനജലം മാരക രോഗങ്ങൾ പടർത്തുന്നതിലൂടെ ജീവനുകൾ നഷ്ടപ്പെടുന്നതിനും കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതിനും ഇടയാക്കുന്ന സാഹചര്യമാണുള്ളത് . ഓരോ വർഷവും 3.57 ദശലക്ഷം ആളുകൾ വെള്ളവുമായി ബന്ധപ്പെട്ട രോഗങ്ങൾ മൂലം മരിക്കുന്നു. പാക്കിസ്ഥാനിലേക്ക് അടുത്തിടെ നടത്തിയ മിഷൻ യാത്രയിൽ ശുദ്ധജല വിതരണത്തിന് സഹായം നൽകുമെന്ന് സിറിയൻ ഓർത്തഡോക്സ് സമൂഹത്തിന് ഉറപ്പുനൽകിയിരുന്നു. അടുത്തിടെ വിശ്വാസത്തിലേക്ക് വന്ന സിറിയൻ ഓർത്തഡോക്സ് കുടുംബങ്ങളെ സഹായിക്കുന്നതിനും അവരുടെ ജീവൻ രക്ഷിക്കാനുമുള്ള ശ്രമമെന്ന നിലയിൽ ഈ പദ്ധതിക്ക് ഏറെ പ്രാധാന്യമുണ്ട് .



കിണർ കുഴിക്കുന്നത് ശുദ്ധജലം ലഭ്യമാക്കുന്നതിനൊപ്പം ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നതിന് സഹായിക്കുന്നു. ഒരു അമ്മയ്ക്ക് തന്റെ കുട്ടികളെ ആരോഗ്യത്തോടെ വളർത്തുന്നതിനും ഒരു മകൾക്ക് മണിക്കൂറുകളോളം വെള്ളംചുമന്നു കൊണ്ടുവരുന്ന ബുദ്ധിമുട്ട് ഒഴിവാക്കി സ്കൂളിൽ പോകുന്നതിനും മകന് ശോഭനമായ ഭാവി സ്വപ്നം കാണുന്നതിനും സ്വാതന്ത്ര്യം നൽകുന്നു. ഈ പ്രദേശത്തെ സിറിയക് ഓർത്തഡോക്സ് ക്രിസ്ത്യൻ സമൂഹാംഗങ്ങൾക്ക് ഏറെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഫാ. ഷാമൂൻ മാസിഹ് ഏവരുടെയും സഹായം അഭ്യർത്ഥിച്ചു.

മതങ്ങൾ തമ്മിലും, വ്യത്യസ്ഥ മത പാരമ്പര്യങ്ങൾക്കിടയിലും വ്യക്തിപരമായും, സ്ഥാപനപരവുമായ തലങ്ങളിൽ ദേശീയ,



അന്തർദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും, സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ഫാ. ജോസഫ് വർഗീസ് അമേരിക്കൻ മലയാളികൾക്കിടയിലെ വ്യത്യസ്ഥ മുഖമാണ്. ഇപ്പോൾ സൗത്ത് ഫ്ളോറിഡയിലെ മയാമിയിൽ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ഇടവക വികാരി. ഭാര്യ ജെസി വർഗീസ്. മക്കൾ: യൂജിൻ വർഗീസ്,  ഈവാ സൂസൻ വർഗീസ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിൽ (കഞഎഠ) അംഗവും, ഹോളി സോഫിയാ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ അഡ്ജക്റ്റ് പ്രൊഫസറുമാണ് അച്ചൻ.









# പുതുപ്പള്ളിയുടെ മനസുറങ്ങിയിട്ട് ഒരാണ്ട്; ഇത് സ്മൃതിപഥത്തിലെ ജനകീയൻ

**എ.എസ് ശ്രീകുമാർ**

ഖദറിന്റെ കുപ്പായമണിഞ്ഞ് നറുനിലാപുഞ്ചിരിയോടെ കേരള നാടിന്റെ മനസ്സു കവർന്നെടുത്ത ഉമ്മൻ ചാണ്ടി സാർ തന്റെ നിയോഗം പൂർത്തിയാക്കി കൺവെട്ടത്തു നിന്ന് അകന്നുപോയിട്ട് നാളെ (ജൂലൈ 18) ഒരാണ്ട് തികയുന്നു. മൂല്യശോഷണം സംഭവിക്കാത്ത രാഷ്ട്രീയ നേതാക്കന്മാരുടെ പട്ടികയിൽ തന്റെ പേരും തങ്കമുദ്ര ചാർത്തിക്കൊണ്ട് ഒട്ടേറെ ഓർമ്മകളുടെ വെള്ളിവെളിച്ചമായി ആകാശ മേലാപ്പിൽ ഒരു വെള്ളി നക്ഷത്രമായി പരിലസിക്കുകയാണ് ഈ പ്രിയ നേതാവ്.

രാഷ്ട്രീയം ഏതുമായിക്കൊള്ളട്ടെ, അതിനൊക്കെ അതീതമായി ഇന്ത്യയിൽ തന്നെ സ്വർണ സ്ഥാനമുറപ്പിച്ച ഈ മഹനീയ വ്യക്തിയുടെ 2023 ജൂലൈ മാസം 18-ാം തീയതിയിലെ വേർപാട് ആരെയും നൊമ്പരപ്പെടുത്തുന്നതായിരുന്നു. അത് വാക്കുകൾക്കതീതതവുമായിരുന്നു. കോട്ടയം ജില്ലയിലെ പുതുപ്പള്ളി എന്ന ഗ്രാമത്തിൽ നിന്നും കേരളത്തിന്റെ ഭരണയന്ത്രം തിരിച്ചുകൊണ്ട് നന്മയുടെ രാഷ്ട്രീയം വ്യക്തി ജീവിതത്തിലും തന്റെ രാഷ്ട്രീയ പ്രവർത്തന സപര്യയിലും നൂറു ശതമാനം തെളിയിച്ചുകൊണ്ടാണ് പ്രിയ മാനസനായ ഉമ്മൻ ചാണ്ടി തന്റെ ഭൗതിക ജീവിതത്തിന് വിരാമമിട്ടുകൊണ്ട് കാലയവനികയ്ക്കുള്ളിൽ അന്ന് മറഞ്ഞത്.

കേരളത്തിന്റെ മനസ്സ് ഇത്രയേറെ കവർന്നെടുത്ത നേതാക്കന്മാർ വിരളമാണ്. ഉമ്മൻ ചാണ്ടി സാറിന്റെ ഭൗതിക യാത്രയ്ക്ക് വിരാമമായെങ്കിലും തന്റെ ജീവിതത്തിലൂടെ അദ്ദേഹം അദ്ദേഹം സമൂഹത്തിന് സമർപ്പിച്ച മാതൃകകൾ ഇന്നും സജീവമായിത്തന്നെ നിലനിൽക്കുന്നു. സമരമുഖങ്ങളിലെ തീപ്പന്തമായി നിൽക്കുമ്പോഴും തന്റെ കർമ്മ പദങ്ങളിലൂടെ ഓടി നടന്ന്, ഉറക്കവും ഊണും കളഞ്ഞ് പൊതുജനത്തിന്റെ മുഖ്യധാരയിൽ ഉമ്മൻ ചാണ്ടി എന്നും ഉണ്ടായിരുന്നു...സജീവമായിത്തന്നെ...ഓജസും ഊർവും നിലനിർത്തിക്കൊണ്ടു തന്നെ...

വേർപാടിന്റെ ഒരു വർഷം തികയുമ്പോൾ നികത്താനാവാത്ത ആ നേതൃനഷ്ടത്തിന്റെ വിലയേറിയിട്ടേയുള്ളൂ. ദേശീയ ജനാധിപത്യ പാർട്ടിയായ കോൺഗ്രസിന്റെ കുപ്പായം ധരിച്ചതു മുതൽ അദ്ദേഹം തന്റെ ജീവിതം സ്വാർത്ഥലാഭമില്ലാത്ത പരിധികൾക്കപ്പുറത്തേയ്ക്ക് എത്തിച്ചിരുന്നു. എന്നിട്ടും ഉമ്മൻ ചാണ്ടിയെ ഒരു കാരണവുമില്ലാതെ വേട്ടയാടിയവർക്ക് എന്ത് യോഗ്യതയാണുള്ളത്...എന്ത് മറുപടിയാണവർക്ക് പറയാൻ സാധ്യമായിട്ടുള്ളത്...അഗ്നിശുദ്ധി അദ്ദേഹം എത്തിയല്ലോ.

ജീവിതത്തിന്റെ നൈർമല്യവും അവസാന ശ്വാസം വരെ പൊതുപ്രവർത്തനത്തിന്റെ പരിശുദ്ധിയും കാത്തുസൂക്ഷിച്ച ഉമ്മൻ ചാണ്ടിയെ ഒളിഞ്ഞും തെളിഞ്ഞും ആരോപണ കുടുക്കിൽ എത്തിച്ചവർ ഒരു നിമിഷം തിരിഞ്ഞു നോക്കണം. കാരണം, അവരുടെയൊക്കെ നാവ് എന്നോ പിഴച്ചുപോയിരുന്നു. അടിസ്ഥാനമില്ലാത്ത ആരോപണത്തിന്റെ മുൾമുനയിൽ അദ്ദേഹത്തെ നിർത്തിയ പ്രതിലോമ കക്ഷികൾക്ക് ഉത്തരം കിട്ടിത്തന്നെയാണ് ഈ പ്രിയ നേതാവ് തന്റെ ജനസമ്പന്നമായ ജീവിതത്തിന് അവസാനമിട്ടത്.




ഉമ്മൻ ചാണ്ടിയുടെ ജീവിതം കോൺഗ്രസ് പ്രസ്ഥാനത്തെയും കേരള രാഷ്ട്രീയത്തെയും സംബന്ധിച്ച് ഒരു സുവർണ കാലഘട്ടം തന്നെയായിരുന്നു. എം.എൽ.എ ആയും മന്ത്രിയായും കേരളത്തിന്റെ ആദരവ് പിടിച്ചു പറ്റിയ മുഖ്യമന്ത്രിയായും സൽക്കർമ്മങ്ങൾ ചെയ്തിട്ടുള്ള പുതുപ്പള്ളിയുടെ ഈ മുത്തിനെ എങ്ങനെ ആരോപണക്കയങ്ങളിൽ ആഴ്ത്താനാവും മുഷ്ഠിയും പൊന്തി എന്നുള്ളത് കാലം തെളിയിക്കും.

സ്വന്തം ജന്മനാടായ പുതുപ്പള്ളിയുടെ ഓരോ മണൽത്തരികളെയും തന്റെ പാദസ്പർശം കൊണ്ട് അനുഗ്രഹിച്ച, യുവതയുടെ ആവേശമായി മാറിയ ഉമ്മൻ ചാണ്ടി ദേശീയ നേതാവായും അഖിലേന്ത്യാ കോൺഗ്രസ് കമ്മറ്റിയുടെ അനുരഞ്ജന വ്യക്തിത്വമായും പൊതുജന സമ്പർക്ക പരിപാടിയുടെയും നുർനിരയിൽ ശോഭിച്ചു എന്നതിന് ചരിത്രം സാക്ഷി പറയും. നമ്മൾ സ്നേഹിച്ച ഓരോ വ്യക്തിത്വങ്ങളും, നമ്മളെ സ്വാധീനിച്ച ഓരോ മഹാന്മാരും ഇത്തരത്തിൽ വിടപറയുമ്പോൾ ഒഴുക്കാൻ ഇത്തിരി കണ്ണീർ കണങ്ങളേ അവശേഷിക്കുന്നുള്ളു.

തിരുവനന്തപുരത്തെ 'പുതുപ്പള്ളി' വീട്ടിലും കോട്ടയത്തെ സ്വന്തം തറവാട്ടിലും ആരോഗ്യം മറന്ന് ഓടിനടക്കുകയും പുതുപ്പള്ളി പള്ളിയിലെ കുർബാനയിൽ സാധാരണക്കാരിൽ സാധാരണക്കാരനായി പങ്കെടുത്ത് അവിടെ നിന്നിറങ്ങി ജനമനസ്സിലേക്ക് കടന്നുകയറുകയും ചെയ്ത ഉമ്മൻ ചാണ്ടിയെ പോലെയുള്ള ഒരു ജനകീയ നേതാവിന്റെ സജീവ സാന്നിധ്യം ഇനിയെന്നുണ്ടാകും എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ കാല്പാടുകൾ ജനഇടങ്ങളും നമ്മുടെ നിത്യജീവിത പരിസരങ്ങളും പിന്തുടരുന്നവർക്കു മാത്രമേ ശരിയായ ഉത്തരം നൽകുവാനാകൂ.

കേരളത്തിന് ഒട്ടേറെ അഭിമാന വികസന സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും അതിന്റെയൊക്കെ ആനുകൂല്യങ്ങൾ പിൻപറ്റുകയും ചെയ്തവർ തീർച്ചയായും വ്യസനിക്കുണ്ടിപ്പോൾ. മനുഷ്യ ജീവിതത്തിന്റെ ഹ്രസ്വമായ കാലഘട്ടങ്ങളിൽ ഇതുപോലുള്ള നേതാക്കന്മാർ പിറവിയെടുക്കുന്നതും പ്രവർത്തന ക്ഷേമോജ്വലമായി തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നടപ്പിലാക്കുന്നത് അത്യപൂർവമാണ്. നാളത്തെ സമൃതിദിനത്തിൽ ഈ സാധാരണ പുതുപ്പള്ളിക്കാരനെ വണങ്ങിക്കൊണ്ട് പുതിയ കോൺഗ്രസ് തലമുറ ഉയിർത്തെഴുന്നേറ്റു വന്നാൽ അതാണ് അദ്ദേഹത്തോട് ചെയ്യാവുന്ന ആദരവിന്റെ സ്മരണാഞ്ജലി.






# വിഴിഞ്ഞത്ത് കണ്ടത് സാംസ്കാരിക പാപ്പരത്വം

**ബാബു പാറയ്ക്കൽ**

**നടപ്പാതയിൽ ഇന്ന് – 114**

‘എന്റെ വല്യപ്പൻ പകലോമറ്റം കുടുംബാംഗമാണ്. ഞങ്ങൾ തോമാശ്ലീഹായുടെ കാലത്തു മതം മാറിയ പകലോമറ്റം ബ്രാഹ്മണ കുടുംബത്തിന്റെ പരമ്പരയിൽ പെട്ടവരാണ്.‘ ഇത് ക്രിസ്ത്യാനികളിൽ പലരും അവകാശപ്പെടുന്ന ഒരു കാര്യമാണ്. തോമ്മാശ്ലീഹാ വന്നുവെന്നോ വന്നെങ്കിൽ തന്നെ അന്ന് കേരളത്തിൽ ബ്രാഹ്മണർ ഉണ്ടായിരുന്നുവെന്നോ ബ്രാഹ്മണരെ തോമ്മാശ്ലീഹാ മതം മാറ്റി ക്രിസ്ത്യാനികൾ ആക്കിയെന്നോ പ്രസ്താവിക്കാൻ മതിയായ തെളിവുകളൊന്നും ആരുടേയും കയ്യിൽ ഇല്ല എന്നതാണ് സത്യം. അതുപോലെ, ഹിന്ദുക്കളിൽ പലരും അവരുടെ ജാതി ചോദിച്ചാൽ നായരിൽ കുറഞ്ഞത് ആരുമില്ല. സ്വന്തം അസ്തിത്വത്തിൽ അപകർഷതാ ബോധം പേറുന്ന ഒരു സമൂഹമാണ് മലയാളികൾ.

അതുകൊണ്ടു തന്നെ, നൂറ്റാണ്ടുകൾക്കു മുൻപ് ആരോ എഴുതിവച്ച അന്തസ്സിന്റെയും സ്ഥാന വലുപ്പത്തിന്റെയും അബദ്ധമായ കീഴ്വഴക്കങ്ങളിൽ ദുരഭിമാനത്തിന്റെ ‘അഭിമാന’ത്തിൽ അഭിരമിച്ചു  നാം പല അവകാശവാദങ്ങളും ഉന്നയിക്കാറുണ്ട്. അങ്ങനെ ’ഗുണ്ട്’ അടിക്കുന്നത് മലയാളിയുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. ഉടുതുണിക്ക് മറുതുണിയില്ലാതെ പരമ ദാരിദ്ര്യത്തിൽ കഴിഞ്ഞപ്പോൾ വല്ലവനും വച്ച് നീട്ടിയ ഔദാര്യം കൊണ്ട് മാത്രം കരകയറിയവരും പറയുന്നത് കേട്ടാൽ ആ നാട്ടിലെ ഏറ്റവും വലിയ ജന്മിയായിരുന്നു അവരുടെ കുടുംബം എന്ന് തോന്നിപ്പോകും. അങ്ങനെ ഗീർവാണം കത്തിക്കാനും തള്ളാനും മലയാളിയെ കഴിഞ്ഞേ ആരുമുള്ളൂ. എന്നാൽ ഈ ’തള്ള്’ കേൾക്കുന്നവർ അതിന്റെ സത്യം അറിയാവുന്നവരാണെന്നും പറയുന്നവരെപ്പറ്റി കേൾക്കുന്നവരുടെ മനസ്സിൽ പുച്ഛമാണെന്നും തള്ളുന്നവർ മനസ്സിലാക്കുന്നില്ല. അഥവാ അത് മനസ്സിലാക്കാൻ അവർക്കു കഴിയുന്നില്ല.



ഇത് പറയാൻ കാരണം, ഇക്കഴിഞ്ഞ ദിവസം കേരളത്തിൽ നടന്ന ഒരു സംഭവമാണ്. കേരളത്തിന്റെ ’സ്വപ്നപദ്ധതി’ എന്ന് വിശേഷിപ്പിച്ചിരുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാം ഭാഗം പൂർത്തീകരിക്കപ്പെട്ട് കേരളത്തിന്റെ സമ്മാനമായി ഈ തുറമുഖം കേരളത്തിന്റെ മുഖ്യമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. ഈ തുറമുഖത്തിന്റെ പ്രത്യേകതകൾ ഏറെയാണ്. മണ്ണ് മാന്തി മാറ്റാതെ തന്നെ 80 അടിയിലധികം ആഴം

Blue Ocean
Wealth Solutions
A member of the MassMutual Financial Group



## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

തീരത്തു തന്നെയുണ്ട്. ഒപ്പം വിഴിഞ്ഞം നിലകൊള്ളുന്നത് യൂറോപ്പ്, മധ്യപൗരസ്ത്യ രാജ്യങ്ങൾ, തെക്കു കിഴക്കൻ രാജ്യങ്ങൾ, ഫിലിപ്പൈൻസ് പോലെയുള്ള കിഴക്കൻ രാജ്യങ്ങൾ മുതലായവയെ എല്ലാം ബന്ധിപ്പിക്കുന്ന മുഖ്യ അന്താരാഷ്ട്ര കപ്പൽ ചാനൽ കടന്നു പോകുന്നത് വിഴിഞ്ഞത്തു നിന്നും വെറും പത്തു നോട്ടിക്കൽ മൈൽ ദൂരത്തു മാത്രമാണ്. ഇന്ത്യയിലെ ഏറ്റവും ആഴമേറിയതും ലോകത്തിലെ മൂന്നാമത്തെ ആഴമേറിയതുമാണ് ഈ തുറമുഖം. ഈ തുറമുഖം പൂർണ്ണമായി യാഥാർഥ്യമായാൽ സിംഗപ്പൂരും ദുബായ് പോലും പിന്നിലായി പോകും. ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ, ഗതി മാറ്റി മറിക്കുന്ന വമ്പൻ പദ്ധതി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം വെറും 10 മൈൽ ദൂരം മാത്രമേയുള്ളൂ.

ഇനി തമിഴ്നാടുമായും കർണ്ണാടകയുമായും കാശ്മീർ വരെയും ബന്ധിപ്പിക്കുന്ന കൂറ്റൻ ഹൈവേകൾ കണ്ടെയ്നർ ഗതാഗതത്തിനു വേണ്ടി നിർമ്മിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ രാജ്യത്തിനെ പുരോഗമനത്തിന്റെ പുതിയ പാതയിലേക്ക് നയിക്കാൻ വാതായനം തുറക്കുന്ന വമ്പൻ പദ്ധതിയായ വിഴിഞ്ഞം തുറമുഖം എന്ന ആശയം പെട്ടെന്ന് പൊട്ടിമുളച്ചതല്ല. പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ ഇവിടെയൊരു തുറമുഖത്തിന്റെ ആവശ്യകത പലരുടെയും മനസ്സിൽ ഉദിച്ചെങ്കിലും പല പല കാരണങ്ങളാൽ അവയൊന്നും നടപ്പിലായില്ല. ഒടുവിൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായപ്പോൾ എങ്ങനെയും ഈ തുറമുഖ പ്രൊജക്റ്റ് യാഥാർഥ്യമാക്കണമെന്ന് അദ്ദേഹം ദൃഢപ്രത്ജ്ഞയെടുത്തു. എന്നാൽ എതിർപ്പുകൾ പല വഴിയിൽ കൂടി വന്നു. ഈ എതിർത്തവരിൽ നല്ലൊരു പങ്കും നാടിൻറെ നന്മയല്ല ആഗ്രഹിച്ചത്. മറിച്ച്, ഉമ്മൻ ചാണ്ടി ഇത് സാധ്യമാക്കിയാൽ അദ്ദേഹം കൂടുതൽ പ്രശസ്തനാകുമെന്നും അതനുവദിക്കാൻ പാടില്ലെന്നുമായിരുന്നു. സ്വന്തം പാർട്ടിയിലുള്ളവർ അങ്ങനെ ചിന്തിക്കുമ്പോൾ പ്രതിപക്ഷത്തുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി എങ്ങനെയെങ്കിലും ആർക്കിട്ടൊക്കെ തുരങ്കം വച്ചായാലും ഈ ഭരണം അട്ടിമറിച്ചു തങ്ങൾക്കു ഭരണത്തിൽ കയറണം എന്നായിരുന്നു ചിന്ത.





ഒരു കാരണവശാലും ഇത് നടത്താൻ അനുവദിക്കില്ലെന്ന് മനസ്സിലാക്കിയ രാഷ്ട്രീയ തന്ത്രജ്ഞനായ ഉമ്മൻ ചാണ്ടി ആരോടും പറയാതെ അദാനിയുമായുള്ള സർക്കാരിന്റെ കരാർ ഒപ്പിട്ടു. സ്വന്തം പാർട്ടിയിലുള്ള പല പ്രമുഖരും അദ്ദേഹത്തിന്റെ നടപടിയെ എതിർത്തു. കമ്മ്യൂണിസ്റ്റ് പാർട്ടി സമരം നടത്തുകയും ഭീഷണി മുഴക്കുകയും ചെയ്തു. പക്ഷേ, ഉമ്മൻ ചാണ്ടി കുലുങ്ങിയില്ല. 2015 ഓഗസ്റ്റ് 17 നു പൂർണ്ണ കരാർ ഒപ്പിട്ട് ആ വർഷം ഡിസംബർ 5 ന് അദാനി ഗ്രൂപ്പ് പണി തുടങ്ങുകയും ചെയ്തു. 'ഇത് കടൽക്കൊള്ളയാണെന്നും 6000 കോടിയുടെ അഴിമതി ഇക്കാര്യത്തിൽ ഉമ്മൻ ചാണ്ടി നടത്തിയിട്ടുണ്ടെന്നും തങ്ങൾ അധികാരത്തിൽ വന്നാൽ ഈ കരാർ റദ്ദാക്കുമെന്നും' പരസ്യമായി ഇപ്പോഴത്തെ മുഖ്യമന്ത്രി പ്രസ്താവിച്ചു. എന്നാൽ, കേരളത്തിലെ സർവ്വ പദ്ധതികൾക്കും മുൻപിൽ കൊടി കുത്തി മുടക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നിട്ട് യാതൊരു എതിർപ്പുമില്ലാതെ അദാനിയോട് സഹകരിച്ചു പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. അത് അദാനി ഗ്രൂപ്പിന്റെ 'മാനേജ്മെന്റ് സ്കിൽ' ആണെന്നു പറയാതെ വയ്യ.

ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യവും ദീർഘവീക്ഷണവും കൊണ്ട് മാത്രം സഫലീകരിച്ച ഈ സ്വപ്ന പദ്ധതിയുടെ ഉത്ഘാടന ചടങ്ങിൽ വിശദമായി പ്രസംഗം എഴുതി വായിച്ച കേരളാ മുഖ്യമന്ത്രി പക്ഷേ ഉമ്മൻ ചാണ്ടിയുടെ പേരു പോലും പറഞ്ഞില്ല. ജനങ്ങൾ തെരഞ്ഞെടുത്ത പ്രതിപക്ഷ നേതാവിനെ ചടങ്ങിലേക്ക് ക്ഷണിക്കാനുള്ള മര്യാദ പോലും കാണിച്ചില്ല. എല്ലാം സ്വന്തം സർക്കാരിന്റെ മികവ് കൊണ്ട് മാത്രം ഉണ്ടായതാണ്. അങ്ങനെ വല്ലവരും ചെയ്തു വച്ച കാര്യങ്ങളുടെ ഉടമസ്ഥാവകാശം ഏറ്റെടുക്കാനും താൻ ഏതോ വലിയ സംഭവമാണെന്നു സ്വയം പറയാനും ഒരു മലയാളിക്കു മാത്രമേ കഴിയൂ. അപകർഷതാ ബോധം താങ്ങാനാവില്ല. ലേഖനത്തിന്റെ ആദ്യം പറഞ്ഞതുപോലെ ദുരഭിമാനം നയിക്കുന്ന സാംസ്കാരിക പാപ്പരത്വം.

ഉമ്മൻ ചാണ്ടി മണ്മറഞ്ഞിട്ട് ഒരു വർഷം ആകുന്നു. ഇന്നും നൂറുകണക്കിന് ആളുകൾ അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുന്നു. നിവേദനങ്ങളും പരിഭവങ്ങളും നന്ദി പറച്ചിലും അടങ്ങിയ അനേകം കുറിപ്പുകൾ ഇപ്പോഴും ആ കുഴിമാടത്തിൽ പൂക്കളോടൊപ്പം ആളുകൾ കൊണ്ടുവയ്ക്കുന്നു. കേരള ചരിത്രത്തിൽ ഇത്രയേറെ ആക്രമിക്കപ്പെട്ടിട്ടും പുഞ്ചിരിച്ചുകൊണ്ട് ഇന്നും ജാതി മത ഭേദമെന്യേ ജനമനസ്സിൽ നിറഞ്ഞു നിൽക്കുന്ന മറ്റൊരു നേതാവില്ല. വിഴിഞ്ഞത്ത് ഉമ്മൻ ചാണ്ടിയുടെ പേര് മനപ്പൂർവ്വം പറയാതിരുന്ന 'മിടുക്കനായ' നേതാവ് ഒരു കാര്യം കണ്ടില്ല. ജനങ്ങൾ നിങ്ങളെ നോക്കി ചിരിക്കയാണ്.

യശഃശരീരനായ ഉമ്മൻ ചാണ്ടീ, ആ കാൽക്കൽ ഒരു പിടി പുഷ്പം അർപ്പിക്കുന്നു. പ്രണാമം!

# ട്രൈസ്റ്റേറ്റ് കേരള ഫോറം ഓണാഘോഷം

## ആഗസ്റ്റ് 31-ന് കേളികൊട്ടുയരുകയായ്

**ജീമോൻ ജോർജ്ജ്, ഫിലഡൽഫിയ**

ഫിലഡൽഫിയ: സഹോദരീയ നഗരത്തിലെ ഇതര സാമൂഹിക സാംസ്കാരിക പ്രാദേശിക സംഘടനകളുടെ ഐക്യ വേദിയായ ട്രൈസ്റ്റേറ്റ് കേരള ഫോറമിന്റെ ആഭിമുഖ്യത്തിലുള്ള വമ്പിച്ച ഓണാഘോഷ മഹോത്സവം ആഗസ്റ്റ് 31-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 12 മണി മുതൽ രാത്രി 9 വരെ സെ.തോമസ് സീറോ മലബാർ കാത്തലിക് ദേവാലയത്തിന്റെ ആഡിറ്റോറിയത്തിൽ വച്ച് (608, Welsh Rd, Philadelphia, PA, 19115) വളരെ വിപുലമായിട്ട് നടത്തുന്നതാണ്.

പ്രവാസി മലയാളികളുടെ ഇടയിലെ ഏറ്റവും വലിയ ജനപ്രിയ ഓണാഘോഷങ്ങളിലൊന്നായ 'ആരവം 2024' എന്നു നാമകരണം ചെയ്തിരിക്കുന്ന ഈ ഓണാഘോഷ മഹോത്സവത്തിന്റെ കേളീകൊട്ടിനായിട്ടുള്ള അവസാനവട്ട ഒരുക്കങ്ങൾ പൂർത്തിയായി വരികയാണെന്നും ട്രൈസ്റ്റേറ്റ് കേരള ഫോറമിന്റെ ഓണാഘോഷങ്ങൾ പരമ്പരാഗത രീതിയിൽ നിന്നും തികച്ചും വ്യത്യസ്തവും നൂതനവുമായിരിക്കുമെന്ന് അബിലാഷ് ജോൺ(ചെയർമാൻ, ട്രൈസ്റ്റേറ്റ് കേരള ഫോറം) അറിയിച്ചു.

തനി മലയാള തനിമയോടു കൂടിയ ഹരിതകേരളീയ പശ്ചാത്തലത്തിലുള്ള ഓണാഘോഷങ്ങളാണ് എക്കാലത്തും ട്രൈസ്റ്റേറ്റ് കേരള ഫോറം ജനങ്ങൾക്കായി ഒരുക്കുന്നതെന്നും ആയതിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളുടെയും സഹകരണം ആവശ്യമാണെന്നും ഫിലിപ്പോസ് ചെറിയാൻ(ട്രഷറാർ, ട്രൈസ്റ്റേറ്റ് കേരള ഫോറം) പറയുകയുണ്ടായി. ഭാവി തലമുറയിലൂടെ മലയാള നാടിന്റെ ചരിത്രപരമായ ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകൾ പരസ്പരം പങ്കുവെക്കുന്നതിനും കൈമാറുന്നതിനുമായിട്ടാണ് ഇതുപോലുള്ള ആഘോഷങ്ങൾക്ക് നേതൃത്വം കൊടുത്തുവരുന്നതെന്ന് ബിനു മാത്യു(ജന.സെക്രട്ടറി, ട്രൈസ്റ്റേറ്റ് കേരള ഫോറം) അറിയിച്ചു. വരുംതലമുറയിലേക്ക് നാടിന്റെ ചരിത്രപരമായ പൈതൃകങ്ങൾ പങ്കുവെക്കുന്നതിനായിട്ട് സാമൂഹിക, സാംസ്കാരിക വേദികളിലാണ് ഓണാഘോഷങ്ങൾ നടത്തേണ്ടതെന്ന് ജോബി ജോർജ്ജ്(ചെയർമാൻ, ഓണാഘോഷം) പറയുകയുണ്ടായി.




മലയാളികളുടെ ദേശീയോത്സവമായ ഓണാഘോഷത്തിന്റെ



Abhilash john
Chairman

Binu Mathew
General Secretary

Philipose cherian
Treasurer

Joby George
Onam Chairman

Vincent Emmanuel
Program Coordinator

പവിത്രത ഒട്ടും നഷ്ടപ്പെടുത്താതെ പ്രവാസികളുടെ ഇടയിൽ ആഘോഷിച്ചുവരുന്ന ഓണാഘോഷത്തിൽ വിശിഷ്ടാതിഥികളെ ആനയിച്ചുകൊണ്ടുള്ള കേരളീയ സാംസ്കാരികത വിളിച്ചോതുന്ന ഘോഷയാത്ര പൊതുസമ്മേളനം ചെണ്ടമേളം മാവേലി മന്നന്റെ എഴുന്നള്ളത്ത്, മെഗാതിരുവാതിര, അത്തപൂക്കളം, അവാർഡുദാനങ്ങൾ, വിഭവസമൃദ്ധമായ ഓണസദ്യ, കർഷക രത്നം അവാർഡു ദാനം മലയാളി മങ്ക-മന്നൻ മത്സരം, ഓട്ടംതുള്ളൽ, കഥകളി, പുലികളി, മോഹിനിയാട്ടം, വിവിധ നൃത്തവിദ്യാലയങ്ങളുടെ നൃത്തങ്ങൾ, സംഗീത സാന്ദ്രമായ ഗാനമേള തുടങ്ങിയ നിരവധി വ്യത്യസ്തമായ കലാപരിപാടികൾ ഒരുക്കിയിട്ടുള്ളതായി വിൻസെന്റ് ഇമ്മാനുവേൽ(പ്രോഗ്രാം കോർഡിനേറ്റർ) അറിയിക്കുകയുണ്ടായി.

അലക്സ് തോമസ്, ജോർജ് ഓലിക്കൽ, സാജൻ വർഗീസ്, സുധാകർത്ത, സുരേഷ് നായർ, ജോൺ പണിക്കർ, രാജൻ ശമുവേൽ, റോണീ വർഗീസ്, കുര്യൻ രാജൻ, ജോർജ്ജ് നടവയൽ, സുമോദ് നെല്ലികാല, ജോസഫ് മാണി, ജോർജുകുട്ടി ലൂക്കോസ്, ശോമ്മ ചെറിയാൻ, ബ്രിജിറ്റി വിൻസെന്റ്, ആശാ അഗസ്റ്റിൻ, സെലിൻ ഓലിക്കൽ, അരുൺ കോമാട്ട്, സാറാ ഐപ്പ്, അലക്സ് ബാബു, ജോർജി കടവിൽ, പി.കെ. സോമരാജൻ, തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികൾ ഓണാഘോഷ മഹോത്സവത്തിന്റെ വൻവിജയത്തിനായിട്ടുള്ള വിപുലമായ ക്രമീകരണങ്ങൾ നടത്തിവരുന്നതായി ട്രൈസ്റ്റേറ്റ് കേരള ഫോറമിന്റെ പത്രകുറിപ്പിൽ അറിയിക്കുകയുണ്ടായി.

# ട്രൈസ്റ്റേറ്റ് ഓണസദ്യ – സ്വാദിഷ്ടം , വിഭവസമൃദ്ധം

**സദാശിവൻകുഞ്ഞി**

പതിനഞ്ചിൽ പരം സംഘടനകളുടെ സംഘടനയായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷത്തിന്റെ ഭാഗമായി ഈ വരുന്ന ആഗസ്റ്റ് 31 ന് ഫിലാഡൽഫിയയിലെ പ്രശസ്തമായ മയൂര റസ്റ്ററന്റിന്റെ നേതൃത്വത്തിൽ ഓണ സദ്യ പൊടിപൊടിക്കുകയാണ് . ഉച്ചക്ക് കൃത്യം 12 ന് ഫിലഡൽഫിയയിലെ സീറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിലാണ്എത്ര കഴിച്ചാലും മതിവരാത്ത കൊതിയൂറും സദ്യ നാം ആസ്വദിക്കാൻ പോകുന്നത് . മലയാളികളെ സംബന്ധിച്ചിടത്തോളം, ഓണസദ്യയിലെ പ്രധാന ഇനങ്ങളാണ് പപ്പടം ,പായസം ഉപ്പേരി തുടങ്ങിയവ. ഈ വിരുന്ന് ആസ്വദിക്കുവാൻ ഏറ്റവും അനുയോജ്യമായ സമയം ഓണക്കാലം തന്നെയാണ്

വാഴയിലയിൽ വിളമ്പുന്ന, ഒട്ടേറെ വെജിറ്റേറിയൻ വിഭവങ്ങൾ ഉൾക്കൊള്ളുന്നു ഓണ സദ്യയാണ് ഇത്തവണത്തെ പ്രത്യേകത .അവയിൽ കേരളത്തനിമനിറഞ്ഞ കുത്തരിച്ചോറ്, രുചികമായ കറികൾ , പഴം, പായസം , ഉപ്പേരി എന്നിവ ഉൾപ്പെടുന്നു. മയൂര റസ്റ്ററന്റിലെ ശ്രീ ഷാജി സുകുമാരന്റെ നേതൃത്വത്തിൽ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷത്തിനു വേണ്ടി തയ്യാറാക്കുന്ന വിഭവസമൃദ്ധമായ ഓണസദ്യ വയറ് നിറയെ കഴിച്ച് സംതൃപ്തി നേടാം ഇത്തവണത്തെ ഓണസദ്യയിൽ കറികൾ വിളമ്പുന്ന രീതിയിലും സംഘടനാ ശൈലിയിലും നാം എല്ലാ കൊല്ലത്തേയും പോലെ കർശനമായ അച്ചടക്കം പാലിക്കുന്നുണ്ട്.




ഓണവിഭവങ്ങൾ നമുക്കായി വിളമ്പുന്നത് കേരളത്തിന്റെ തനത് ശൈലിയിൽ നെയ്തെടുത്ത ഓണക്കോടിയുടുത്ത മലയാളി മങ്കമാർ ആയിരിക്കും

ഒത്തുചേരലിന്റെ ആഘോഷമായ ഈ പരിപാടിയിലേക്ക് എല്ലാവരും കുടുംബസമേതം എത്തിച്ചേരണമെന്ന് സംഘാടകർ അറിയിച്ചു.

ശ്രീ ഷാജി സുകുമാരൻ പരമ്പരാഗത രീതിയിൽ ട്രൈസ്റ്റേറ്റിനുവേണ്ടി ഒരുക്കുന്ന ഈ മഹാസദ്യയിൽ പങ്കെടുത്ത് ഇത്തവണത്തെ ഓണം നമുക്ക് അവിസ്മരണീയമാക്കാം

ശ്രീ ഷാജി സുകുമാരൻ – മയൂര റസ്റ്ററന്റ് – 267 –377–3250



HAPPY
4TH OF JULY
INDEPENDENCE DAY
Please Elect
Ambily Sajimon
FOMAA
Joint Treasurer
Candidate 2024-26
FOMAA TEAM 2024-26
Ready for Change, Ready to Lead!!!
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINOOB SREEDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT.DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER

# ശ്രീരാമകഥാമൃതം ഭക്തിസാന്ദ്രമാക്കിയ രാമായണ മാസാചരണത്തിന് കർക്കിടകം ഒന്നിന് ചിക്കാഗോ ഗീതാ മണ്ഡലത്തിൽ ശുഭാരംഭം

രാമായണ പാരായണത്തിലൂടെ മനുഷ്യ മനസ്സിലേക്ക് ആധ്യാത്മിക പുണ്യം നിറച്ചു കൊണ്ട് കർക്കിടകം ഒന്നിന് വെർച്ച്യുൽ ആയ ഗീതാമണ്ഡലം സംഘടിപ്പിച്ച രാമായണപാരായണ യജ്ഞം, കോഴിക്കോട് സാമൂതിരി കുടുംബത്തിലെ മുതിർന്ന അംഗം ശ്രീ രവി വർമ്മ രാജ ഉത്ഘാടനം ചെയ്തു. ഹൈന്ദവസംസ്കൃതിയുടെയും ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെയും ആരാധനാ ക്രമത്തിന്റെയും ആകെത്തുകയാണ് രാമായണം എന്നും. വിശ്വാസാധിഷ്ഠിത, പുരാണ പാരായണ ആചാരാനുഷ്ഠാന പ്രാർത്ഥനാദികൾ, ത്യാജ്യഗ്രാഹ്യവിവേചനാ പൂർവ്വം പുനരേകീകരിച്ച് ഹൈന്ദവ ഹൃദയങ്ങളിലും ഭവനങ്ങളിലും സ്ഥിരപ്രതിഷ്ഠ നേടാൻ, പ്രചരണവും പ്രതിബദ്ധതയും അനുഷ്ഠാനവും ഉണ്ടാക്കണം. അതിന് പുരാണ ഇതിഹാസങ്ങളാകണം മാർഗദർശനം എന്ന് ശ്രീ രവി വർമ്മ രാജ തന്റെ ഉത്ഘടന പ്രസംഗത്തിൽ പറഞ്ഞു.

ഈ കഴിഞ്ഞ ശനിയാഴ്ച്ച രാമായണ പാരായണ യജ്ഞത്തിന്റെ ഭാഗമായി വളരെ വിപുലമായ രീതിയിൽ ആണ് ഗീതാ മണ്ഡലം തറവാട് ക്ഷേത്രത്തിൽ വെച്ച് സംഘടിപ്പിച്ച രാമായണപാരായണ യജ്ഞത്തിന്റെ മുന്നോടിയായി നടന്ന പൂജകളിൽ പങ്കെടുക്കുവാൻ വളരെ അധികം ഭക്തർ പങ്കെടുത്തു. മേൽശാന്തി ശ്രീ കൃഷ്ണൻ ചെങ്ങണാംപറമ്പിന്റെ നേതൃത്വത്തിൽ നടന്ന വിശേഷാൽ മഹാഗണപതി പൂജക്കും ശ്രീ രാമചന്ദ്ര പൂജകൾക്കുശേഷം ഗ്രന്ഥപൂജയും നടത്തി. തുടർന്ന് രാമായണ ആചാര്യ ശ്രീമതി ഇന്ദു നായരുടെയും, ശ്രീമതി തങ്കമ്മാ അപ്പുക്കുട്ടന്റെയും നേതൃത്വത്തിൽ ആരംഭിച്ച ഈ വർഷത്തെ രാമായണ പാരായണ മഹോത്സവം ഒരു ദിവ്യാനുഭൂതിയാണ് സൃഷ്ടിച്ചത് എന്ന് ഭക്തർ അഭിപ്രായപ്പെട്ടു. രാമായണപാരായണത്തിനു ശേഷം നടന്ന ഭജനയും പൂജകളും ഭക്തിയുടെ മറ്റൊരു തലത്തിലേക്ക് ഭക്തരെ എത്തിച്ചു.






കർക്കിടകം ഒന്നിന് (ചൊവാഴ്ച്ച) വെർച്ച്യുൽ ആയി സംഘടിപ്പിച്ച രാമായണ പാരായണത്തിന് അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡ, ഇന്ത്യ എന്നിവിടങ്ങളിലെ ഭക്തരും പങ്കെടുത്തു. മനുഷ്യനന്മയ്ക്കും സത്പ്രവർത്തികൾക്കും മാതൃകയായി നിലകൊള്ളുന്ന രാമായണ ശ്ലോകങ്ങൾ സദാചാര നിഷ്ഠമായ കുടുംബപശ്ചാത്തലവും ഹൃദയശുദ്ധി നിറഞ്ഞ ജീവിതരീതിയും പകർന്നു തന്ന് നമ്മുടെ മനസ്സ് കീഴടക്കും എന്ന് ഗീതാ മണ്ഡലം സ്പിരിറ്റുല് ചെയർപേഴ്സൺ ശ്രീ ആനന്ദ് പ്രഭാകർ തന്റെ രാമായണ സന്ദേശത്തിൽ അഭിപ്രായപ്പെട്ടു. രാമായണംകാവ്യം ഇന്നത്തെ ജീവിതത്തിന് ഏറെ മാതൃകയാണ്. മനുഷ്യന് എങ്ങിനെ ജീവിക്കണം എന്ന് ഈ കാവ്യം വരച്ചുകാട്ടുന്നു പുണ്യഗ്രന്ഥമാണ് അദ്ധ്യാത്മ രാമായണം എന്ന്ചിക്കാഗോ ഗീതാമണ്ഡലം ആചാര്യൻ ശ്രീ മനോജ് നമ്പൂതിരി തന്റെ ആശംസാ സന്ദേശത്തിൽ പറഞ്ഞു. ഈ രാമായണ കാലത്തിൽ നോർത്ത് അമേരിക്കയിലെ എല്ലാ ഗൃഹങ്ങളിലും നമ്മുക്ക് രാമായണ പാരായണം ഒരു ചര്യ ആക്കണം എന്നും. നമ്മുടെ അടുത്ത തലമുറക്ക് ഈ പൈതൃകം പകർന്നു കൊടുക്കാൻ നമ്മളാൽ കഴിയുന്നതെല്ലാം നമ്മുക്ക് കൂട്ടായി ചെയ്യാണമെന്നും ജോയിന്റ് സെക്രട്ടറി ശ്രീ പ്രജീഷും അഭിപ്രായപ്പെട്ടു.


ഫോമാ അഡ്വൈസറി ബോർഡ്
ചെയർ സ്ഥാനത്തേക്ക്
ഷിനു ജോസഫ്
ഫോമായിൽ വിവിധ തലങ്ങളിൽ
മികവ് പ്രകടിപ്പിച്ച പ്രവർത്തനങ്ങൾ
സംഘടനയുടെ നന്മക്കായുള്ള നിലപാടുകൾ

# ഏഷ്യാനെറ്റ് ന്യൂസ് കമ്യൂണിറ്റി ലീഡർ അവാർഡ് പ്രമുഖ കനേഡിയൻ വ്യവസായി ടോമി കോക്കാടിന്




നയാഗ്ര ഫാൾസ് : ഏഷ്യാനെറ്റ് ന്യൂസും സിറിയക് ഓർത്തഡോക്സ് ചർച്ച് വടക്കേ അമേരിക്കൻ അതിരൂപതയും സംയുക്തമായി ഒരുക്കിയ ഏഷ്യാനെറ്റ് ന്യൂസ് എക്സലൻസ് കമ്യൂണിറ്റി ലീഡർ അവാർഡിന് പ്രമുഖ കനേഡിയൻ വ്യവസായി ടോമി കോക്കടൻ അർഹനായി.

കഴിഞ്ഞ 35 വർഷത്തോളമായി കനേഡിയൻ മലയാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ആയി പ്രയത്നിക്കുന്ന ആളെന്ന നിലയിലാണ് ടോമി കോക്കാടനെ അവാർഡിനായി തിരഞ്ഞെടുത്തതെന്ന് ഏഷ്യാനെറ്റ് ന്യൂസ് ചീഫ് കോഡിനേറ്റിങ്ങ് എഡിറ്റർ അനിൽ അടൂർ പറഞ്ഞു.

സിറിയക് ഓർത്തഡോക്സ് ചർച്ച് വടക്കേ അമേരിക്കൻ അതിരൂപതാദ്ധ്യക്ഷൻ എൽദോ മാർ തീത്തോസ് മെത്രാപ്പോലീത്താ, ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത,ഏഷ്യാനെറ്റ് ന്യൂസ് നോർത്ത് അമേരിക്കൻ ഓപ്പറേഷൻ മേധാവി കൃഷ്ണ കിഷോർ, ഏഷ്യാനെറ്റ് ന്യൂസ് കാനഡ പ്രതിനിധി ജിത്തു ദാമോധർ, സിറിയക് ഓർത്തഡോക്സ് ചർച്ച് വടക്കേ അമേരിക്കൻ കൗൺസിൽ അംഗം ജെനു മഠത്തിൽ,എന്നിവർ പങ്കെടുത്തു.

2024 ജൂലൈ 17 ബുധൻ വൈകിട്ട് നയാഗ്ര ഫാൾസിനടുത്തുള്ള അമേരിക്കാന കോൺഫറൻസ് റിസോർട്ട് സ്പാ & വാട്ടർപാർക്കിൽ വച്ചാണ് പരിപാടി നടന്നത്.



# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്

# തോമസ് ജോസ്



**ഫോമായുടെ ആരംഭകാല നേതാവ്**
**നിഷ്പക്ഷതയും എല്ലാവരുമായും സൗഹൃദവും**
**ആദ്യ മലയാളം ഫോണ്ട് 'ജോസ്കുട്ടി ഫോണ്ട്**
**രൂപം കൊടുത്ത ഭാഷാസ്നേഹി**


# ഫൈൻ ആർട്സിനു പുതിയ ഭരണസമിതി: പുതിയ നാടകം 'ബോധിവൃക്ഷത്തണലിൽ'



ടീനെക്ക് (ന്യൂ ജേഴ്‌സി): അമേരിക്കയിലെ കലാരംഗത്ത് നിറസാന്നിധ്യമായി മലയാളി മനസുകൾ കീഴടക്കിയ ഫൈൻ ആർട്സ് മലയാളം ക്ളബ് 23 വർഷങ്ങൾ പിന്നിട്ടു

പുതിയ വർഷത്തെ ഭാരവാഹികളായി പേട്രൺ പി ടി ചാക്കോ (മലേഷ്യ)യും, ചെയർമാൻ ജോർജ് തുമ്പയിലും തുടരും. പ്രസിഡന്റായി ജോൺ (ക്രിസ്റ്റി) സഖറിയ, സെക്രട്ടറി ആയി റോയി മാത്യു , ട്രഷറാർ ആയി എഡിസൺ എബ്രഹാം എന്നിവരും കമ്മിറ്റി അംഗങ്ങളായി റെഞ്ചി കൊച്ചുമ്മൻ , ഷൈനി എബ്രഹാം, ടീനോ തോമസ്, ആഡിറ്റർ ആയി ജിജി എബ്രഹാം എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

2024 വർഷത്തെ ഏറ്റവും പുതിയ നാടകം ''ബോധിവൃക്ഷത്തണലിൽ '' നവംബർ 2 ശനിയാഴ്ച ടീനെക്കിൽ അരങ്ങേറും . റ്റാഫ്റ്റ് റോഡിലെ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ മിഡിൽ സ്കൂളിലാണ് നാടകം.




ആയുസിനും പുസ്തകത്താളുകളിലൂടെ കടന്നുപോകുന്ന ജനനത്തിനും മരണത്തിനും ഇടയിലുള്ള കാലത്തെ, നമ്മൾ ജീവിതമെന്ന് വിളിക്കുന്നു. ആകസ്മികത നിറഞ്ഞതാണ് ജീവിതം. ആ ജീവിതത്തിന്റെ സമസ്യകളെ പൂരിപ്പിക്കുക ഒരു സാധാരണ ജീവിതം കൊണ്ട് അസാധ്യമാണ് . ജീവിത സായാഹ്നത്തിൽ എല്ലാം നഷ്ടപ്പെട്ട് ഒരു പദവിയിലും ആരും ഉൾക്കൊള്ളാതാവുന്ന ചില ജീവിതങ്ങളുടെ നേർക്കാഴ്ചയാണ് ''ബോധിവൃക്ഷത്തണൽ''.

റോയി മാത്യു, സജിനി സഖറിയാ , സണ്ണി റാന്നി, ഷൈനി ഏബ്രഹാം, ഷിബു ഫിലിപ് , റിജോ എരുമേലി , ജോർജി സാമുവേൽ എന്നിവർ രംഗത്ത് എത്തുന്നു . സംവിധാനം - റെഞ്ചി കൊച്ചുമ്മൻ.

2001 ഫെബ്രുവരിയിലാണ് പദ്മവിഭൂഷൺ ഡോ . കെ ജെ യേശുദാസ് ഭദ്രദീപം കൊളുത്തി, പുതിയൊരു സാംസ്കാരിക അധ്യായത്തിന് തുടക്കമിട്ടത് .

മലയാളത്തിന്റെ ചൂടും ചൂരുമുള്ള കലാരൂപങ്ങൾ വ്യത്യസ്തതയോടുകൂടി, ചിട്ടയായി, സമയക്ലിപ്തത പാലിച്ച് അമേരിക്കൻ മലയാളികൾക്ക് പ്രത്യേകിച്ചും, ലോക മലയാളികൾക്കും പ്രാപ്യമായി കാഴ്ചവച്ച് കൊണ്ട് 23 വർഷങ്ങളും എല്ലാവരുടെയും മനസ്സിൽ ലബ്ധപ്രതിഷ്ഠ നേടുകയായിരുന്നു ഫൈൻ ആർട്സ് മലയാളം ക്ളബ്.

നാടകം, നൃത്തം ചരിത്രാവിഷ്ക്കാരം, ഡാൻസ് ഡ്രാമകൾ തുടങ്ങി വിവിധ കലാരൂപങ്ങൾ ആസ്വാദകസമക്ഷം സമർപ്പിച്ച ക്ളബ്ബിന് സ്വന്തമായി രംഗപടങ്ങൾ (ഇപ്പോൾ വീഡിയോ വോളും ) ലൈറ്റിങ്, മേക്കപ്പ് സാമഗ്രികൾ തുടങ്ങിയവയും ഉണ്ട് . അമേരിക്ക, കാനഡ, മലേഷ്യ എന്നിവിടങ്ങളിലായി അൻപതിലധികം കലാരൂപങ്ങൾ അരങ്ങേറിയിട്ടുമുണ്ട് . ഫൈൻ ആർട്സിന്റെ 27 -മത് നാടകമാണിത് .വിവിധ ധനശേഖരണ പരിപാടികളിലായി 6 ലക്ഷത്തിലധികം ഡോളർ സംഘാടകർക്ക് നേടിക്കൊടുക്കുന്നതിനും ഫൈൻ ആർട്സ് ചാലകശക്തിയായി.

പി ടി ചാക്കോ (മലേഷ്യ)യുടെ മനസ്സിൽ ഉരുത്തിരിഞ്ഞ ആശയമാണ് പിന്നീട് ഫൈൻ ആർട്സ് മലയാളം ക്ളബ്ബായി പരിണമിച്ചത് .

ഈ നാടകം നടത്താനാഗ്രഹിക്കുന്ന കലാപ്രസ്ഥാനങ്ങളോ സംഘടനകളോ താഴെപ്പറയുന്നവരുമായി ബന്ധപ്പെടുക.

ജോൺ (ക്രിസ്റ്റി) സഖറിയ (908) 883 1129
എഡിസൺ എബ്രഹാം (862) 485 0160
റോയി മാത്യു (201) 214 2841
റെഞ്ചി കൊച്ചുമ്മൻ (201) 9267070



ഫോമാ
പ്രവർത്തനങ്ങളിൽ മാത്രമല്ല
കലയിലും
ഒന്നാമൻ!!
ഫോമാ നാടകോത്സവം
മികച്ച നടൻ
സണ്ണി കല്ലൂപ്പാറ
ഫോമാ
വൈസ് പ്രസിഡന്റ്
സ്ഥാനാർത്ഥി
പ്രവർത്തന
മികവിന്
ഒരു വോട്ട്
SUNNY P NINAN
SUNNY KALLOOPPARA
FOMAA TEAM 2024-2026
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
DR. PRINCE NECHIKAT DBA
JOINT SECRETARY
BINOOB SREEDHARAN
TREASURER
AMBILY SAJIMON
JOINT TREASURER

# ടീം ഫോമായുടെ വിജയസംഗമം
## 27-നു ന്യു യോർക്ക് ടൈസൺ സെന്ററിൽ

ജൂലൈ 27 ശനിയാഴ്ച 5 മണിക്ക് ന്യൂ യോർക്കിലെ ടൈസൺ സെന്ററിൽ വച്ച്, (26 നോർത്ത് ടൈസൺ അവന്യൂ, ഫ്ലോറൽ പാർക്ക്, ന്യൂ യോർക്ക് 11001) ഡെലിഗേറ്റുകളുടെയും അംഗ സംഘടനാ നേതാക്കളുടെയും സമ്മേളനം നടത്തുന്നതാണെന്ന് ടീം ഫോമാ നേതാക്കൾ അറിയിച്ചു. ന്യൂ യോർക്ക്, ന്യൂജേ ഴ്സി , കണെക്ടിക്കട്ട്, ഡെലവെയർ, പെൻസിൽവെനിയ, മാസ്സച്യുസ്സെറ്റ്സ് എന്നിവിടങ്ങളിലെ ഫോമാ ഡെലിഗേറ്റുകളും, അംഗസംഘടനാ നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ടീം ഫോമാ നേതാക്കൾ അഭ്യർത്ഥിച്ചു.

ഫോമായുടെ പുതു ഭരണസമിതിയിലേക്ക് സംഘാടക മികവിന്റെ പര്യായമായി നിലകൊള്ളുന്ന പ്രിയപ്പെട്ട തോമസ് ടി ഉമ്മന്റെ നേതൃത്വത്തിലുള്ള ടീം ഫോമാ , അംഗസംഘടനകളുടെയും റീജിയനുകളുടെയും അമേരിക്കൻ മലയാളി പൊതുസമൂഹത്തിന്റെയും ആവേശോജ്ജ്വലമായ പിന്തുണ നേടി മുന്നേറുകയാണ്.


തോമസ് ടി ഉമ്മൻ എന്ന വ്യക്തിത്വം അമേരിക്കൻ മലയാളി കൂട്ടായ്മയുടെ മേച്ചിൽപ്പുറങ്ങളിലെ പ്രശ്നങ്ങൾക്കും പ്രതീക്ഷകൾക്കും വാക്കിന്റെ നേരായും പ്രവൃത്തിയുടെ വക്താവായും നിലകൊള്ളുന്ന വിശ്വസനീയ സാന്നിദ്ധ്യമാണ്. വിവിധ മേഖലകളിൽ തനതായ വ്യക്തിമുദ്രകൾ ചാർത്തിയവരും പ്രതിഭാസമ്പന്നരും പരിണതപ്രജ്ഞരുമായ പാനൽ അംഗങ്ങളാണ് ടീം ഫോമായിലുള്ളത്.

ടീം ഫോമാ മുന്നോട്ടു വയ്ക്കുന്ന പ്രവാസി സമൂഹത്തിന് സഹായകരമായ 12 ഇന പരിപാടികളെ ഹൃദയത്തിൽ ചേർത്ത് വിജയിപ്പിക്കുവാൻ പ്രമുഖ ഫോമാ നേതാക്കൾ അഭ്യർത്ഥിക്കുകയാണ്.

പ്രസിഡന്റ് പദവിയിലേക്ക് തോമസ് ടി ഉമ്മനെയും ജനറൽ സെക്രട്ടറിയായി സാമുവേൽ മത്തായിയെയും ട്രഷററായി ബിനൂബ് ശ്രീധരനെയും വൈസ് പ്രസിഡന്റായി സണ്ണി കല്ലൂപ്പാറയെയും ജോയിന്റ് സെക്രട്ടറിയായി ഡോ. പ്രിൻസ് നെച്ചിക്കാട്ടിനെയും ജോയിന്റ് ട്രഷററായി അമ്പിളി സജിമോനെയും നിങ്ങളുടെ ഏവരുടെയും മനഃസാക്ഷിയുടെ അംഗീകാരം നൽകി വിജയിപ്പിക്കണെമെന്ന് അഭ്യർത്ഥിക്കുന്നു.

ആവേശോജ്ജ്വലമായ ഈ തേരോട്ടത്തിൽ പങ്കാളികളാകുവാൻ തോമസ് റ്റി ഉമ്മനും ടീം ഫോമാ അംഗങ്ങളും ഏവരെയും ആഹ്വാനം ചെയ്തു.





ഫോമാ ട്രഷറർ സ്ഥാനത്തേക്ക്
ബിനൂബ് ശ്രീധരൻ
സാമ്പത്തിക രംഗത്ത് സുതാര്യതയും സത്യസന്ധതയും
മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം; സാമ്പത്തിക അച്ചടക്കം
പരിചയസമ്പന്നമായ നേത്രുത്വം
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINOOB SREEDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER

# ഫിലാഡൽഫിയ സീറോമലബാർ പള്ളിയിൽ വി: തോമ്മാശ്ലീഹായുടെ തിരുനാൾ ഭക്തിനിർഭരം



**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: ഭാരതഅപ്പസ്തോലനും, ഇടവക മദ്ധ്യസ്ഥനുമായ വിശുദ്ധ തോമ്മാശ്ലീഹായുടെ ദുക്റാന (ഓർമ്മ) തിരുനാൾ ജൂൺ 28 മുതൽ ജൂലൈ 8 വരെ വിവിധതിരുക്കർമ്മങ്ങളോടെയും, കലാപരിപാടികളോടെയും ആഘോഷിച്ചു. ജൂൺ 28 വെള്ളിയാഴ്ച്ച വൈകുന്നേരം ഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ, ചിക്കാഗോ സീറോമലബാർ രൂപതാ വികാരിജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം എന്നിവർ സംയുക്തമായി തിരുനാൾകൊടി ഉയർത്തി പത്തുദിവസം നീണ്ടുനിന്ന തിരുനാൾ ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു.

ജുലൈ 5 വെള്ളിയാഴ്ച്ച മുൻവികാരി റവ. ഫാ. കുര്യാക്കോസ് കുമ്പക്കിലും, ശനിയാഴ്ച്ച റവ. ഫാ. ജോബി ജോസഫും (സെ. മേരീസ് സീറോമലബാർ, ലോംഗ് ഐലന്റ്) മുഖ്യകാർമ്മികരായി തിരുനാൾ കുർബാനയും, ലദീഞ്ഞും. ശനിയാഴ്ച്ച ലദീഞ്ഞിനുശേഷം ചെണ്ടമേളത്തിന്റെയും, ബഹുവർണ മുത്തുക്കുടകളുടെയും അകമ്പടിയോടെ വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം.



തുടർന്ന് കലാസന്ധ്യ അരങ്ങേറി. ഇടവകയിലെ കലാപ്രതിഭകളും, പ്രസുദേന്തി കുടുംബങ്ങളും അവതരിപ്പിച്ച മൂന്നുമണിക്കൂർ നീണ്ടുനിന്ന കലാസന്ധ്യ ഹൃദ്യമായിരുന്നു. അനുഗൃഹീത നൃത്തകലാകാരനും, മാതാ ഡാൻസ് അക്കാഡമി ഡയറക്ടറുമായ ബേബി തടവനാലിന്റെ കോറിയോഗ്രഫിയിൽ നൃത്തവിദ്യാലയത്തിലെ കലാപ്രതിഭകൾ ബേബിയൊന്നിച്ചവതരിപ്പിച്ച അവതരണനൃത്തം, ഇടവക ഗായകസംഘത്തിന്റെ ഗാനാമൃതം, സി.സി.ഡി. ഗേൾസിന്റെ പ്രാർത്ഥനാനൃത്തം, പ്രസുദേന്തി ദമ്പതികളും, കുട്ടികളും ഒന്നുചേർന്നവതരിപ്പിച്ച വിവിധ നൃത്തങ്ങൾ, മിമിക്രി ആർട്ടിസ്റ്റുകളായ ആക്കാട്ടുമുണ്ട റോയ്/റോജ് സഹോദരങ്ങൾ അവതരിപ്പിച്ച





സൈൻ ആർട്ടിസ്റ്റുകളുടെ ശബ്ദാനുകരണം, മരിയൻ മദേഴ്സിന്റെ സ്കിറ്റ്, സെ. വിൻസന്റ് ഡി പോൾ ടീം അവതരിപ്പിച്ച ഹാസ്യ നാടകം, യൂത്ത് ഡാൻസ് എന്നിവ സദസ്യർ നന്നായി ആസ്വദിച്ചു. കമ്പ്യൂട്ടർ സങ്കേതിക വിദ്യയുടെ സഹായത്താൽ കലാപരമായ ഡിസൈനുകളും, സ്റ്റേജിലവതരിപ്പിക്കുന്ന കലാരൂപത്തിനിണങ്ങുന്ന പശ്ചാത്തല ദൃശ്യവിസ്മയങ്ങളും സമന്വയിപ്പിച്ചുള്ള വീഡിയോ വാൾ സ്റ്റേജിന് മിഴിവേകി. ടിജോ പറപ്പുള്ളി, ജയിൻ സന്തോഷ്, ആൽബിൻ ഏബ്രാഹം, എമിലിൻ തോമസ് എന്നിവർ കലാസന്ധ്യയുടെ അവതാരകരായി.

പ്രധാന തിരുനാൾ ദിവസമായ ജുലൈ 7 ഞായറാഴ്ച്ച രാവിലെ ഒമ്പതര മണിക്ക് റവ. ഫാ. ലിജോ കൊച്ചുപറമ്പിലിന്റെ (ഫിലാഡൽഫിയ സെ. ന്‘മാൻ ക്നാനായ കത്തോലിക്കാ മിഷൻ) മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ റാസ കുർബാന. റവ. ഫാ. ജോസഫ് അലക്സ് (കാത്തലിക് യൂണിവേഴ്സിറ്റി, വാഷിംഗ്ടൺ ഡി. സി.) തിരുനാൾ സന്ദേശം നൽകി. നൊവേനക്കും ലദീഞ്ഞിനുശേഷം വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം, യുവജനങ്ങൾ തയാറാക്കിയ കാർണിവൽ, തുടർന്ന് സ്നേഹവിരുന്ന്.

മരിച്ചവരുടെ ഓർമ്മദിനമായ ജുലൈ 8 തിങ്കളാഴ്ച്ച വൈകുന്നേരം 7 നുള്ള ദിവ്യബലി, ഒപ്പീസ് എന്നിവയെതുടർന്ന് റവ. ഡോ. ജോർജ് ദാനവേലിൽ കൊടിയിറക്കിയതോടെ പത്തുദിവസം നീണ്ട തിരുനാളാഘോഷങ്ങൾക്ക് തിരശീലവീണു.

വിൻസന്റ് ഇമ്മാനുവലും കുടുംബവുമായിരുന്നു ഈ വർഷത്തെ തിരുനാൾ നടത്തിയത്. ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, കൈക്കാരന്മാരായ ജോജി ചെറുവേലിൽ, ജോസ് തോമസ്, പോളച്ചൻ വറീദ്, സജി സെബാസ്റ്റ്യൻ, ജെറി കുരുവിള, പാരീഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, തിരുനാൾ പ്രസുദേന്തി, പാരിഷ് കൗൺസിൽ അംഗങ്ങൾ എന്നിവർ തിരുനാളിന്റെ ക്രമീകരണങ്ങൾ നിർവഹിച്ചു.

ഫോട്ടോ: ജോസ് തോമസ്












Team FOMAA 2024 - 2026
SAMUEL MATHAI
For
GENERAL SECRETARY
A genuine leader embodies integrity, humility, confidence, patience, ethical behavior, self-awareness, altruism, and genuineness.
PLEASE SUPPORT

# Got into an accident?

# NEVER TO WORRY



## CALL

## GLOBAL COLLISION & BODY WORKS LLC

## 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**




# അമേരിക്കൻ പ്രസിഡണ്ടുമാരും വധ ഭീഷണിയും

നാല്പതു വർഷത്തിനാലെ-7
മീനു എലിസബത്ത്



റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ അമേ ക്കയുടെ മുൻപ്രസിഡണ്ട് ഡൊണാൾഡ് ംപിനെതിരെയുള്ള വധ ശ്രമവും തുടർന്നു ടായ സംഭവ വികാസങ്ങളും ലോകം ഞെ ലോടെയാണ് കണ്ടത്.

ഇങ്ങനെയൊക്കെ സംഭവിക്കുവാൻ സാ ്യതയുണ്ടെന്ന് പലരും ചിന്തിച്ചിട്ടുണ്ടെങ്കി ും വളരെ ഹീനമായ ഒരു പ്രവർത്തി ഒരു രുപതുകാരൻ നടപ്പാക്കുവാൻ തുനിഞ്ഞി ങ്ങിയത് അക്ഷരാർത്ഥത്തിൽ മനുഷ്യരാശി ് നടുക്കമായി.

അമേരിക്കയുടെ ചരിത്രമെടുത്തു നോ ിയാൽ പത്തൊൻപതാം നൂറ്റാണ്ടു മു ൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ്രാരംഭം വരെ അമേരിക്കൻ പ്രസിഡന്റുമാർ ക്കതിരെയുള്ള വധശ്രമങ്ങളും ഗൂഢാലോ നകളും നിരവധിയാണ്. കൊലപാതക മം നേരിട്ട ആദ്യ പ്രസിഡന്റായിരുന്നു ആൻഡ്രൂ ജാക്സൺ. 1835 ജനുവരി 30-ന്, കാപ്പിറ്റോളിലെ ഈസ്റ്റ് പോർട്ടിക്കോയിൽ വെച്ച് റിച്ചാർഡ് ലോറൻസ് എന്ന അക്രമി രണ്ട് തവണ അദ്ദേഹത്തെ വെടിവെക്കാൻ ശ്രമിച്ചു. പക്ഷെ രണ്ട് തോക്കുകളും ജാമായി. അങ്ങനെ വെടിയുതിർക്കാതെ ആ വധശ്രമം പരാജയപ്പെട്ടു.

ഇതിനു മുൻപ് വധ ശ്രമത്തിനു ഇരയായക്കപ്പെട്ട മൂന്ന് പ്രസിഡന്റുമാർക്ക് പരിക്കേറ്റിട്ടുണ്ട്: 1981 റൊണാൾഡ് റെയ്ഗനെ വധിക്കാൻ ജോൺ ഹിങ്ക്ലി ജൂനിയർ ശ്രമം നടത്തുകയും റെയ്ഗന് പരുക്ക് പറ്റുകയും ചെയ്തു. മുൻ പ്രസിഡണ്ടായിരുന്ന തിയോഡോർ റൂസ്വെൽറ്റിനെ വധിക്കാൻ 1912-ൽ ലസ്ന ജോൺ ഷ്രാങ്ക് എന്നയാൾ ഉദ്യമിച്ചു. രണ്ട് വട്ടം പ്രസിഡന്ടായിരുന്ന ടെഡി റൂസ്വെൽറ്റ് വാശിപ്പുറത്ത് മൂന്നാം വട്ടം മത്സരിക്കുമ്പോഴായിരുന്നു അത്. തെരെഞ്ഞെടുപ്പിൽ അദ്ദേഹം പരാജയപ്പെട്ടു

പ്രസിഡന്റ് സ്ഥാനത്തിരിക്കെയാണ് എബ്രഹാം ലിങ്കൺ, 1865 , എബ്രഹാം ഗാർഫീൽഡ്, 1881, വില്യം മക്കിൻലി, 1901, ജോൺ എഫ്. കെന്നഡി, 1963, എന്നിവരെ അക്രമികൾ കൊലപ്പെടുത്തിയത്

വിജയിച്ചതും പരാജയപ്പെട്ടതുമായ പല കൊലപാതക ശ്രമങ്ങളും ചില നയങ്ങളോടുള്ള പ്രതിഷേധ പ്രകടനങ്ങൾ കൂടിയായിരുന്നു. എന്നിരുന്നാലും, അത്തരം എല്ലാ ആക്രമണങ്ങൾക്കും രാഷ്ട്രീയ കാരണങ്ങളുണ്ടായിരുന്നില്ല. പല തരം മാനസിക പ്രശനങ്ങളുണ്ടായിരുന്നവരും ഭ്രാന്തുണ്ടെന്ന് ഡോക്ടർമാർ വിധിയെഴുതിയവരുമെല്ലാം ഈ ആക്രമണകാരികളുടെ ലിസ്റ്റിൽ പെട്ടിട്ടുണ്ട്. എന്നാൽ ചരിത്രകാരനായ ജെയിംസ് ഡബ്ല്യു. ക്ലാർക്ക് അഭിപ്രായപ്പെടുന്നത് കൊലപാതകശ്രമങ്ങൾ നടത്തിയവരിൽ

ഭൂരിഭാഗവും വിവേകശാലികളും രാഷ്ട്രീയ പ്രേരിതരും ആയിരുന്നു എന്നാണ്.

അതേസമയം ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസിന്റെ ലീഗൽ മാന്വൽ അവകാശപ്പെടുന്നത് അക്രമികളിൽ വലിയൊരു ഭൂരിപക്ഷത്തിനും സ്കിസൊഫ്രേനിയ പോലെയുള്ള മാനസിക പ്രശ്നങ്ങൾഉണ്ടായിരുന്നുവെന്നാണ്. .

ചില കൊലയാളികൾ, പ്രത്യേകിച്ച് മാനസികരോഗികൾ, സ്വന്തം നിലയിൽ മാത്രം ആക്രമണം നടത്തിയപ്പോൾ മറ്റുചിലർ ഗൂഢലോചനയുടെ ഭാഗമായുള്ള രാഷ്ട്രീയ അജണ്ടകൾ പിന്തുടർന്നു വന്നവരായിരുന്നു. കൊലപാതകം ആസൂത്രണം ചെയ്തവരിൽ ഭൂരിഭാഗവും അറസ്റ്റു ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തു.

നേരിട്ട് അക്രമിച്ചിട്ടില്ലങ്കിലും എല്ലാക്കാലത്തും ആരിൽ നിന്നെങ്കിലും നേരിട്ടോ അല്ലാതെയോ ഉള്ള ഭീഷണികൾ അമേരിക്കൻ പ്രസിഡന്റുമാസ്ററർക്ക് സ്ഥിരം വരാറുണ്ട്.

ഒരു സാധാരണ പൗരന്റെ ജീവന് നേരെ പോലും ഉണ്ടാകുന്ന ഭീഷണി കുറ്റകരമായ നിയമലംഘനമായിട്ടാണ് അമേരിക്കയിലെ നീതിന്യായ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്ങിനെയാകുമ്പോൾ അമേരിക്കൻ പ്രസിഡന്റിന് നേരെ മുഴക്കുന്ന വധ ഭീഷണി എത്ര പ്രാധാന്യത്തോടെ ആകും എടുക്കുക എന്നുള്ളതിന് ഉത്തമോദാഹരണമാണ് തൊണ്ണൂറുകളിൽ ഡാലസിൽ നടന്ന സംഭവം. ആദ്യം കേൾക്കുമ്പോൾ ഒരു തമാശയായി തോന്നിയെങ്കിലും സംഗതി ഗൗരവമുള്ളതായിരുന്നു.

സദാം ഹുസൈൻ കുവൈറ്റ് ആക്രമിച്ച സമയം. ജോർജ് ബുഷ് ഒന്നാമൻ പ്രസിഡന്റായിരുന്ന സമയം. അമേരിക്കയെ പിന്തുണച്ചും തള്ളിപ്പറഞ്ഞും ലോകരാജ്യങ്ങൾ! അറബ് വിരുദ്ധതയും അമേരിക്കൻ വിരുദ്ധതയും ആൾക്കാരുടെ തർക്കവിഷയങ്ങളവുകയാണ്.

ഒരു ദിവസം അപ്പന് ഒരു ബന്ധുവിന്റെ ഫോൺ കോൾ! ''തങ്കച്ചൻ അറിഞ്ഞാരുന്നോ? നമ്മടെ ജോണിന്റെ മോനില്ലേ സജി!? അവനെയിന്നു പോലീസുകാര് ജോലിയിൽ വന്നുചോദ്യം ചെയ്തെന്നു! വെറും പൊലീസല്ല, സാക്ഷാൽ എഫ്. ബി. ഐ.

എന്താണ് കാരണമെന്നുള്ള ചോദ്യത്തിനുള്ള മറുപടി കേട്ട് ഞെട്ടിയത് അപ്പൻ മാത്രമായിരുന്നില്ല.

ഈ പറഞ്ഞ ജോൺ അങ്കിളിന്റെ മകൻ സജി നാട്ടിൽ നിന്നും വന്നിട്ട് ഒന്നര വർഷമായിക്കാണും. സജിയെ ഹൈസ്കൂളിൽ ചേർക്കുന്ന കാര്യമൊക്കെ ചോദിക്കാൻ അങ്കിൾ എന്നോട് തിരക്കിയത് ഓർമ്മയുണ്ട്. അപ്പനും ജോൺ അങ്കിളും ഒരുമിച്ചു ജോലി ചെയ്തിട്ടുണ്ട്. സജി വന്നു കഴിഞ്ഞു പെൻഷന്റെ പേപ്പറുകൾ ശരിയാക്കാൻ അങ്കിൾ നാട്ടിലേക്കു പോയ സമയമാണ്. അമ്മയോടും ചേട്ടനോടുമൊപ്പമാണ് സജിയുടെ താമസം. രാവിലെ സ്കൂളും വൈകിട്ട് ഒരു മരുന്ന് കമ്പനിയിലെ ജോലിയും കഴിഞ്ഞു സജി തിരിച്ചു വരുന്നത് ഒരു നേരത്താണ്. ഇംഗ്ലീഷ് പറഞ്ഞും പഠിച്ചുമൊക്കെ വരുന്നതേയുള്ളു. എല്ലാവരെയും പോലെ ആദ്യകാല വിഷമങ്ങളിൽകൂടി കടന്നു പോവുകയാണ് അവരും.

അപ്പൻ അറിഞ്ഞ വിവരങ്ങളുടെ നിജസ്ഥിതി അറിയുവാൻ സജിയുടെ അമ്മയെ വിളിക്കുമ്പോൾ അവർ പറഞ്ഞ കഥ ഇങ്ങിനെ.

''ഒന്നും പറയണ്ട തങ്കച്ചാ! ഇവന് പണ്ട് മുതലേ ഒള്ള സ്വഭാവമാ ആവശ്യത്തിനും അനാവശ്യത്തിനും കാണുന്ന പട്ടിയോടും പൂച്ചയോടും വരെ തർക്കിക്കുക എന്നുള്ളത്!

നാട്ടിൽ യെവൻ വെല്യ പാർട്ടിക്കാരനായിരുന്നു. കൊടി പിടിച്ചു അതിലെ നടന്നതിനാണു അവനെ ഉന്തിക്കേറ്റി ഇങ്ങോട്ടു കൊണ്ട് വന്നത്! ഇവടേം അവന്റെ പണി ഇതൊക്ക തന്നെ! ജോലിക്ക് പോയവന് മര്യാദക്കതും ചെയ്തേച്ചു വീട്ടിപ്പോന്നാ പോരെ ?! ദേണ്ടെ കെടക്കുന്നു! അവര് ജോലിന്നു പറഞ്ഞും വിട്ടെന്നാ തോന്നുന്നേ!

സജിയുടെ അമ്മ ഒറ്റ ശ്വാസത്തിൽ പറഞ്ഞു നിർത്തി.

അവൻ എന്നാ കാണിച്ചിട്ടാ പൊന്നമ്മേ ? എന്നാ പറ്റി? പൊന്നമ്മ വെപ്രാളപ്പെടാതെ.. അപ്പൻ പൊന്നമ്മയാന്റിയോട് ആശ്വാസം പറഞ്ഞു. കാര്യങ്ങൾ തിരക്കി.

''ഓ എന്നാ പറയാനാ! .. ഈ ചെറുക്കൻ ജോലിയിലുള്ള ഒരു സായിപ്പുമായി സദാം ഹുസ്സൈന്റേം കുവൈറ്റ് യുദ്ധത്തിന്റെയും മ് കാര്യമൊക്കെ പറഞ്ഞു തർക്കവും വഴക്കുമായി. സദാം ഹുസ്സയിനെ തട്ടിക്കളയണോന്നോ മറ്റോ ആ സായിപ്പ് പറഞ്ഞപ്പോ ഇവൻ പറയുവാ ''അങ്ങനാണേൽ അമേരിക്കൻ പ്രസിഡണ്ടിനേം തട്ടിക്കളയാണോന്നു''!

അത്രേ ഉണ്ടായൊള്ളന്നാ അവൻ പറയുന്നേ! അവൻ ജോലി കഴിഞ്ഞിറങ്ങമ്പോദേ വന്നേക്കുന്നു രണ്ടു മൂന്നു പോലീസുകാരും എഫ് ബി ഐയിന്നോ, എവിടുന്നൊക്കെയാണോ എന്റെ പൊന്നമ്മച്ചിയെ എനിക്കൊന്നും അറിയാൻ മേല! അവര് അവനെ ഒരു മുറി കൊണ്ടിരുത്തി ചോദ്യങ്ങളൊക്ക ചോദിച്ചു. തിരിച്ചും മറിച്ചും കൊറേകാര്യങ്ങളൊക്ക തിരക്കി. അവൻ അമേരിക്കൻ പ്രസിഡന്റിനെ കൊല്ലുമെന്ന് സായിപ്പിനോട് പറഞ്ഞു എന്നതാണ് അവര് പറയുന്ന കുറ്റം. അങ്ങിനെ അവൻ പറഞ്ഞിട്ടുമില്ല. പിന്നെ അവൻ നടന്നതൊക്കെ പറഞ്ഞേച്ചും വന്നു ഇവിടിരിപ്പൊണ്ട്. കേസ് ഒന്നുമില്ല. അവര് ശെരിക്ക് വിരട്ടി. ഇനി മേലാൽ ജോലിയിലിരുന്നു രാഷ്ട്രീയം പറയരുതെന്നു പറഞ്ഞു. മൂന്നു ദിവസം സസ്പെൻഷൻ കൊടുത്തേക്കുവാന്നാ പറഞ്ഞെ! ആർക്കറിയാം! ഇനി എന്നാ നൂലാമാലയൊക്കെയാണോ വരാൻ പോണേ!''


സജിയുടെ അമ്മ പറഞ്ഞു നിർത്തി.

എല്ലാവർക്കും ഞെട്ടലുണ്ടായിക്കിയ ഒരു സംഭവം ആയിരുന്നു അത്. എന്തായാലും സജിയുടെ ചേട്ടൻ ഇടപെട്ടു അവർ ഒരു അറ്റോർണിയെ കാണുകയും മൂന്നു ദിവസത്തെ സസ്പെൻഷന് ശേഷം സജിയെ ജോലിയിൽ തിരിച്ചെടുക്കുകയും ചെയ്തു. കേസ് ഒന്നുംചാർജ് ചെയ്തില്ല. സജിയുടെ റിക്കോർഡിൽ അവർ എന്തൊക്കെയോ എഴുതി ചേർത്തുവെന്നൊക്കെ പിന്നീട് പറയുന്നത് കേട്ടിരുന്നു.

രാഷ്ട്രീയം, മതം, ജാതി ഈ വിഷയങ്ങളൊക്ക ആളും തരവും കണ്ടു സംസാരിക്കേണ്ടിയിടങ്ങളിൽ മാത്രം സംസാരിക്കുക എന്നുള്ള ഒരു ഗുണപാഠം സജിയുടെ ഈ പ്രശ്നം ഞങ്ങളെ പഠിപ്പിച്ചു. ജോലിയിൽ കൂടെയുള്ളവരോട് ഇത്പോലെയുള്ള വെല്ലുവിളികൾക്കും വിവാദങ്ങൾക്കും പോകാതിരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും മനസിലാക്കി തരുന്നതായിരുന്നു ഈ സംഭവം.

എന്തായാലും ഇതിലൊരല്പം വർണ്ണ വിവേചനത്തിന്റെയും വംശ വെറിയുടെയും പ്രശ്നം കൂടിയുണ്ടെന്നുള്ളതും പറയാതെ വയ്യ. ഇന്നും ഇത് പോലെയുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ നമ്മുടെ മലയാളി സമൂഹത്തിൽ നിന്നും കേൾക്കാറുണ്ട്. പുതുതായി വരുന്നവർക്ക് അമേരിക്കയുടെ രീതികളും, മര്യാദകളും പഠിപ്പിച്ചു കൊടുക്കുന്ന ഓറിയെന്റേഷൻ ക്ലാസുകൾ മലയാളി സംഘടനകൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യം ആണെന്നാണ് എന്റെ അഭിപ്രായം. ബന്ധുക്കളോ സുഹൃത്തുക്കളോ ഇല്ലാതെ വരുന്നവർ ഇന്ന് ധാരാളം. അവർക്കൊക്ക തീർച്ചയായും അത് ഉപകാരപ്പെടും.

എന്തായാലും അമേരിക്കയുടെ മുൻ പ്രസിഡന്റ് ട്രംപിന് നേരെ നടന്ന ഹീന കൃത്യതേക്കുറിച്ചു പറഞ്ഞു വന്നപ്പോളാണ് ഈ സംഭവം ഓർമ്മയിൽ വന്നത്. അതൊരിക്കലും സംഭവിക്കരുതായിരുന്നു. വളരെ നിർഭാഗ്യകരം എന്നല്ലാതെ എന്ത് പറയാൻ.


FOMAA TEAM UNITED
2024-26
VOTE
UNITY
OUR
STRENGTH
ANUPAMA KRISHNAN
FOR
JOINT TREASURER
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
SHALU MATHEW
PUNNOOSE
for Vice President
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer
Made with PosterMyWall.com




# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**പാസ്റ്റർ ബെൻ കോശി**

ചിക്കാഗോ: ഐപിസി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ടി സി കോശിയുടെ മകനും ഐപിസി ചിക്കാഗോ സഭയുടെ സഹ ശുശ്രൂഷകനുമായ പാസ്റ്റർ ബെൻ കോശി (54) അന്തരിച്ചു. കല്ലിശ്ശേരി താമരപ്പള്ളിൽ കുടുംബാംഗമായ പരേതൻ കല്ലിശ്ശേരി ഐപിസി സഭയുടെ അംഗമായിരുന്നു. ബാംഗ്ലൂരിൽ നിന്ന് എൻജിനീയറിംഗ് ബിരുദം നേടിയ ശേഷം അമേരിക്കയിൽ എത്തി. ക്രിസ്ത്യൻ ലൈഫ് കോളേ ജ്, ട്രിനിറ്റി ബൈബിൾ സെമിനാരി, ലിബർട്ടി ബൈബിൾ സെമിനാരി എന്നിവിടങ്ങളിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. അനി കോശിയാണ് ഭാര്യ. ആൽഫിൻ കോശി ഏക മകനാണ്. മാതാവ് ചിന്നമ്മ കോശി റാന്നി കപ്പമാമൂട്ടിൽ കുടുംബാംഗമാണ്.



**ചാക്കോ തോമസ്**

ആൽബനി (ന്യൂയോർക്ക്): കോട്ടയം ജില്ലയിലെ പരിയാരത്ത് ഏലക്കാട്ട് കടമ്പനാട്ട് പരേതരായ മാത്യു ചാക്കോയുടെയും ചിന്നമ്മ ചാക്കോയുടേയും മകൻ ചാക്കോ തോമസ് (76) ജൂലൈ 15ന് ന്യൂയോർക്കിലെ ആൽബനിയിൽ അന്തരിച്ചു. ഭാര്യ മറിയാമ്മ തോമസ് മീനടം ചുഴിക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: ബിനോയ് തോമസ്, പരേതയായ ലിൻഡ തോമസ്. മരുമകൾ: ആൻ തോമസ്, കൊച്ചുമകൻ: എയ്ഡൻ.

**മറിയാമ്മ കുര്യൻ**

വാകത്താനം:പുത്തൻചന്ത വെള്ളാംകുന്നേൽ മറിയാമ്മ കുര്യൻ (ലീലാമ്മ-80) അന്തരിച്ചു. ഭർത്താവ്: പരേതനായ ചാണ്ടി കുര്യൻ. മക്കൾ: ജോർജ്, മിനി, സുനി. മരുമക്കൾ: പുതുപ്പള്ളി പാലാ കുന്നേൽ കുഞ്ഞൂഞ്ഞമ്മ,തമ്പി, പുറമറ്റം പ്രാടിയോടത്ത് ജോയി.



**ജേക്കബ്ബ് ജോർജ്**

ഫിലഡൽഫിയ: പുനലൂർ കാവലോട്ട് ബംഗ്ളാവിൽ ജോർജ്ജ് ജോസഫിന്റെയും ചിന്നമ്മ ജോർജിന്റെയും മകൻ ജേക്കബ്ബ് ജോർജ് (സജു - 66) ജൂലൈ ആറിന് ഫിലഡൽഫിയയിൽ അന്തരിച്ചു. കുണ്ടറ വഴിത്താനത്ത് വീട്ടിൽ വി.ഒ. മത്തായി-റാഹേലമ്മ മത്തായി ദമ്പതികളുടെ ഇളയ മകൾ ലിസിമോൾ ആണ് ഭാര്യ. ജോർജ്ജ് ജേക്കബ്ബ് (അരുൺ), നീതു മണത്തറയിൽ എന്നിവർ മക്കളും, ആനി ജോർജ്ജ്, ജോയൽ മണത്തറയിൽ എന്നിവർ മരുമക്കളും, ജോനാഥൻ ജോർജ്ജ്, ജായേൽ മണത്തറയിൽ, മീഖായേൽ മണത്തറയിൽ എന്നിവർ കൊച്ചുമക്കളുമാണ്. സോമി ജോർജ്ജ്, സോഫി ജോർജ്ജ്, സൂസി ജോർജ്ജ്, ജോസഫ് ജോർജ്ജ്, തോമസ് ജോർജ്ജ് , സാലി ജോർജ്ജ് എന്നിവർ സഹോദരങ്ങൾ.



**പോൾ മാക്കിൽ**

ഹൂസ്റ്റൺ: പോൾ മാക്കിൽ (അനിയൻ-56) ഹൂസ്റ്റനിൽ അന്തരിച്ചു. ക്നാനായ കാത്തലിക് സൊസൈറ്റി ഹൂസ്റ്റൺന്റെ സജീവ പ്രവർത്തകനാണ്. ഇന്ത്യൻ എയർഫോഴ്സ് അംഗമായിരുന്നു. പിന്നീട് സഹോദരൻ ജെനിയ്ക്കൊപ്പം ദുബായിൽ ജെനി ഫ്ളവേഴ്സ് എന്ന ബിസ്നസ് സ്ഥാപനം നടത്തി. അമേരിക്കയിലെത്തിയ ശേഷം ഹൂസ്റ്റണിലും ജനി ഫ്ളവേഴ്സിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു. കെസിസിഎൻഎ നാഷണൽ കൗൺസിൽ മെമ്പർ സുനിതാ മാക്കിൽ ആണ് ഭാര്യ. മകൻ എഡ്വിൻ മാക്കിൽ.

**കെ.എം.സുഗതൻ**

കുടമാളൂർ:കോട്ടമുറിയ്ക്കൽ കെ.എം.സുഗതൻ (63) അന്തരിച്ചു. ഭാര്യ: കുമരകം അ ത്തിക്കളത്തിൽ മിനിമോൾ. മക്കൾ: സുമി, സുമേഷ്. മരുമക്കൾ: രതീഷ്, ഷെറീന.



**തോമസ് ഉലഹന്നൻ**

ക്ലീവ്ലാൻഡ് (ജോർജിയ): കൊച്ചി വടക്കേക്കുടി തോമസ് ഉലഹന്നൻ (90) അന്തരിച്ചു. ഭാര്യ: ത്രേസ്യാമ്മ തോമസ് (കുഞ്ഞമ്മ) വേഴപ്ര നെല്ലുവേലിൽ കുടുംബാംഗം. മക്കൾ: റ്റിസൻ തോമസ് (മേരിലാൻഡ്), റ്റിബു തോമസ് (നോർത്ത് കരോളിന), റ്റിജി തോമസ് (ജോർജിയ). മരുമക്കൾ: ആൻസമ്മ സ്കറിയ മഞ്ചേരിക്കളം (ചങ്ങനാശ്ശേരി), സീന ജോസഫ് മാളിയേക്കൽ (തൊടുപുഴ), സിമി ജോസഫ് ഇടയാൽ (മുരിക്കാശ്ശേരി). കൊച്ചു മക്കൾ : ടോം, ടോണി, ജോഷ്വ, ജെ റമി, സി. ജസീന്ത.

**ഗ്രേയ്സിക്കുട്ടി അലക്സ്**

നടയ്ക്കപ്പാടം:മരങ്ങാട്ട് ഗ്രേയ്സിക്കുട്ടി അലക്സ് (85) അന്തരിച്ചു. ഹരിപ്പാട് കാരിച്ചാൽ മണ്ണാച്ചാൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ അലക്സാണ്ടർ കുര്യൻ.



**ജെൻസൻ സാമുവൽ**

ന്യൂയോർക്ക് : ന്യൂയോർക്കിലെ എൽമോണ്ട് നിവാസി ജോസ് സാമുവലിന്റെ മകൻ ജെൻസൻ സാമുവൽ (27) അന്തരിച്ചു.



**റോസമ്മ ജോസഫ്**

തുരുത്തി: നെടുംപറമ്പിൽ പരേതനായ എൻ.ടി. ജോബിന്റെ ഭാര്യ റോസമ്മ ജോസഫ് (ലില്ലിക്കുട്ടി-76, ചങ്ങനാശേരി അസംപ്ഷൻ കോളജ് റിട്ട. സൂപ്രണ്ട്) നിര്യാതയായി.മക്കൾ: സ്വപ്നാമ്മ (യുഎസ്എ), സോളി (എറണാകുളം).



**സാറാമ്മ ഉമ്മൻ**

ഡാളസ് :സാറാമ്മ ഉമ്മൻ (70) ഡാളസ്സിൽ അന്തരിച്ചു. കുന്നിൽ എബ്രഹാം കെ. ഉമ്മന്റെ ഭാര്യയും,ഡാളസ് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി അംഗവുമാണ്. മക്കൾ : നാൻസി മോൻസി വർക്കി, ലിൻസി & ഡെന്നി തോമസ്.

**മേരി മധു**

ഇടയപ്പാറ:താന്നിയ്ക്കൽ മേരി മധു (ജാൻസി47) അന്തരിച്ചു. ഭർത്താവ്: മധു. മക്കൾ: ജിതിൻ, ലിൻഡ, പരേതനായ നിധിൻ.

**ജോസഫ് മാത്യു**

കൊടുപ്പുന്ന:നെല്ലാക്കുന്നിൽ ജോസഫ് മാത്യു (89) അന്തരിച്ചു. ഭാര്യ: വല്ലിശ്ശേരി ത്രേസ്യാമ്മ മാത്യു. മക്കൾ: ജിമ്മി മാത്യു, ശോഭ മാത്യു, തോമസ് മാത്യു, സോണി മാത്യു. മരുമക്കൾ: നിർമല ജിമ്മി, കെ.സി.മാത്യു കാഞ്ഞൂപ്പറമ്പ്, സാജു ജോർജ്.



**അന്നമ്മ ജോസഫ്**

ന്യൂയോർക്ക്: മാവേലിക്കര, കല്ലിമേൽ ഒളശ്ശയിൽ അന്നമ്മ ജോസഫ് (അനു -71) ന്യൂ യോർക്കിൽ അന്തരിച്ചു. കുമരകം മുറ്റത്തുവാ ക്കൽ കുടുംബാംഗമാണ്. ഭർത്താവ് ജോസഫ് സൈമൺ.മക്കൾ ബെറ്റ്സി ഷൈബു, ബോണി ജോസഫ് (ന്യൂയോർക്ക്) , മരുമക്കൾ ഷൈബു, ജെറി (ന്യൂയോർക്ക്).

**ഡേവിഡ് ജോൺ**

തുമ്പമൺ:റിട്ട. പ്രധാനാധ്യാപകൻ തെക്കേടത്ത് താഴെതിൽ കുച്ചിയിൽ ഡേവിഡ് ജോൺ (93) അന്തരിച്ചു.ഭാര്യ: ഏനാത്ത് കാവനാൽ പരേതയായ അമ്മുക്കുട്ടി, മക്കൾ: രവി ഡേവിഡ് (സെന്റ് മേരീസ് മെഡിക്കൽസ് പന്തളം), സോണി ഡേവിഡ്, സീന ഡേവിഡ്. മരുമക്കൾ: റെജി പുത്തൻവീട്ടിൽ (ചെങ്ങന്നൂർ), മായ കനകത്തിൽ (കോട്ടയം).



**എലിസബത്ത് പോൾ**

ന്യൂജേഴ്സി: പരേതനായ കാരിയമഠം പോളിന്റെ ഭാര്യ എലിസബത്ത് പോൾ ജൂലൈ 13 ശനിയാഴ്ച്ച ന്യൂജേഴ്സിയിൽ അന്തരിച്ചു. മേഴ്സി പോൾ (അരൂജ) മകളും, ജോനാ, ജൊവാന, ജോവിത്ത് കൊച്ചുമക്കളും, മേരി കുറിച്ചി, മരിയ ഗോരേത്തി പൂവത്തുങ്കൽ എന്നിവർ സഹോദരിമാരുമാണ്.

**മറിയാമ്മ ജോസഫ്**

പായിപ്പാട്:വെട്ടികാട് കണ്ണൻങ്കേരി മറിയാമ്മ ജോസഫ് (75) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.പി. ജോസഫ്. മക്കൾ: റെനി റോയി, വിൻസു ബിജു, ബോബി ജോസഫ്, ബിബി ജോസഫ് മരുമക്കൾ: റോയി ഐസക് (കടന്തോട്), ബിജു തോമസ് (വളവനാൽ), ജിസ്സ് ജോസഫ് (കരിങ്ങണമറ്റം), മായ മാത്യു കിഴക്കേൽ.



**എം.എ.സുനു**

മാവേലിക്കര: ഇവന്റ് മാനേജ്മെന്റ് കമ്പനി കൊച്ചി കലൂർ ഫില്ലർ ആഡ്സ് സിഇഒ എം.എ.സുനു (53) അന്തരിച്ചു.പരേതനായ എം.കെ.ഏബ്രഹാമിന്റെയും സൂസിയുടെയും മകനാണ്. സഹോദരൻ: എം.എ.അലക്സ്.ഫൊക്കാന-ഫോമ ഉൾപ്പെടെയുള്ള പല പ്രമുഖ സംഘടനകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഇവന്റ് മാനേജ്മെന്റിലൂടെ അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാണ്.

**കമലമ്മ കേശവൻ**

മൂലവട്ടം:അശാരിപറമ്പിൽ കമലമ്മ കേശവൻ (89) അന്തരിച്ചു. ഭർത്താവ്: പരേതനായ കേശവൻ. മക്കൾ: പരേതനായ സലിം, പ്രകാശ്, ഷാജി, ഷിബു, ഉഷ, ഷീല. മരുമക്കൾ: രമ സലിം, ശോഭ പ്രകാശ്, സിന്ധു ഷാജി, അനിത, ഷാജി സാബു.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News